**ധനകാര്യം**

## 2026-2027 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബജറ്റിനെ സംബന്ധിക്കുന്ന പൊതുചർച്ച

ശ്രീ. കെ. വി. സുമേഷ്: സർ, നാളത്തെ കേരളത്തിനുവേണ്ടിയുള്ള സമഗ്രമായ കാഴ്ചപ്പാടോടുകൂടിയാണ് ശ്രീ. പിണറായി വിജയൻ നേതൃത്വം നൽകുന്ന രണ്ടാം എൽ.ഡി.എഫ്. സർക്കാരിന്റെ ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എൻ. ബാലഗോപാൽ ഈ ബജറ്റ് അവതരിപ്പിച്ചത്. ആധുനിക കേരളത്തിന്റെ വളർച്ചയിൽ നാം അഭിമുഖീകരിക്കുന്ന ഒട്ടേറെ പുതിയ പ്രശ്നങ്ങളുണ്ട്. സംസ്ഥാനത്ത് വലിയതോതിൽ സംഭവിക്കുന്ന നഗരവൽക്കരണം മുന്നിൽക്കണ്ടുകൊണ്ടും കേരളത്തിന്റെ പരമ്പരാഗത മേഖലയെ വളരെ സൂക്ഷ്മമായി വിലയിരുത്തിക്കൊണ്ടും അതിന്റെ ആധുനികവൽക്കരണത്തിന് സഹായകരമാകുന്ന ഒട്ടേറെ കാഴ്ചപ്പാടുകളാണ് ഈ ബജറ്റിന്റെ ഭാഗമായി മുന്നോട്ടുവച്ചിട്ടുള്ളത്. കേന്ദ്രസർക്കാർ കേരളത്തോട് സ്വീകരിച്ചിരിക്കുന്നത് അങ്ങേയറ്റത്തെ ശത്രുതാപരമായ നിലപാടുകളാണ്. സാമ്പത്തികമായി കേരളത്തെ തകർക്കാൻ ആസൂത്രിതമായ ശ്രമം നടത്തുന്നുവെന്ന് കഴിഞ്ഞ ദിവസം കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രി ശ്രീമതി

നിർമല സീതാരാമൻ അവതരിപ്പിച്ച കേന്ദ്ര ബജറ്റ് പരിശോധിച്ചാൽ മനസ്സിലാക്കാവുന്നതാണ്. കേന്ദ്ര ബജറ്റ് അങ്ങേയറ്റത്തെ ശൂന്യതയാണ് കേരളത്തിന് നൽകിയിട്ടുള്ളത്. കേരളം ഇന്ത്യയ്ക്കും ലോകത്തിനുംതന്നെ മാതൃകയായിക്കൊണ്ടിരിക്കുന്നത് ഈ ഘട്ടത്തിലാണ്. കേരളം നേരത്തെതന്നെ അംഗീകരിച്ചിട്ടുള്ള നഗരാസൂത്രണ പോളിസിക്ക് ഒരു നഗരാസൂത്രണ കൗൺസിൽ രൂപീകരിക്കുന്നതിന്റെ ആവശ്യകതയെപ്പറ്റി ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ഇന്ത്യയ്ക്കും ലോകത്തിനുംതന്നെ മാതൃകയായ സംസ്ഥാനമായി കേരളത്തെ വളർത്തിയെടുക്കാനാണ് കഴിഞ്ഞ പത്തുവർഷക്കാലമായി ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ ശ്രമിച്ചുകൊണ്ടിരിക്കുന്നത്. 'ഞങ്ങൾ നെഹ്റൂവിയൻ ലെഫ്റ്റാണെന്ന്' കഴിഞ്ഞ ദിവസങ്ങളിൽ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ഇവിടെ പറയുകയുണ്ടായി. ഇന്ത്യയിലും കേരളത്തിലും നിങ്ങൾ എന്ത് നെഹ്റൂവിയൻ ലെഫ്റ്റ് കാഴ്ചപ്പാടാണ് മുന്നോട്ടുവച്ചിരിക്കുന്നത്? ഇന്ന് ലോകത്ത് നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന വലതുപക്ഷ തീവ്രസാമ്പത്തിക പരിഷ്കാര നയങ്ങൾക്കെതിരെ ഇന്ത്യയിൽ ഒരു ഓൾട്ടർനേറ്റീവ് ചൂണ്ടിക്കാണിച്ചാൽ അത് ശ്രീ. പിണറായി വിജയൻ

നേതൃത്വം നൽകുന്ന ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരാണെന്ന് കാണാൻകഴിയും. ഈ സർക്കാർ ചേർത്തുപിടിക്കാത്ത ഏത് ജനവിഭാഗമാണുള്ളത്; കേരളത്തിലെ യു.ഡി.എഫ്. ഭരണകാലത്തുണ്ടായ ഒരുപാട് അനുഭവങ്ങൾ നമ്മുടെ മുന്നിലുണ്ട്. സാധാരണ ജനങ്ങളുടെ ക്ഷേമ പദ്ധതികളിൽ കുടിശ്ശിക വരുത്തിയ യു.ഡി.എഫ്. ഗവൺമെന്റിന് കേരളത്തിന്റെ വികസന രംഗത്ത് ആധുനിക രീതിയിലുള്ള കാഴ്ചപ്പാടുകളൊന്നും അവതരിപ്പിക്കാൻ സാധിച്ചുമില്ല. ഇപ്പോഴത്തെ ബഹുമാന്യനായ പ്രതിപക്ഷ നേതാവ് അന്ന് ഭരണപക്ഷ നിരയിലെ പ്രധാനപ്പെട്ട ഒരു വക്താവായിരുന്നു. അന്നത്തെ യു.ഡി.എഫ്. സർക്കാരിനെ ചൂണ്ടിക്കാണിച്ചുകൊണ്ട് കേരളത്തിൽ നടക്കുന്നത് തീവെട്ടി കൊള്ളയാണെന്ന് അദ്ദേഹം നടത്തിയ പ്രസംഗമുണ്ട്. സോളാർ ഉൾപ്പെടെ അന്ന് ഉയർന്നുവന്നിട്ടുള്ള ഒരുപാട് ആക്ഷേപങ്ങളുണ്ട്. കേരളം വീണ്ടും ഒരു നിയമസഭാ തിരഞ്ഞെടുപ്പിനെ നേരിടാൻ പോവുകയാണ്. കേരളത്തിന്റെ രാഷ്ട്രീയ സംസ്കാരത്തിന് യോജിക്കാൻ കഴിയാത്ത ഒരുപാട് കാര്യങ്ങൾ ഈ ഘട്ടത്തിൽ ഉയർന്നുവന്നിട്ടുണ്ട്. കേരളത്തിൽ ഉണ്ടായിട്ടുള്ള വലിയ വികസനക്കുതിപ്പിനൊപ്പം സാംസ്കാരിക-രാഷ്ട്രീയ രംഗത്ത് കേരളം

ഉയർത്തിപ്പിടിക്കുന്ന സംസ്കാരത്തെ സംരക്ഷിക്കാനും ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ പത്തുവർഷക്കാല ഭരണത്തിന് സാധിച്ചിട്ടുണ്ട്. പ്രതിപക്ഷത്തിന് സ്ഥലജല വിഭ്രാന്തിയാണെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ബഹുമാനപ്പെട്ട നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രിയും തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രിയും ഇന്ന് ഇവിടെ സൂചിപ്പിക്കുകയുണ്ടായി. കേരളത്തിൽ യു.ഡി.എഫ്. ഉണ്ടാക്കിയെടുക്കാൻ ശ്രമിക്കുന്ന നരേറ്റീവ് എന്താണ്; വരുന്ന നിയമസഭാ തിരഞ്ഞെടുപ്പിന്റെ ഭാഗമായി ഇടതുപക്ഷ ജനാധിപത്യമുന്നണിയെ വക്രീകരിച്ച് അപകീർത്തിപ്പെടുത്തുന്ന കഥകളുണ്ടാക്കി ദുർബലപ്പെടുത്താനുള്ള ഒരു ആസൂത്രിത നീക്കമാണ് യു.ഡി.എഫ്. നടത്തിക്കൊണ്ടിരിക്കുന്നത്. കേരളത്തിലെ ഏറ്റവും വലിയ വിശ്വാസ കേന്ദ്രമാണ് ശബരിമല. ശബരിമലയുമായി ബന്ധപ്പെട്ട് ഉയർന്നുവരുന്ന വിഷയങ്ങളെ രാഷ്ട്രീയമായി നേരിടാനല്ല ഈ സർക്കാർ ആദ്യംമുതൽ ശ്രമിച്ചത്. ഹൈക്കോടതിയുടെ മേൽനോട്ടത്തിൽ നടക്കുന്ന എസ്.ഐ.ടി. അന്വേഷണത്തിൽ സർക്കാർ ഒരുഘട്ടത്തിലും ഇടപെട്ടിട്ടില്ലായെന്നത് ബഹുമാനപ്പെട്ട മുഖ്യമന്ത്രി കേരളത്തിലെ വിശ്വാസി ജനങ്ങൾക്ക് നൽകിയ

ഉറപ്പാണ്. ശബരിമലയുമായി ബന്ധപ്പെട്ട വിഷയത്തെ ഞങ്ങൾ രാഷ്ട്രീയമായി കണ്ടിട്ടില്ല. ഇതുമായി ബന്ധപ്പെട്ട രാഷ്ട്രീയ ചോദ്യങ്ങൾക്ക് രാഷ്ട്രീയപരമായി മറുപടി പറയാൻ കേരളത്തിലെ പ്രതിപക്ഷത്തിന് സാധിക്കുന്നില്ല. 2004 കാലഘട്ടത്തിൽ കേരളത്തിൽ ഭരണം നടത്തിയത് യു.ഡി.എഫ്. സർക്കാർ ആയിരുന്നു. അന്ന് എങ്ങനെയാണ് ഉണ്ണികൃഷ്ണൻ പോറ്റി ശബരിമലയിൽ എത്തിയത്; അന്ന് കേരളത്തിന്റെ ദേവസ്വം വകുപ്പുമന്ത്രിയും പ്രസിഡന്റും ആരെല്ലാമായിരുന്നു; ഇന്ത്യയിലെ ഏറ്റവും പ്രധാനപ്പെട്ട രാഷ്ട്രീയ നേതാവായ ബഹുമാന്യയായ സോണിയാ ഗാന്ധിയെ പോറ്റിക്കും സ്വർണ്ണം കട്ട ആൾക്കും സ്വർണ്ണം വാങ്ങിയ ആൾക്കും രണ്ടുതവണ സന്ദർശിക്കാനുള്ള സാഹചര്യം ശ്രീ. ആന്റോ ആന്റണിയും ശ്രീ. അടൂർ പ്രകാശും എങ്ങനെയാണ് സൃഷ്ടിച്ചത്? ചിതലരിച്ചെന്ന പേരിൽ കൊടിമരം മാറ്റിയതിൽ ശ്രീ. അജയ് തറയിൽ ഉൾപ്പെടെയുള്ള കോൺഗ്രസ് നേതാക്കന്മാർ ഉൾപ്പെട്ടിട്ടുണ്ട്. എന്തുകൊണ്ടാണ് ഇക്കാര്യത്തെ സംബന്ധിച്ചെല്ലാം രാഷ്ട്രീയമായി മറുപടി പറയാൻ യു.ഡി.എഫ്.-ന് സാധിക്കാത്തത്; രാഷ്ട്രീയപരമായി ഈ വിഷയത്തെ ഞങ്ങൾ കാണുന്നില്ല. തെറ്റായ രീതിയിൽ ഒരുതരി സ്വർണ്ണമെങ്കിലും ശബരിമലയിൽനിന്നും

കവർന്നിട്ടുണ്ടെങ്കിൽ അത് തിരിച്ചുപിടിക്കുമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ഹൈക്കോടതിയും കേരളത്തിലെ വിശ്വാസികൾക്ക് നൽകിയ ഒരു ഉറപ്പുണ്ട്. ഇതുസംബന്ധിച്ച് നിയമസഭയിൽ പ്രതിപക്ഷം നടത്തിയ പ്രകടനം ഇന്ന് എല്ലാവരും കണ്ടല്ലോ; പ്രതിപക്ഷം എന്തിനാണ് ഇപ്രകാരം പ്രകടനം നടത്തുന്നത്; ബഹുമാനപ്പെട്ട സ്പീക്കറെ നേരെ മുന്നിൽനിന്ന് ആക്രമിക്കാനായി ശ്രീ. അൻവർ സാദത്തും ബഹുമാനപ്പെട്ട മൂവാറ്റുപുഴ അംഗവും ചാടിക്കയറുന്നത് എല്ലാവരും കണ്ടതല്ലേ; തദ്ദേശസ്വയംഭരണ തിരഞ്ഞെടുപ്പിന്റെ ഭാഗമായി കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യമുന്നണിയെ ഇല്ലാതാക്കാൻ നടത്തിയ ആസൂത്രിതമായ ശ്രമങ്ങളെക്കുറിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി കഴിഞ്ഞ ദിവസം ഈ സഭയിൽ പറഞ്ഞതാണ്. തദ്ദേശസ്വയംഭരണ തിരഞ്ഞെടുപ്പിന്റെ ഭാഗമായുണ്ടായ പരാജയത്തിന്റെ കാരണം സൂക്ഷ്മമായി പഠിച്ച് തിരുത്തിയും ജനങ്ങളുമായുള്ള സമ്പർക്കത്തിലൂടെയുമാണ് ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാർ വരുന്ന നിയമസഭാ തിരഞ്ഞെടുപ്പിനെ നേരിടാൻ പോകുന്നത്. എസ്.ഐ.ആർ. കൊണ്ടുവന്നതും അത് നടപ്പിലാക്കുന്നതും ശ്രീ. പിണറായി വിജയൻ ആണെന്നുമുള്ള അങ്ങേയറ്റത്തെ കള്ളത്തരങ്ങളല്ലേ നിങ്ങൾ

പ്രചരിപ്പിക്കുന്നത്. എൽ.ഡി.എഫ്.-ന് വോട്ടുചെയ്താൽ ശ്രീ. നരേന്ദ്ര മോദിക്ക് വോട്ട് ചെയ്യുന്നതിന് തുല്യമാണെന്നും നിങ്ങൾക്ക് ബംഗ്ലാദേശിലേയ്ക്കും പാക്കിസ്ഥാനിലേയ്ക്കും പോകേണ്ടിവരുമെന്നുള്ള തരത്തിൽ ഇടതുപക്ഷത്തിനെതിരെ വീടുകൾതോറും കയറി നിങ്ങൾ ദുഷ്പ്രചാരണം നടത്തിയില്ലേ; ആരാണ് എസ്.ഐ.ആർ. കൊണ്ടുവന്നത്; ഒരാളുടെപോലും വോട്ടവകാശം നഷ്ടപ്പെടാൻ പാടില്ലെന്നുള്ള ശക്തമായ നിലപാട് സ്വീകരിച്ച് ശ്രീ. പിണറായി വിജയൻ സർക്കാർ നൽകിയ ഹർജിയുടെ അടിസ്ഥാനത്തിലാണ് ബഹുമാനപ്പെട്ട സുപ്രീംകോടതി എസ്.ഐ.ആർ. അപേക്ഷ സമർപ്പിക്കാനുള്ള തീയതി നീട്ടി നൽകിയത്. ന്യൂനപക്ഷ സമൂഹങ്ങൾക്കിടയിൽ ഭയം ഉണ്ടാക്കുകയാണ് കോൺഗ്രസ് ചെയ്യുന്നത്. ലോക്സഭാ ഇലക്ഷനിൽ തങ്ങൾക്കുണ്ടായ മേൽക്കൈയുടെ ഭാഗമായി കേരളത്തിലെ ഇടതുപക്ഷത്തെ പിന്തുണയ്ക്കുന്ന ന്യൂനപക്ഷത്തെ ഇടതുപക്ഷ വിരുദ്ധരാക്കാനുള്ള ആസൂത്രിതമായ ഒരു നീക്കം ഉണ്ടാകുന്നുണ്ട്. ഇതിന്റെ ഭാഗമായി ഒട്ടേറെ പ്രസംഗങ്ങളും ശരിയല്ലാത്ത നടപടികളും സ്വീകരിക്കുകയുണ്ടായി. വർഗീയതയ്ക്കെതിരെ എക്കാലത്തും ശരിയായ നിലപാടുകൾ സ്വീകരിച്ചിട്ടുള്ളത് ആരാണ്; കേരളത്തിലെ മുഖ്യമന്ത്രിയെയും

സർക്കാരിനെയും വക്രീകരിച്ച് മോശമായി ചിത്രീകരിക്കാനുള്ള ശ്രമങ്ങളാണ് ഇതിന്റെ ഭാഗമായി നടക്കുന്നത്. സംഘ്പരിവാറിന്റെയോ മറ്റേതെങ്കിലും വർഗീയ ശക്തികൾക്ക് മുന്നിലോ ജീവനുള്ള കാലത്തോളം കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് ഇന്ത്യ (മാർക്സിസ്റ്റ്)-ഉം ഇടതുപക്ഷവും ഒരിഞ്ചുപോലും സറണ്ടർ ചെയ്യില്ലെന്ന് കേരളത്തിലെ ജനങ്ങളോട് ഞങ്ങൾ പ്രഖ്യാപിച്ചിട്ടുണ്ട്. ഞങ്ങളെ ഇല്ലാതാക്കിയല്ലാതെ കേരളത്തിലെ ഒരു മതന്യൂനപക്ഷ സമൂഹങ്ങളെയും തൊടാൻ അനുവദിക്കില്ലെന്ന് പ്രഖ്യാപിച്ച ഇടതുപക്ഷ രാഷ്ട്രീയത്തെയാണ് അഭിമാനകരമായി ഞങ്ങൾ മുന്നോട്ടുവച്ചിട്ടുള്ളത്. ഇടതുപക്ഷത്തെ ന്യൂനപക്ഷ വിരുദ്ധരായി ചിത്രീകരിക്കാനുള്ള ആസൂത്രിതമായ ശ്രമമാണ് നാം കേരളത്തിൽ കണ്ടുകൊണ്ടിരിക്കുന്നത്. വരുന്ന നിയമസഭാ തിരഞ്ഞെടുപ്പിനെ മുൻനിർത്തി അപവാദ കഥകളിലൂടെ കേരളത്തിലെ ജനങ്ങൾക്കിടയിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കുള്ള വലിയ സ്വീകാര്യത നഷ്ടപ്പെടുത്താനാണ് യു.ഡി.എഫ്. ശ്രമിക്കുന്നത്. കഴിഞ്ഞ പത്തുവർഷക്കാലമായി സർക്കാർ ചേർത്തുപിടിക്കാത്ത ഒരൊറ്റ ജനവിഭാഗങ്ങളുമില്ല. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഏറ്റവും അവസാനം അവതരിപ്പിച്ച ബജറ്റിൽ ഓട്ടോറിക്ഷ

തൊഴിലാളികൾ, ലൈബ്രേറിയൻമാർ, ആശാവർക്കർമാർ, അങ്കണവാടി ടീച്ചർമാർ, പാചക തൊഴിലാളികൾ, സമൂഹത്തിന്റെ അടിസ്ഥാന തലത്തിൽ തൊഴിൽ ചെയ്യുന്നവർ എന്നിവരെയെല്ലാം ചേർത്തുപിടിച്ചുകൊണ്ടുള്ള ഒരു വികസന കാഴ്ചപ്പാടാണ് മുന്നോട്ടുവയ്ക്കുന്നത്. ആധുനികവും സമഗ്രവുമായ വികസന കാഴ്ചപ്പാടിലേയ്ക്കാണ് സർക്കാർ കേരളത്തെ കൊണ്ടുപോയിക്കൊണ്ടിരിക്കുന്നത്. അതിനെ നേരിടാനോ അഭിമുഖീകരിക്കാനോ പ്രതിപക്ഷത്തിന് കഴിയുന്നില്ല. ക്രിയാത്മകമായ പ്രതിപക്ഷമെന്ന് പറഞ്ഞവർ തന്നെ ആക്രമോത്സുകമായ പ്രതിപക്ഷമായി മാറുന്ന കാഴ്ചയാണ് ഈ ബജറ്റ് ചർച്ചയുടെ അവസാനഘട്ടത്തിൽ കാണാൻ സാധിക്കുന്നത്. കേരളത്തിലെ ജനവിഭാഗങ്ങൾക്ക് ഇടതുപക്ഷ ജനാധിപത്യമുന്നണിയെ അറിയാം. ശ്രീ. സുനിൽ കനഗോലുവിന്റെ അപവാദ പ്രചാരണ തന്ത്രങ്ങളുമായാണ് ഞങ്ങൾക്ക് ഏറ്റുമുട്ടേണ്ടിവരുന്നതെന്നുള്ള യാഥാർഥ്യബോധം ഞങ്ങൾക്കുണ്ട്. തീർച്ചയായും ഈ ബജറ്റ് കേരളത്തിലെ ജനങ്ങൾക്ക് പ്രതീക്ഷ നൽകുന്നതാണ്. അപവാദ പ്രചാരണങ്ങളുടെ നണക്കോട്ടകളെ തകർത്ത് കേരളത്തിലെ ജനങ്ങൾ വരുംനാളുകളിൽ ഇടതുപക്ഷ ജനാധിപത്യ

മുന്നണിയുടെ വികസന കാഴ്ചപാടിന്റെ കൂടെ അണിചേരുകതന്നെ ചെയ്യുമെന്ന് ഈ അവസരത്തിൽ പറയുകയാണ്. അതിനാവശ്യമായ അതിശക്തമായ ഇടപെടലുകളാണ് കേരളത്തിലെ ഇടതുപക്ഷം മുന്നോട്ടുവയ്ക്കുന്നത്. അതിന് കരുത്തുപകരുന്ന തരത്തലുള്ളതാണ് ഈ ബജറ്റ്. അതിന് എല്ലാവിധ പിന്തുണയും അറിയിച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

<u>ശ്രീ. പി. എസ്. സുപാൽ</u>: സർ, ഞാൻ ഈ ബജറ്റിനെ ശക്തമായി പിന്തുണയ്ക്കുന്നു. പ്രതിപക്ഷ നാടകമാണ് നമ്മൾ ഇന്ന് ഈ സഭയിൽ കണ്ടത്. ജനകീയ പ്രശ്നങ്ങളിൽനിന്നും കാര്യങ്ങൾ വഴിതിരിച്ചുവിടാൻ അവർ ശ്രമിക്കുകയാണ്. ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ നിർദേശമനുസരിച്ചുള്ള എസ്.ഐ.ടി. അന്വേഷണമാണ് നടക്കുന്നതെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും നിയമ വകുപ്പുമന്ത്രിയും പറയുകയുണ്ടായി. ഇതിലെ പ്രധാന പ്രതി ഉണ്ണികൃഷ്ണൻ പോറ്റിയാണല്ലോ; കോൺഗ്രസ് എം.പി.-യോടൊപ്പം അദ്ദേഹം എത്ര തവണയാണ് ശ്രീമതി സോണിയ ഗാന്ധിയുടെ വീട്ടിൽ പോയത്; അതിനെക്കുറിച്ച് ഇവർക്ക് മറുപടിയൊന്നുമില്ലല്ലോ; കോൺക്രീറ്റ് കൊടിമരം ചിതലരിച്ചുവെന്ന റിപ്പോർട്ട് കൊടുത്തതാരാണ്; ശബരിമലയുമായി ബന്ധപ്പെട്ട ക്രമക്കേടുകളുടെ മുഖ്യപങ്കാളികൾ

എന്നുപറയുന്നത് കോൺഗ്രസാണ്. ഉപ്പുതിന്നവൻ ആരായാലും വെള്ളം കുടിക്കണമെന്ന ശക്തമായ നിലപാടാണ് ഇടതുപക്ഷം സ്വീകരിച്ചത്. ശബരിമല വിഷയത്തിൽ ഹൈക്കോടതിയുടെ നിരീക്ഷണത്തിൽ ശക്തമായ അന്വേഷണം നടക്കുകയാണ്. കനഗോലുവിന്റെ നിർദേശമനുസരിച്ചാണ് ഇപ്പോൾ യു.ഡി.എഫ്. കേരളത്തിലെ കാര്യങ്ങളിൽ തീരുമാനമെടുക്കുന്നത്. കേരളത്തിന്റെ പ്രതിപക്ഷനേതാവ് ആരാണെന്ന് ചോദിച്ചാൽ അത് ശ്രീ. വി. ഡി. സതീശൻ അല്ല, കനഗോലുവാണ്. അദ്ദേഹത്തിന്റെ നിർദേശമനുസരിച്ചാണ് ഇവിടെ കാര്യങ്ങൾ നടക്കുന്നത്. ശ്രീ. വി. ഡി. സതീശൻ വെറും ഡമ്മിയാണ്. ആ സീറ്റിൽ ഇരിക്കുന്നുവെന്ന് മാത്രമേയുള്ളൂ. ചരിത്രത്തിലെ ഏറ്റവും വലിയ അവഗണനയാണ് കേരളത്തോട് കേന്ദ്ര ഗവൺമെന്റ് സ്വീകരിച്ചിരിക്കുന്നത്. കേരളീയരെ പരിഹസിക്കുകയല്ലേ ചെയ്യുന്നത്. ഹൈസ്പീഡ് റെയിൽ ഇല്ല, വിഴിഞ്ഞത്തിന് സഹായമില്ല, റെയിൽവേ സോണില്ല, ശബരി റെയിൽപാതയ്ക്ക് പണമില്ല, എയിംസ് ഇല്ല. എയിംസ് വരുമെന്ന് പറഞ്ഞ ഒരു കേന്ദ്ര മന്ത്രിയുണ്ട്. അദ്ദേഹം പറഞ്ഞ വാക്കുകളൊന്നും ഞാൻ ഇവിടെ പറയുന്നില്ല. അതിനെതിരെ കേരളത്തിലെ ജനങ്ങളെല്ലാം പ്രതികരിച്ചുകൊണ്ടിരിക്കുകയാണ്. ആമയെ സംരക്ഷിക്കുന്ന

പദ്ധതിയൊക്കെ നല്ലതാണ്. പക്ഷെ മനുഷ്യനെ സഹായിക്കുന്ന പദ്ധതികൂടെ വേണ്ടേ; കേന്ദ്രഗവൺമെന്റ് കേരളത്തിനായി 'അപൂർവ്വ ധാതു ഇടനാഴി' പദ്ധതി പ്രഖ്യാപിച്ചു. അത് സ്വകാര്യ-കുത്തക ലോബികളെ സഹായിക്കാനും കേരളത്തിന്റെ ധാതുസമ്പത്ത് സ്വകാര്യമേഖലയ്ക്ക് തീറെഴുതാനും വേണ്ടിയല്ലേ; കഴിഞ്ഞ പത്തുപന്ത്രണ്ട് വർഷങ്ങളായി രാജ്യം മോദി ഭരിക്കുകയാണ്. കേരളത്തിന് എന്തെങ്കിലും നൽകിയിട്ടുണ്ടോ; ഒന്നും നൽകിയിട്ടില്ല. ഇടയ്ക്കിടെ അദ്ദേഹം കേരളത്തിൽ വന്ന് മൈതാന പ്രസംഗം നടത്തുകയും മേയറെ കെട്ടിപ്പിടിക്കുകയും തിരിച്ചുപോകുകയും ചെയ്യും. എന്നാൽ, ഒരു സഹായവും അനുവദിച്ചില്ല. നഗരവികസനത്തിനായി ഒരു ബ്ലൂപ്രിന്റുമില്ല. കേരളത്തിലെ ബി.ജെ.പി. നേതാക്കൾ വലിയ വായിലാണ് വർത്തമാനം പറയുന്നത്. യഥാർഥത്തിൽ ബി.ജെ.പി. എന്നുപറയുന്ന പാർട്ടി വടക്കേ ഇന്ത്യൻ ലോബി നിയന്ത്രിക്കുന്ന പാർട്ടിയാണ്. കേരളം ഉൾപ്പെടെയുള്ള ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളോടും ജനങ്ങളോടും പരമപുച്ഛമുള്ളൊരു പാർട്ടിയാണ്. അവർ കേരളത്തെ സഹായിക്കില്ല എന്നുമാത്രമല്ല കേരളത്തെ ദ്രോഹിക്കുമെന്ന കാര്യത്തിൽ ഒരു സംശയവുമില്ല. യഥാർഥത്തിൽ കേന്ദ്ര ഗവൺമെന്റ് കേരളത്തോട് എപ്പോഴും അവഗണനയല്ലേ കാണിച്ചിട്ടുള്ളൂ;

ഏതെങ്കിലുമൊരു പദ്ധതി നമുക്ക് നൽകിയിട്ടുണ്ടോ; ഇവിടെ 2018-ലും 2019-ലും പ്രളയ ദുരന്തമുണ്ടായി. ഒരു സഹായവും ചെയ്തിട്ടില്ല. നമ്മുടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ, കേരളം അതിന്റെ കരുത്തുകൊണ്ട് മുന്നോട്ടുപോയതാണ്. വയനാട് ദുരന്തവുമായി ബന്ധപ്പെട്ട് പ്രധാനമന്ത്രി മീറ്റിങ് വിളിക്കുകയും സ്ഥലം സന്ദർശിക്കുകയും പ്രഖ്യാപനങ്ങൾ നടത്തുകയും ചെയ്തു. എന്നാൽ ഒരു സഹായവും വയനാടിനായി ഉണ്ടായില്ല. പൊതുമേഖലാ ബാങ്കുകളുമായി ബന്ധപ്പെട്ട കടം എഴുതിത്തള്ളുമെന്ന് പറഞ്ഞെങ്കിലും എഴുതിത്തള്ളിയില്ല. കേരളത്തിലെ ഇച്ഛാശക്തിയുള്ള ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് ആ ദുരന്തത്തിന് ഇരയായവരെ ചേർത്തുപിടിച്ചുകൊണ്ട് അവരുടെ പുനരധിവാസവുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങൾക്കും ശക്തമായി നേതൃത്വം നൽകിക്കൊണ്ടിരിക്കുകയാണ്. കോൺഗ്രസ് പാർട്ടി നിർമ്മിച്ചുനൽകാമെന്ന് പറഞ്ഞ വീടും പ്രധാനമന്ത്രി പറഞ്ഞ ധനസഹായവും ഒരുപോലെയാണ്, രണ്ടുമില്ല. കേരളത്തിൽനിന്നും രണ്ട് കേന്ദ്രമന്ത്രിമാരുണ്ട്. അവർ നോക്കുകുത്തികളായി, കേരളത്തിൽവന്ന് കേരളത്തിന്റെ ചെലവിൽ സഞ്ചരിച്ച് കേരളത്തിനെതിരായി പറഞ്ഞുനടക്കുന്നവരാണ്. അവരെക്കൊണ്ട്

എന്തുപ്രയോജനമാണ് കേരളത്തിനുള്ളത്; ഈ അവഗണന തുടരുകയാണ്. കേന്ദ്രത്തിന്റെ അവഗണനയ്ക്കെതിരെ സമരം നടത്താൻ പ്രതിപക്ഷത്തിന് കഴിഞ്ഞിട്ടില്ല. ഇടതുപക്ഷത്തിന്റെ നേതൃത്വത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉൾപ്പെടെ ഡൽഹിയിൽ പോയി സമരം നടത്തി. അതിന് അവരെ ക്ഷണിച്ചെങ്കിലും ആരും പങ്കെടുത്തില്ലായെന്നുമാത്രമല്ല, അവിടെ പങ്കെടുക്കേണ്ട കോൺഗ്രസ് നേതാക്കളോട് പങ്കെടുക്കരുതെന്ന തരത്തിൽ പറയുകയും ചെയ്തു. ആരും പങ്കെടുത്തില്ല. അവർ ഏതെങ്കിലും ഘട്ടത്തിൽ അത്തരമൊരു സമരത്തിൽ പങ്കാളികളായോ; ഏതെങ്കിലും ഘട്ടത്തിൽ കേന്ദ്രവിരുദ്ധ നിലപാട് സ്വീകരിച്ചോ; കേന്ദ്രസർക്കാർ സാമ്പത്തികമായി സംസ്ഥാന സർക്കാരിനെ ശ്വാസംമുട്ടിക്കുന്നതിനെക്കുറിച്ച് അവർക്ക് നല്ലതുപോലെ അറിയാമെങ്കിലും കേന്ദ്രത്തിന് അനുകൂലമായ നിലപാടാണ് അവർ സ്വീകരിക്കുന്നത്. കേന്ദ്രത്തിനെതിരായ നിലപാട് സ്വീകരിക്കാതെ ഇവിടത്തെ ഇടതുപക്ഷ സർക്കാരിനെ വിമർശിക്കാനാണ് അവർ ശ്രമിക്കുന്നത്. സംസ്ഥാന ബജറ്റുമായി ബന്ധപ്പെട്ട് നിരവധി കാര്യങ്ങൾ പ്രഖ്യാപിച്ചിരിക്കുകയല്ലേ; രാജ്യത്തെ ഏറ്റവും മാതൃകാപരമായ ബജറ്റല്ലേ നമ്മുടെ ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ചത്; ഇതിനപ്പുറമൊരു ബജറ്റ്

അവതരിപ്പിക്കാൻ കഴിയുമോ; സമസ്ത മേഖലയെയും എല്ലാ വിഭാഗം ജനങ്ങളെയും ബന്ധപ്പെടുത്തി നമ്മുടെ നാടിന്റെ ക്ഷേമം ഉറപ്പാക്കുന്ന തരത്തിൽ ഏറ്റവും മനോഹരമായ ഒരു ബജറ്റല്ലേ അദ്ദേഹം അവതരിപ്പിച്ചത്; സർക്കാർ ജീവനക്കാരുടെ ഡി.എ. കുടിശ്ശിക അനുവദിക്കാനും ശമ്പള പരിഷ്കരണം നടപ്പാക്കാനും അഷ്വേർഡ് പെൻഷൻ സ്കീം നടപ്പാക്കാനും തീരുമാനിച്ചു. കഴിഞ്ഞ തവണത്തേക്കാൾ 1000 കോടി രൂപയാണ് അധികമായി തൊഴിലുറപ്പ് പദ്ധതിക്കായി വകയിരുത്തിയിരിക്കുന്നത്. സഹകരണ ജീവനക്കാർക്കും പൊതുമേഖല സ്ഥാപനങ്ങളിലെ ജീവനക്കാർക്കും തൊഴിലാളികൾക്കുമെല്ലാം മെഡിസെപ് മാതൃകയിലുള്ള ഇൻഷ്വറൻസ് പദ്ധതിയാണ് പ്രഖ്യാപിച്ചിരിക്കുന്നത്. ഓട്ടോറിക്ഷ, ടാക്സി, ലോട്ടറി തൊഴിലാളികൾക്ക് പ്രത്യേകമായ ഇൻഷ്വറൻസ് പദ്ധതി ഏർപ്പെടുത്തിയിരിക്കുകയാണ്. അതിന്റെ ഒരു വിഹിതം നമ്മുടെ സംസ്ഥാന സർക്കാരാണ് അടയ്ക്കുന്നത്. ഡിഗ്രിതലം വരെയുള്ള വിദ്യാഭ്യാസം സൗജന്യമാക്കി മാറ്റിയിരിക്കുന്നു. അങ്കണവാടി, ആശാവർക്കർ എന്നിവരുടെ ഓണറേറിയം വർധിപ്പിക്കുന്ന നിലപാട് സ്വീകരിച്ചു. ക്യാൻസർ രോഗ ബാധിതർ ഉൾപ്പെടെയുള്ളവർക്ക് പെൻഷൻ 1000 രൂപ വർധിപ്പിക്കുന്ന

ഏറ്റവും ശ്രദ്ധേയമായ നിലപാടാണ് ഗവൺമെന്റ് സ്വീകരിച്ചത്. ഇതൊരു വയോജന സൗഹൃദ ബജറ്റല്ലേ; അതിന് മുൻഗണന നൽകിക്കൊണ്ട് 46,236 കോടി രൂപയാണ് ആ മേഖലയ്ക്കുവേണ്ടി നീക്കിവച്ചത്. ഇന്ത്യയിലെ മറ്റേതെങ്കിലും സംസ്ഥാനമോ കേന്ദ്ര സർക്കാരോ ഇപ്രകാരം തുക നീക്കിവച്ചിട്ടുണ്ടോ; ശബരിമലയുമായി ബന്ധപ്പെട്ട വിഷയത്തിൽ രാഷ്ട്രീയം കൊണ്ടുവരാൻ ശ്രമിക്കുകയാണ് ചെയ്യുന്നത്. കേന്ദ്ര സർക്കാർ നിരവധി നദീപദ്ധതികൾക്ക് പണം അനുവദിച്ചതായി നമുക്കറിയാം. എന്നാൽ കേരളത്തിലെ ഏതെങ്കിലുമൊരു പദ്ധതിക്ക് പണം അനുവദിച്ചോ; പമ്പാ നദിക്കെങ്കിലും പണം അനുവദിച്ചോ; അതിനുവേണ്ടി സംസ്ഥാന സർക്കാർ 60 കോടി രൂപയല്ലേ നീക്കിവച്ചത്; ശബരിമല മാസ്റ്റർ പ്ലാനിനുവേണ്ടി 30 കോടി രൂപയല്ലേ നീക്കിവച്ചത്; യു.ഡി.എഫ്.-നും ബി.ജെ.പി.-ക്കും ശബരിമല വിഷയം ഒരു രാഷ്ട്രീയ പ്രശ്നമാണ്. കേന്ദ്ര സർക്കാർ ശബരിമലയുടെ വികസനത്തിനായി ഒരിഞ്ച് സ്ഥലംപോലും നൽകിയിട്ടില്ലെന്ന് നമുക്കറിയാം. അതൊന്നും നൽകാതെ രാഷ്ട്രീയമായി ഇത് ഉപയോഗപ്പെടുത്താൻ ശ്രമിക്കുകയാണ്. യു.ഡി.എഫ്.-നും ബി.ജെ.പി.-ക്കും ശബരിമലയൊരു രാഷ്ട്രീയ ആവശ്യമാണ്. എന്നാൽ, എൽ.ഡി.എഫ്.-ന്

ഇത് ജനങ്ങളുടെ ഒരു വിശ്വാസപ്രശ്നം മാത്രമാണ്. അതിനാൽ ശബരിമലയുടെ വികസനത്തിനായി ശക്തമായി ഇടപെട്ടു പ്രവർത്തിക്കുന്ന സർക്കാരാണ് കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ. യു.ഡി.എഫ്. അധികാരത്തിൽ വരുമെന്ന ഒരു ദിവാസ്വപ്നത്തിൽ അവർ കഴിയുകയാണ്. യു.ഡി.എഫ്. അധികാരത്തിൽ വന്നാലുള്ള സ്ഥിതി എന്താണെന്ന് ആർക്കാണ് അറിയാത്തത്; ഒരു മാസം ഓഫീസുകൾ അടഞ്ഞുകിടന്നതാലും കുഴപ്പമില്ലായെന്നാണ് അന്നത്തെ യു.ഡി.എഫ്. മുഖ്യമന്ത്രിയടക്കം സർക്കാർ ജീവനക്കാരോട് പറഞ്ഞത്. ആ കാലഘട്ടത്തിൽ പാഠപുസ്തകമുണ്ടായിരുന്നെങ്കിലും ആറ് സമരമെങ്കിലും നടത്താതെ പാഠപുസ്തകം വരില്ല. എത്ര സ്കൂളുകളാണ് യു.ഡി.എഫ്.-ന്റെ കാലത്ത് പൂട്ടിയത്; ആരോഗ്യ മേഖലയുടെ അവസ്ഥ വളരെ പരിതാപകരമായിരുന്നില്ലേ; ഡോക്ടർമാരോ, നഴ്സുമാരോ, മരുന്നോ ഉണ്ടായിരുന്നോ; ലോഡ് ഷെഡ്ഡിങ്ങും പവർ കട്ടും. വൈദ്യുതിയുള്ള സാഹചര്യങ്ങൾ കേരളത്തിൽ ചുരുക്കമായിരുന്നു. നമ്മുടെ സാമൂഹിക സുരക്ഷാ പെൻഷൻ എത്രമാസമാണ് ഇവർ കുടിശ്ശികയാക്കിയത്. പാവപ്പെട്ട ആളുകൾക്ക് ജീവിക്കാൻ കഴിയുന്ന സാഹചര്യമുണ്ടായിരുന്നോ; നിയമന

നിരോധനമായിരുന്നില്ലേ; എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് റിക്കാർഡ് പി.എസ്.സി. നിയമനമല്ലേ നടത്തിയത്; ഇന്ത്യയിൽ ഏറ്റവും കൂടതൽ പി.എസ്.സി. നിയമനം നടത്തിയൊരു ഗവൺമെന്റാണ് കേരളത്തിലെ എൽ.ഡി.എഫ്. ഗവൺമെന്റ്. അവർ അധികാരത്തിൽ വന്നാൽ നിയമന നിരോധനമായിരിക്കില്ലേ; റോഡുകളെല്ലാം പൊട്ടിപ്പൊളിഞ്ഞ് അതിലൂടെ സഞ്ചരിച്ചാൽ നട്ടുവൊടിയുമായിരുന്നു, അതല്ലേ സ്ഥിതി; ശിവഗിരിയിലെ സ്വാമിമാരുടെ തലയ്ക്ക് ലാത്തികൊണ്ട് അടിച്ചുപൊട്ടിച്ച അനുഭവം കേരളത്തിലുണ്ടായില്ലേ; മാറാട് അടക്കം എത്ര വർഗീയ സംഘർഷങ്ങളാണ് കേരളത്തിലുണ്ടായത്. ഇത്തരം നിരവധി കാര്യങ്ങൾ. വേളാങ്കണ്ണി എന്ന പെൺകുട്ടി യൂണിഫോമില്ലാത്തതിനാൽ ആത്മഹത്യ ചെയ്തതും രജനി എസ്. ആനന്ദ് എന്ന പെൺകുട്ടി പഠിക്കാൻ മാർഗമില്ലാതെ ആത്മഹത്യ ചെയ്തതും യു.ഡി.എഫ്.-ന്റെ ഭരണകാലത്തല്ലേ; ഭൂമിക്കുവേണ്ടി സമരം നടത്തിയ ജോഗി എന്ന ആദിവാസി യുവാവിനെ വെടിവച്ചത് യു.ഡി.എഫ്.-ന്റെ പോലീസല്ലേ; ജോഗിയുടെ മകന് ജോലി നൽകിയത് ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരല്ലേ? അത്തരത്തിൽ അഴിമതി, തമ്മിലടി.. ഇവരുടെ ഭരണം വീണ്ടും വരണമെന്ന് പറയുമ്പോൾ,

കേരളത്തിലെ ജനങ്ങൾ ആ നിലയിൽത്തന്നെ അതിനെ കാണുമെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. ചില കാര്യങ്ങൾകൂടി ധനകാര്യവകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപെടുത്താൻ ഞാൻ ആഗ്രഹിക്കുകയാണ്. റേഷൻ വ്യാപാരികളുടെ കമ്മീഷൻ വർധിപ്പിക്കുകയുണ്ടായി. റേഷൻ വ്യാപാരികളുടെ ക്ഷേമനിധി പ്രവർത്തനങ്ങൾക്കായി കുറഞ്ഞത് രണ്ട് കോടി രൂപയെങ്കിലും അനുവദിക്കണമെന്ന് ഞാൻ അഭ്യർഥിക്കുകയാണ്. കർഷക ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനം ആരംഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. വനമേഖലയുമായി ബന്ധപ്പെട്ട് സ്വയം പുനരധിവാസ പദ്ധതി സർക്കാർ നടപ്പാക്കുകയുണ്ടായി. അതിന് രണ്ടാം ഗഡു കൊടുക്കുന്നതിനാവശ്യമായ ഫണ്ട് അനുവദിക്കണമെന്ന കാര്യം ഞാൻ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. വർഷങ്ങളായി ജോലി ചെയ്യുന്ന കരാർ ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. വളരെ പ്രധാനപ്പെട്ട തോട്ടം മേഖലയിലെ തൊഴിലാളികളുടെ ശമ്പള വർധനവുമായി ബന്ധപ്പെട്ട നടപടികൾ സ്വീകരിക്കുമെന്ന നിലയിൽ ബഹുമാനപ്പെട്ട

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി പറയുകയുണ്ടായി. അത് വേഗത്തിൽ നടപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതോടൊപ്പം ആർ.പി.എൽ. (റീഹാബിലിറ്റേഷൻ പ്ലാന്റേഷൻ ലിമിറ്റഡ്)-ലെ തൊഴിലാളികളെ സ്ഥിരപ്പെടുത്തുന്നതിനാവശ്യമായ നടപടികളും സ്വീകരിക്കേണ്ടതുണ്ട്. കർഷകത്തൊഴിലാളികളുടെ പ്രതിവർഷ ആനുകൂല്യം നൽകുന്നതിനാവശ്യമായ തുക അനുവദിക്കണമെന്നതിൽ പ്രത്യേകം ശ്രദ്ധിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. നിർമ്മാണത്തൊഴിലാളികളുടെ ക്ഷേമനിധിയുമായി ബന്ധപ്പെട്ട് അവരുടെ കുടിശ്ശിക നൽകിക്കൊണ്ടിരിക്കുകയാണ്. അത് പൂർണ്ണമായും നൽകുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. സ്പെഷ്യൽ സ്കൂൾ അധ്യാപകരുടെയും ജീവനക്കാരുടെയും വേതന കുടിശ്ശിക നൽകുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ കെ.എസ്.ആർ.ടി.സി.-യുമായി ബന്ധപ്പെട്ട് 800 കോടിയിലധികം രൂപയാണ് നൽകിയിട്ടുള്ളത്. കെ.എസ്.ആർ.ടി.സി. ലാഭത്തിലേക്ക് വന്നുകൊണ്ടിരിക്കുകയാണ്. കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെയും

പെൻഷൻകാരുടെയും ഡി.എ. കുടിശ്ശിക നൽകുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർഥിക്കുകയാണ്. കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ വളരെ മാതൃകാപരമായാണ് പ്രവർത്തിക്കുന്നത്. കേരളത്തിലെ സാധാരണ ജനങ്ങളുടെ പ്രശ്നങ്ങൾ മനസ്സിലാക്കി ഇടപെട്ട് മുന്നോട്ടുപോകുന്ന സർക്കാരാണിത്. കഴിഞ്ഞ പത്ത് വർഷക്കാലമായി അധികാരത്തിലിരിക്കുന്ന ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ കേരളത്തിന്റെ സർവതോന്മുഖമായ വികസനത്തിനുവേണ്ടി ശക്തമായ നിലപാട് സ്വീകരിച്ച സർക്കാരാണ്. മൂന്നാമത് ഒരു ഇടതുപക്ഷ തുടർഭരണം കൂടി വരുമെന്ന കാഴ്ചപ്പാടാണ് കേരളത്തിലുടനീളമുള്ളത്. അതിനെതിരായ രാഷ്ട്രീയ പ്രേരിതമായ സമരമാണ് ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നത്. അത് കേരളത്തിലെ ജനങ്ങൾ തിരിച്ചറിയും. അതുകൊണ്ട് ഈ ബജറ്റിനെ ശക്തമായി പിന്തുണയ്ക്കുന്നു. ഈ ബജറ്റ് കേരളത്തിന്റെ എല്ലാ പ്രശ്നങ്ങളും പരിഹരിക്കാനുതകുന്ന ഒരു ബജറ്റാണെന്ന കാര്യത്തിൽ സംശയമില്ല. ഞാൻ ഈ ബജറ്റിനെ ശക്തമായി പിന്തുണയ്ക്കുകയാണ്.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: സർ, ഞാൻ ബജറ്റിനെ ശക്തമായി പിന്തുണയ്ക്കുകയാണ്. ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രിയെ മുക്തകണ്ഠം പ്രശംസിക്കുകയാണ്. ഒരു പുതിയ നികുതി നിർദേശവും പുറപ്പെടുവിക്കാതെ ജനങ്ങളുടെ മേൽ അധികഭാരം അടിച്ചേൽപ്പിക്കാതെ വികസനവും ക്ഷേമവും ഒരുപോലെ വളരെ ഉജ്വലമായി മുന്നോട്ടുകൊണ്ടുപോകാനും എല്ലാ വിഭാഗം ജനങ്ങളെയും പരിഗണിച്ചും ആശ്വസിപ്പിച്ചും അവർക്കർഹമായ ആനുകൂല്യങ്ങൾ നൽകിക്കൊണ്ടും ഒരു സംസ്ഥാനത്തിന്റെ ധനകാര്യ സ്ഥിതി എങ്ങനെ മുന്നോട്ടുകൊണ്ടുപോകാമെന്നും വളരെ വ്യക്തമായി ബോധ്യപ്പെടുത്തുന്ന മനോഹരവും ഉജ്വലവുമായ ഒരു ബജറ്റ് അവതരിപ്പിച്ചതുകൊണ്ടാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയെ അഭിനന്ദിക്കുന്നുവെന്ന് ഞാൻ പറയുന്നത്. ഈ ബജറ്റ് അവതരിപ്പിച്ച് കഴിഞ്ഞപ്പോൾ തീർച്ചയായും പ്രതിപക്ഷത്തിന്റെ സമനില തെറ്റിയെന്നാണ് എനിക്ക് തോന്നുന്നത്. അതുകൊണ്ടുതന്നെയാണ് അവർ ഈ കഴിഞ്ഞ ദിവസങ്ങളിലും ഇന്നുമെല്ലാം ഇത്രമാത്രം ഈ നിയമസഭയിൽ പാർലമെന്ററി ജനാധിപത്യത്തിന്റെ എല്ലാ തത്വങ്ങളെയും ലംഘിച്ചുകൊണ്ട് എല്ലാ ജനാധിപത്യ മര്യാദകളെയും കാറ്റിൽപ്പറത്തിക്കൊണ്ട് ഇത്തരം

പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുന്നത്. പ്രതിപക്ഷത്തിനെന്തെങ്കിലും വിഷയം ചർച്ച ചെയ്യാനുണ്ടെങ്കിൽ അത് അവതരിപ്പിക്കാൻ വ്യവസ്ഥാപിതമായ മാർഗങ്ങളുണ്ട്. ആ മാർഗങ്ങളോടെല്ലാം വളരെ തുറന്ന സമീപനമാണ് ഈ സർക്കാരിനുള്ളതെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയടക്കം ഈ സഭയിൽ വ്യക്തമാക്കിയിട്ടുള്ളതാണ്. കേരള നിയമസഭയുടെ ചരിത്രത്തിൽത്തന്നെ ഇതിനോടകം 18 നടപടികൾ നിർത്തിവയ്ക്കുന്നതിനുള്ള ഉപക്ഷേപങ്ങൾ ചർച്ച ചെയ്യാൻ വേദിയൊരുക്കിയത് പതിനഞ്ചാം കേരള നിയമസഭയാണ്. അത്തരം കാര്യങ്ങളിലൊന്നും ക്രിയാത്മകമായോ അല്ലെങ്കിൽ വ്യക്തമായോ ജനങ്ങളെ ബോധ്യപ്പെടുത്തുന്ന കാര്യങ്ങൾ അവതരിപ്പിക്കാനില്ലാത്തതിനാലും നിരന്തരം കോടതികളിൽ നിന്നടക്കം തിരിച്ചടി നേരിടുന്നതിനാലും അവയൊക്കെ മറച്ചുപിടിക്കുന്നതിന് ഇവിടെ മുമ്പ് പലരും സൂചിപ്പിച്ചതുപോലെ പ്രതിപക്ഷത്തിന്റെ ഏറ്റവും വലിയ ഉപദേഷ്ടാവായ കനഗോലുവിന്റെ സിദ്ധാന്തം അനുസരിച്ച് പാർലമെന്ററി പ്രവർത്തനങ്ങളാകെ തടസ്സപ്പെടുത്തിക്കൊണ്ടാണ് പ്രതിപക്ഷം മുന്നോട്ടുപോകുന്നത്. ഈ ബജറ്റ് അവതരണം കൂടി കഴിഞ്ഞപ്പോൾ അത് ഒന്നുകൂടി വർധിപ്പിച്ചിരിക്കുന്ന സ്ഥിതിയാണ്. പ്രതിപക്ഷം ഇവിടെ

ഉന്നയിക്കുന്നത് ശബരിമലയുമായി ബന്ധപ്പെട്ട വിഷയമാണ്. ശബരിമല വിഷയവുമായി ബന്ധപ്പെട്ട് കുറ്റക്കാരാണെന്ന് പ്രാഥമികമായി വിലയിരുത്തപ്പെട്ടവരെല്ലാം ആ സ്ഥാനങ്ങളിലേക്കെത്തിയത് അവരുടെ കാലത്തല്ലേ? അതുപോലെ യു.ഡി.എഫ്.-ന്റെ കൺവീനർ തന്നെയല്ലേ കുറ്റാരോപിതരായ വ്യക്തികളെ നയിച്ചുകൊണ്ട് ശ്രീമതി സോണിയ ഗാന്ധിയുടെ അടുത്തുകൊണ്ടുപോയി സ്വർണ്ണ ബ്രേസ്‌ലെറ്റ് വരെ കെട്ടിക്കൊടുക്കുന്നത്. ഒരുപക്ഷെ ശബരിമലയിൽനിന്ന് അപഹരിച്ചതിന്റെ ഭാഗമായിട്ടുള്ളതാകാം. ഈ യാഥാർത്ഥ്യങ്ങളൊക്കെ തെളിഞ്ഞ് നിൽക്കുമ്പോൾ അതെല്ലാം മറച്ചുവച്ചുകൊണ്ട് വ്യാജ പ്രചരണങ്ങളുടെ ഗീബൽസിയൻ തന്ത്രത്തിന്റെ ഭാഗമായി സർക്കാരിനെതിരെ ആരോപണങ്ങളുമായി മുന്നോട്ടുവരികയാണ്. ശബരിമല വിഷയം കോടതിയുടെ നിയന്ത്രണത്തിലുള്ള കാര്യമല്ലേ? ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ മേൽനോട്ടത്തിലല്ലേ സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീം പ്രവർത്തിക്കുന്നത്. ബഹുമാനപ്പെട്ട ഹൈക്കോടതി തന്നെ മേൽനോട്ടം വഹിക്കുന്ന ഒരു അന്വേഷണത്തെ ചോദ്യം ചെയ്തുകൊണ്ട് നടത്തുന്ന പ്രവർത്തനം യഥാർഥത്തിൽ കോർട്ടലക്ഷ്യമാണ്. ഈ സഭയുടെ

പ്രിവിലേജിന്റെ ഭാഗമായി മാത്രമാണ് ഇതിനെതിരായ നീക്കങ്ങൾ നടത്താൻ അവർക്ക് സാധിക്കുന്നതെന്നാണ് എനിക്ക് ചൂണ്ടിക്കാണിക്കാനുള്ളത്. ഞാൻ ആമുഖമായി സൂചിപ്പിച്ചതുപോലെ ഓട്ടോറിക്ഷത്തൊഴിലാളികളെയും ഗിഗ് വർക്കേഴ്സിനെയും ആശ വർക്കർമാരെയും അങ്കണവാടി ജീവനക്കാരെയും പാചകത്തൊഴിലാളികളെയും സർക്കാർ ജീവനക്കാരെയും സമൂഹത്തിലെ എല്ലാ വിഭാഗം ജനങ്ങളെയും പരിഗണിക്കുന്ന ബജറ്റാണിത്. എനിക്ക് ഏറ്റവും ആകർഷകമായി തോന്നിയ ഒന്നുരണ്ട് കാര്യങ്ങളിലൊന്ന് നമ്മുടെ സ്ത്രീ സുരക്ഷ പദ്ധതിയാണ്. ഒരുപക്ഷെ നമ്മുടെ രാജ്യത്തൊരിടത്തുമില്ലാത്ത വിധം വീട്ടമ്മമാർക്ക് പ്രതിമാസ വരുമാനം സ്ത്രീ സുരക്ഷ പദ്ധതിയിലൂടെ നൽകാൻ തീരുമാനിച്ച ഒരു സർക്കാരാണിത്. ത്രിതല പഞ്ചായത്ത് അംഗങ്ങളുടെ ഓണറേറിയം വർധിപ്പിച്ച നടപടിയെയും അഭിനന്ദിക്കുകയാണ്. ഞാനും മുമ്പ് ജില്ലാ പഞ്ചായത്തിലടക്കം പ്രവർത്തിച്ചിട്ടുള്ള വ്യക്തിയാണ്. എല്ലാതരത്തിലും സമൂഹത്തിന്റെ വളർച്ചയ്ക്കുവേണ്ടി ക്ഷേമവികസന പ്രവർത്തനങ്ങളിൽ ഉജ്ജ്വലമായ ഇടപെടൽ നടത്തിയ ഒരു ബജറ്റെന്ന നിലയിലാണ് ഈ ബജറ്റിനെ നോക്കിക്കാണുന്നത്. അതേ സമയം ഈ കഴിഞ്ഞ ഫെബ്രുവരി ഒന്നാം

തീയതി കേന്ദ്ര സർക്കാർ ഈ രാജ്യത്ത് ഒരു ബജറ്റ് അവതരിപ്പിച്ചു. കേരളം എന്നൊരു സംസ്ഥാനം ഇന്ത്യയിലില്ലേ എന്ന് ആരും ചോദിച്ചുപോകുന്ന നിലയിലാണ് ആ ബജറ്റിൽ ഈ സംസ്ഥാനത്തോടുള്ള സമീപനം. നികുതി വരുമാനത്തിൽ നേരിയ വർധനവ് നൽകിയിട്ടുണ്ട്. ചില മാധ്യമങ്ങൾ അത് വലിയ തോതിൽ ഹൈലേറ്റ് ചെയ്ത് കാണിക്കുന്നത് കണ്ടു. അവിടെ പ്രധാനപ്പെട്ട ഒരു കാര്യം ചൂണ്ടിക്കാണിക്കാനുള്ളത് റവന്യൂ ഡെഫിസിറ്റ് ഗ്രാന്റ് മുഴുവനായി ഇല്ലാതാക്കിയെന്നതാണ്. യഥാർഥത്തിൽ നികുതി വരുമാനത്തിന്റെ വർധനവുകൊണ്ട് ലഭിക്കുന്ന നേട്ടത്തേക്കാളധികം ഫണ്ട് ഗ്രാന്റില്ലാതാക്കിയതിലൂടെ നഷ്ടപ്പെടുന്ന സാഹചര്യമാണുള്ളത്. സംസ്ഥാനത്തിന്റെ ചെലവിനത്തിൽ 75 ശതമാനവും കേരളം തന്നെ നേരിട്ട് വഹിക്കുന്ന സ്ഥിതിയാണ്. രാജ്യത്താകമാനം പരിശോധിക്കുമ്പോൾ 50 ശതമാനം വിഹിതം മാത്രം സംസ്ഥാനങ്ങളും ബാക്കി 50 ശതമാനം കേന്ദ്ര സർക്കാരിൽനിന്നുള്ള വിവിധ ഇനത്തിലുള്ള ധനകാര്യ വിഹിതങ്ങളായി നൽകേണ്ട സ്ഥിതിയുള്ളപ്പോൾ കേരളത്തോടുമാത്രം കാണിക്കുന്നത് ചിറ്റമ്മ നയമല്ലേ? അതുപോലെ കേരളം ഉന്നയിച്ച എയിംസ്, ശബരി റെയിൽപ്പാത അടക്കമുള്ള റെയിൽവെ വികസനവും മറ്റ് ഒട്ടേറെ പദ്ധതികളിൽ

ഏതെങ്കിലുമൊന്ന് അനുവദിച്ചോ? സമയമില്ലാത്തതുകൊണ്ട് ഞാൻ അതിലെ കൂടുതൽ കാര്യങ്ങളിലേക്ക് കടക്കുന്നില്ല. ഇക്കാര്യങ്ങളിൽ കേന്ദ്ര സർക്കാരും കേന്ദ്ര സർക്കാരിനെ നയിക്കുന്ന ബി.ജെ.പി.-യും കേരളത്തിലെ ജനങ്ങളുടെ മുമ്പിൽ ഒന്നാം പ്രതിയാണെങ്കിൽ ഇവിടുത്തെ രണ്ടാം പ്രതിയെന്ന് പറയുന്നത് കേരളത്തിലെ യു.ഡി.എഫ്.-ഉം അവരുടെ 18 എം.പി.-മാരുമാണ്. കേരളത്തിന് ലഭിക്കേണ്ട ആനുകൂല്യങ്ങൾ നേടിയെടുക്കാൻ വേണ്ടിയല്ലേ അവരെ കേരളത്തിലെ ജനങ്ങൾ വോട്ട് ചെയ്ത് പാർലമെന്റിലേക്ക് അയച്ചത്. അവർ അവിടെ എന്താണ് ചെയ്യുന്നത്? കേരളത്തിന് ആനുകൂല്യങ്ങൾ എങ്ങനെ നൽകാതിരിക്കാമെന്ന് ഗവേഷണം നടത്തിക്കൊണ്ട് കേന്ദ്ര സർക്കാർ നടത്തുന്ന കേരള വിരുദ്ധ നടപടികളെ പരോക്ഷമായി പിന്തുണയ്ക്കുന്ന നടപടിയാണ് യു.ഡി.എഫ്.-ഉം അവരുടെ എം.പി.-മാരും ചെയ്തുകൊണ്ടിരിക്കുന്നത്. അതുകൊണ്ട് കേരളത്തിലെ ജനങ്ങളുടെ മുമ്പിൽ കേന്ദ്ര സർക്കാർ അവഗണനയുടെ കാര്യത്തിൽ ഒന്നാം പ്രതി ബി.ജെ.പി.-യും കേന്ദ്ര സർക്കാരുമാണെങ്കിൽ രണ്ടാം പ്രതി യു.ഡി.എഫ്.-ഉം അവരുടെ എം.പി.-മാരും അവരെ നിയന്ത്രിക്കുന്ന രാഷ്ട്രീയ നേതൃത്വവുമാണെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. എന്റെ

നിയോജകമണ്ഡലത്തിലെ ഒന്നുരണ്ട് കാര്യങ്ങൾ കൂടി സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഒന്ന് ശബരി ഗ്രീൻ ഫീൽഡ് ഇന്റർനാഷണൽ എയർപോർട്ടിനുള്ള ഫണ്ട് അനുവദിച്ചിട്ടുണ്ട്. അതിന് നന്ദി രേഖപ്പെടുത്തുന്നു. അതുമായി ബന്ധപ്പെട്ട ചില കോടതി വിധികളുടെ അടിസ്ഥാനത്തിൽ ചെറിയ ചില പ്രതിസന്ധികൾ ഈ ഘട്ടത്തിലുണ്ട്. അത് മറികടന്നുകൊണ്ട് സ്ഥലമേറ്റെടുക്കൽ നടപടികൾ ത്വരിതപ്പെടുത്തുന്നതിനും എയർപോർട്ട് യാഥാർഥ്യമാക്കുന്നതിനുമുള്ള മറ്റ് പ്രവർത്തനങ്ങൾക്കും ഗതിവേഗവും ഊർജ്ജവും നൽകണമെന്ന് അഭ്യർഥിക്കുകയാണ്. മലയോര മേഖലയുമായി ബന്ധപ്പെട്ട പട്ടയ പ്രശ്നമുണ്ട്. ആ പട്ടയ പ്രശ്നങ്ങളിൽ സ്പെഷ്യൽ ഓഫീസ് സ്ഥാപിച്ച് പട്ടയ നടപടികൾ ഊർജ്ജിതമായി നടക്കുന്നുണ്ടെങ്കിലും അതിലെ ചെറിയ ചില പരിഹരിക്കാൻ സാധിക്കുന്ന തടസ്സങ്ങൾ കൂടി പരിഹരിക്കണം. എന്റെ നിയോജകമണ്ഡലത്തിലെ മലയോര മേഖലകളായ കോരുത്തോട്, എരുമേലി, മുണ്ടക്കയം പഞ്ചായത്തുകളിലെ ജനങ്ങൾക്ക് പട്ടയം നൽകുന്നതിനുള്ള നടപടികൾ അടിയന്തരമായി പൂർത്തീകരിക്കണമെന്ന് അഭ്യർഥിക്കുന്നു. നമ്മുടെ സംസ്ഥാനത്തൊട്ടാകെ തുരങ്ക പാതകൾ നിർമ്മിക്കുന്ന കാലമാണിത്. വയനാട് തുരങ്കപാതയുടെ

നിർമ്മാണം ആരംഭിച്ചു. ഈ ബജറ്റിൽത്തന്നെ കട്ടപ്പനയിൽനിന്ന് തേനിയിലേക്ക് ഒരു തുരങ്ക പാത നിർമ്മിക്കണമെന്ന നിർദേശമുണ്ട്. എന്റെ നിയോജകമണ്ഡലമായ ഈരാറ്റുപോട്ടയിൽനിന്ന് വടക്കോട്ട് നെടുമ്പാശ്ശേരിയിലേക്ക് അടക്കം പോകുന്നത് പ്രധാനമായും തൊടുപുഴ, മൂവാറ്റുപുഴ വഴിയാണ്. ഭാവിയിൽ യാഥാർഥ്യമാകുന്ന നിലയിൽ ഈരാറ്റുപേട്ടയിൽനിന്ന് തൊടുപുഴ ഭാഗത്തേയ്ക്ക് കളത്തുക്കടവിൽനിന്ന് മുട്ടത്തെത്തുന്ന രീതിയിലുള്ള പാതയ്ക്കുവേണ്ടി ഒരു സാധ്യത പഠനം നടത്തണമെന്ന കാര്യം കൂടി ഞാൻ  അഭ്യർഥിക്കുകയാണ്. കേന്ദ്ര ബജറ്റുമായി താരതമ്യം ചെയ്യുമ്പോൾ നാടൻ ഭാഷയിൽ പറഞ്ഞാൽ ആനയും ആട്ടും പോലെയുള്ള വ്യത്യാസമുണ്ടെന്ന് പറയാവുന്ന വിധത്തിലാണ്. കേരളത്തിലെ ജനങ്ങളെ പരിരക്ഷിക്കുകയും സംരക്ഷിക്കുകയും ഈ സർക്കാർ നടപ്പിലാക്കിയ എല്ലാ വികസന പ്രവർത്തനങ്ങൾക്കും കൂടുതൽ ഊർജ്ജവും ഗതിവേഗവും നൽകുന്ന ഒരു ബജറ്റാണ് സംസ്ഥാനത്ത് അവതരിപ്പിച്ചത്. കേരളത്തിലെ ജനങ്ങളെ ആകെ നോക്കുകുത്തികളാക്കുന്നതും പരിഹസിക്കുന്നതും ഏറ്റവും വലിയ അവഗണനയുടെ ആഴങ്ങളിലേക്ക് തള്ളിവിടുന്ന നിരുത്തരവാദപരമായതും ഫെഡറൽ

തത്വങ്ങൾക്കെതിരായതുമായ ഒരു ബജറ്റാണ് 2026-ൽ കേന്ദ്ര സർക്കാരിൽനിന്നുമുണ്ടായിരിക്കുന്നത്. ഈ സംസ്ഥാനത്തെ ജനങ്ങൾ അത് ചർച്ച ചെയ്യുമെന്ന് മാത്രം സൂചിപ്പിച്ചുകൊണ്ട് ഒരിക്കൽക്കൂടി ഈ ബജറ്റിന് എല്ലാ പിന്തുണയും അറിയിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

ശ്രീ. സി. എച്ച്. കുഞ്ഞമ്പു: സർ, കേരളത്തിന്റെ ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എൻ. ബാലഗോപാൽ കേരള നിയമസഭയിൽ അവതരിപ്പിച്ച ബജറ്റ് പ്രസംഗം കേട്ടപ്പോൾ കേരളത്തിലെ ജനങ്ങൾ സന്തോഷിക്കുകയും കൈയടിക്കുകയും ചെയ്തു. കേരളത്തിലെ മാത്രമല്ല ലോകത്തെമ്പാടുമുള്ള മലയാളികളും അതുകേട്ട് സന്തോഷിച്ചു. ഒരു ആധുനിക വികസിത നവകേരളം പടുത്തുയർത്തുന്നതിന് വേഗത പകരുന്ന ഒരു ബജറ്റാണ് ശ്രീ. കെ. എൻ. ബാലഗോപാൽ അവതരിപ്പിച്ചത്. കേരള ബജറ്റ് അവതരിപ്പിച്ചുകഴിഞ്ഞ്, തൊട്ടടുത്ത ദിവസം തന്നെ കേന്ദ്രസർക്കാരിന്റെ ബജറ്റ് അവതരിപ്പിക്കപ്പെട്ടു. കേന്ദ്ര ധനകാര്യവകുപ്പുമന്ത്രി ശ്രീമതി നിർമ്മല സീതാരാമൻ ബജറ്റ് അവതരിപ്പിച്ചു. അത് കേരളത്തെ നിരാശപ്പെടുത്തിയ ഒരു ബജറ്റായിരുന്നു. കേരളം എന്നൊരു വാക്കുപോലും ആ

ബജറ്റിലുണ്ടായിരുന്നില്ല. കേരളത്തിന് ഒരൊറ്റ പദ്ധതി പോലും അനുവദിച്ചിട്ടില്ല. നിരവധി കാലങ്ങളായി കേരളം ആവശ്യപ്പെട്ടുകൊണ്ടിരുന്ന യാതൊരു പദ്ധതികളെക്കുറിച്ചും പരാമർശം പോലും നടത്തിയിട്ടില്ല. എന്നാൽ കൊച്ചുകുട്ടികൾ മുതൽ വയോജനങ്ങൾ വരെ എല്ലാവരെയും ചേർത്തുപിടിച്ച ഒന്നായിരുന്നു കേരളത്തിലെ ബജറ്റ്. വിവിധ മേഖലയിലെ തൊഴിലാളികൾ, കർഷകർ, സംസ്ഥാന സർക്കാർ ജീവനക്കാർ തുടങ്ങി എല്ലാവരെയും ചേർത്തുപിടിച്ച ഒരു ബജറ്റായിരുന്നു ഇത്. രണ്ട് ബജറ്റുകൾ തമ്മിലുള്ള ഏറ്റവും മൗലികമായ വ്യത്യാസമിതാണ്. കേരളത്തിലെ സമ്പദ്‌വ്യവസ്ഥയെ സംബന്ധിച്ച് പ്രതിപക്ഷാംഗങ്ങൾ പ്രചരിപ്പിക്കുന്നത് കേരളം സാമ്പത്തികമായി തകർന്നുകൊണ്ടിരിക്കുന്ന കടക്കെണിയിലകപ്പെട്ടിരിക്കുന്ന സംസ്ഥാനമാണെന്നാണ്. എന്താണ് യാഥാർഥ്യം; കേരളത്തിലേത് അനുദിനം വളർന്നുകൊണ്ടിരിക്കുന്ന ഒരു സമ്പദ്‌വ്യവസ്ഥയാണ്. കേന്ദ്രസർക്കാർ എല്ലാതരത്തിലും സാമ്പത്തികമായി കേരളത്തെ ഞെക്കി ഞെരുക്കുമ്പോഴും രാഷ്ട്രീയ കാരണങ്ങളാൽ കേരളത്തിന് അർഹതപ്പെട്ടതെല്ലാം നിഷേധിക്കുമ്പോഴും കേരളം എങ്ങനെയാണ് പിടിച്ചുനിൽക്കുന്നത്? അക്കാര്യം കൃത്യമായി കേരളത്തിന്റെ

ധനകാര്യവകുപ്പുമന്ത്രി കുറേ നാളുകളായി സൂചിപ്പിക്കുന്ന കാര്യമാണ്. അത് കൃത്യമായി ബജറ്റിലും പ്രതിപാദിച്ചിട്ടുണ്ട്. ഒന്നാമതായി തനത് നികുതി വരുമാനം പരമാവധി വർധിപ്പിച്ചു. നികുതിയേതര വരുമാനവും നല്ലതോതിൽ വർധിപ്പിച്ചു. ഈ വരുമാനമാണ് കേരളത്തിലെ ഇതുവരെയുള്ള എല്ലാ വികസനപ്രവർത്തനങ്ങൾക്കും അടിത്തറയായത്. മറ്റൊരർഥത്തിൽ പറഞ്ഞാൽ ഈ ധനമാണ് പ്രധാനമായും കേരളത്തിന്റെ വികസനത്തിന് ഉപയോഗിച്ചുകൊണ്ടിരിക്കുന്നത്. വികസനപദ്ധതികളുടെ കാര്യത്തിൽ കേന്ദ്രസർക്കാരിനെ മാത്രം കാത്തുനിൽക്കുകയും കേന്ദ്രത്തിന്റെ ഭാഗത്തുനിന്നും യാതൊന്നും നൽകാതിരിക്കുമ്പോൾ കൈ മലർത്തുകയും ചെയ്യുന്ന രീതിയല്ല കേരളസർക്കാർ അവലംബിച്ചിട്ടുള്ളത്. കേരളം കുതിച്ചു മുന്നേറുകയാണ്.

2026-27 സാമ്പത്തികവർഷത്തെ ബജറ്റിൽ വിദ്യാഭ്യാസ രംഗത്തിന് വലിയ പ്രാധാന്യം കൊടുത്തിട്ടുണ്ട്. ഡിഗ്രിതലം വരെയുള്ള വിദ്യാഭ്യാസം സൗജന്യമാക്കി എന്നത് എടുത്തുപറയേണ്ട ഒന്നാണ്. ലോകത്തെവിടെയാണ് ഡിഗ്രിതലം വരെയുള്ള വിദ്യാഭ്യാസം സൗജന്യമാക്കിയിരിക്കുന്നത്? പൊതുവിദ്യാലയങ്ങളെല്ലാം അടച്ചുപൂട്ടുകയും അൺഎയ്ഡഡ് സ്കൂളുകൾക്കും

കോളേജുകൾക്കും അനുമതി കൊടുക്കുകയും അത് തഴച്ചുവളരുകയും ചെയ്യുന്ന നമ്മുടെ രാജ്യത്ത് കേരളം എന്ന സംസ്ഥാനം മാത്രമാണ് പൊതുവിദ്യാഭ്യാസത്തെ സംരക്ഷിച്ചത്. പിണറായി സർക്കാർ അധികാരത്തിൽ എത്തിയില്ലായിരുന്നെങ്കിൽ കേരളത്തിന്റെ പൊതുവിദ്യാഭ്യാസ മേഖല എന്താകുമായിരുന്നുവെന്ന് ചരിത്രം പരിശോധിച്ചാൽ നമുക്ക് മനസ്സിലാക്കാവുന്നതേയുള്ളൂ. 2500-ഓളം സ്കൂളുകൾ പൂട്ടുമെന്ന് തീരുമാനിച്ച ഈ കേരളത്തിൽ, ഒരൊറ്റ വിദ്യാലയം പോലും പൂട്ടില്ലെന്ന് പ്രഖ്യാപിക്കുകയും എല്ലാ പൊതുവിദ്യാഭ്യാസ സ്ഥാപനങ്ങളെയും വളർത്തിക്കൊണ്ടുവരികയും അതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ചെയ്തുകൊടുത്തതും ആരാണ്? അത് കേരളത്തിലെ പിണറായി സർക്കാർ ആണ്. ഈ ബജറ്റിൽ വിദ്യാഭ്യാസ രംഗത്ത് കൂടുതൽ ആനുകൂല്യങ്ങൾ അനുവദിച്ചിട്ടുണ്ടെന്ന് കാണാം. ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് വിദേശ പഠനത്തിനുള്ള സ്കോളർഷിപ്പും ഹൈസ്കൂൾ-ഹയർ സെക്കണ്ടറിതലം വരെയുള്ള വിദ്യാർത്ഥികൾക്ക് ഇൻഷ്വറൻസ് പരിരക്ഷയും ഏർപ്പെടുത്തി. ഏറ്റവും നൂതനമായതും നാം കൈവരിച്ചു കൊണ്ടിരിക്കുന്ന നേട്ടങ്ങൾ ഒന്നുകൂടി

വികസിപ്പിച്ചെടുക്കാവുന്ന രീതിയിലുമുള്ള ഏറ്റവും ആധുനികമായ സമീപനങ്ങളാണ് വിദ്യാഭ്യാസ മേഖലയിൽ കൊണ്ടുവന്നിരിക്കുന്നത്.

ആരോഗ്യമേഖലയിലെ സ്ഥിതിയെന്താണ്? കേരളത്തിലെ പൊതുജനാരോഗ്യമേഖല ഇന്ത്യയിലെ തന്നെ ഏറ്റവും മികച്ചതാണ്. നമ്പർ വൺ ആണ്. ലോകത്തിന് മുന്നിൽതന്നെ കേരളത്തിന്റെ ആരോഗ്യ മേഖലയെ സംബന്ധിച്ച് സൂചിപ്പിക്കുന്നത് ഏറ്റവും മികച്ചതാണെന്നാണ്. പാശ്ചാത്യ മുതലാളിത്ത രാജ്യങ്ങളിൽപ്പോലും ഡോക്ടർമാരുടെ കൺസൾട്ടേഷൻ ലഭിക്കാൻ ഏറെ പ്രയാസമാണ്. ഒരു വ്യക്തിക്ക് ഇന്ന് രോഗം ബാധിച്ചാൽ ഒന്നരണ്ട് മാസം കഴിഞ്ഞാണ് ഒരു ഡോക്ടറെ കാണാൻ കഴിയുന്നത്. അവർ നിർദേശിക്കുന്ന മരുന്ന് കഴിച്ചുനോക്കിയിട്ടുവേണം വേറെ ഡോക്ടറെ കാണണോയെന്ന് തീരുമാനിക്കാൻ. ഇവിടെ നമുക്ക് ഏത് ഡോക്ടറെ വേണമെങ്കിലും കാണാം. ആവശ്യത്തിന് മരുന്ന് ലഭിക്കും. എല്ലാം സൗജന്യമാണ്. ഈ സാമ്പത്തിക വർഷം 2500 കോടി രൂപയാണ് ആരോഗ്യമേഖലയിലേക്ക് വകയിരുത്തിയിരിക്കുന്നത്. നിലവിൽ തുടരുന്ന എല്ലാ സൗജന്യങ്ങളും തുടരുകയും ചെയ്യും. പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ മുതൽ മെഡിക്കൽ കോളേജുകൾ വരെയുള്ള എല്ലാ സംവിധാനങ്ങളേയും

ശക്തിപ്പെടുത്തും. കേരളത്തിൽ ഒരാൾക്കും ചികിത്സ ലഭിക്കാതെയുള്ള യാതൊരു ബുദ്ധിമുട്ടും ഉണ്ടാകുകയില്ലെന്ന് പ്രഖ്യാപിക്കുന്നതാണ് ശ്രീ. കെ. എൻ. ബാലഗോപാൽ അവതരിപ്പിച്ച ബജറ്റ്. നമ്മുടെ പശ്ചാത്തലമേഖല പരിശോധിക്കുകയാണെങ്കിൽ, യു.ഡി.എഫ്. സർക്കാരിന്റെ കാലം പോലെയാണോ ഇന്നത്തെ അവസ്ഥ. നാഷണൽ ഹൈവേ, മലയോര ഹൈവേ, തീരദേശ ഹൈവേ തുടങ്ങിയവയുടെയെല്ലാം നിർമ്മാണപ്രവർത്തനങ്ങളുടെ ഒരു ഘട്ടം പൂർത്തീകരിച്ചുകഴിഞ്ഞു. പല തടസ്സങ്ങൾ കാരണം അതിൽ കുറച്ചുപ്രവർത്തനങ്ങൾ മാത്രമേ പെൻഡിങ്ങുള്ളൂ. നാഷണൽ ഹൈവേയുടെ ഒന്നാം ഘട്ടം, കാസർഗോഡ് ജില്ലയിലെ തലപ്പാടി മുതൽ ചേങ്കള വരെയുള്ള 39 കിലോമീറ്റർ വരെയുള്ള ഭാഗം പൂർത്തീകരിച്ചുകഴിഞ്ഞു. അത് ഉദ്ഘാടനത്തിന് സജ്ജമായിട്ടുണ്ട്. അതിമനോഹരമായ ഒരു റോഡാണത്. മുമ്പ് കാസർഗോഡ് നിന്ന് മംഗലാപുരത്തേയ്ക്ക് എത്താൻ ഒന്നര മണിക്കൂർ സമയം ആവശ്യമായിരുന്നുവെങ്കിൽ ഇന്ന് 35 മിനിട്ട് കൊണ്ട് എത്തിച്ചേരാൻ കഴിയുന്ന നിലയിലാണ് റോഡ് വികസിപ്പിച്ചിരിക്കുന്നത്.

കേരളത്തിന്റെ വികസനത്തിൽ, പശ്ചാത്തല സൗകര്യങ്ങളുടെ കൂട്ടത്തിൽ ഏറ്റവും പ്രധാനപ്പെട്ട ഒന്നായിരുന്ന അതിവേഗ റെയിൽ. അത് ഇല്ലാതാക്കിയതാരാണ്? ഇതുമായി ബന്ധപ്പെട്ട് കേന്ദ്രസർക്കാരിന്റെ ഭാഗത്തുനിന്നും അനുമതി ലഭിക്കാതിരിക്കാൻ ഇവിടെത്തെ യു.ഡി.എഫ്., ബി.ജെ.പി. സഖ്യങ്ങൾ കാരണക്കാർ ആയിരുന്നില്ലേ; യു.ഡി.എഫ്.-ന്റെ ഭാഗത്തുനിന്നും അങ്ങനെയൊരു നിലപാട് സ്വീകരിക്കേണ്ടിയിരുന്നോ? എന്നാൽ ഇപ്പോൾ, പ്രസ്തുത പദ്ധതി ആവാം എന്നാണ് സൂചിപ്പിക്കുന്നത്. ഒരെണ്ണം ഇല്ലാതായി പുതിയതുവരുമ്പോൾ ആവാം എന്ന നിലപാടാണ് അവർ സ്വീകരിക്കുന്നത്. ഇതിന് കേന്ദ്രസർക്കാർ പണം അനുവദിച്ചോ; ഇപ്പോൾ ആവാം എന്നുപറയുന്നവർ, അന്ന് എന്തേ അക്കാര്യത്തിൽ അനുകൂല നിലപാട് സ്വീകരിക്കാതിരുന്നത്? ചുരുക്കിപ്പറഞ്ഞാൽ കേരളത്തിന്റെ വികസനപ്രവർത്തനങ്ങളിൽ എല്ലാത്തിനും തടസ്സം നിൽക്കുന്ന ഒരു നിലപാടാണ് യു.ഡി.എഫ്. സ്വീകരിക്കുന്നത്.

ഈ ബജറ്റിലെ ഏറ്റവും പ്രധാനപ്പെട്ട കാര്യം ക്ഷേമ പദ്ധതികൾ സംബന്ധിച്ചുള്ളതാണ്. 62 ലക്ഷം പേർക്ക് 2000 രൂപ എന്ന രീതിയിൽ ക്ഷേമപെൻഷൻ പ്രഖ്യാപിക്കുകയാണ്. ആയതിലേക്കായി 14,500 കോടി

രൂപ വകയിരുത്തിയിട്ടുണ്ട്. വീട്ടമ്മമാർക്ക് സ്ത്രീ സുരക്ഷാ പെൻഷൻ സംബന്ധിച്ച് സൂചിപ്പിച്ചിട്ടുണ്ട്. നിലവിൽ പിങ്ക്, മഞ്ഞ കാർഡുകൾ കൈവശമുള്ളവരിൽ, ഭാവിയിൽ അർഹതപ്പെട്ട എല്ലാ വീട്ടമ്മമാർക്കും പെൻഷൻ അനുവദിക്കുകയെന്നതാണ് സ്ത്രീ സുരക്ഷാ പദ്ധതിയിലൂടെ നടപ്പിലാക്കാൻ പോകുന്നത്. ആശാ വർക്കർമാർ, അങ്കണവാടി വർക്കർമാർ, പാചകത്തൊഴിലാളികൾ എന്നിവരുടെയും ആനുകൂല്യം വർധിപ്പിച്ചു. ചുരുക്കിപ്പറഞ്ഞാൽ കേരളത്തിലെ ജനസംഖ്യയുടെ 30 ശതമാനത്തെയും ചേർത്തുനിർത്തി, ഒരു കോടിയോളം ആളുകൾക്ക് നിലവിലെ സർക്കാർ, ആനുകൂല്യങ്ങൾ കൊടുത്തുകൊണ്ടിരിക്കുകയാണ്. അതുകൊണ്ടാണ് ദാരിദ്ര്യമില്ലാത്ത, പട്ടിണിയില്ലാത്ത ഒരു സംസ്ഥാനമായി കേരളം മാറിയത്. നമ്മുടെ സംസ്ഥാനത്ത് അതിദാരിദ്ര്യ നിർമ്മാർജ്ജനം നടപ്പാക്കി. ലോകജനതയാകെ കേരളത്തെ വാഴ്ത്തി. മുമ്പ് ചൈന മാത്രമായിരുന്നു അതിദാരിദ്ര്യ നിർമ്മാർജ്ജനം നടപ്പാക്കിയിരുന്നത്. എന്നാൽ കേരളമെന്ന ഈ കൊച്ചുസംസ്ഥാനം അതിദാരിദ്ര്യം നിർമ്മാർജനം ചെയ്തപ്പോൾ, അത് ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങൾക്കും ലോകത്തിനും മാതൃകയായി.

തൊഴിലുറപ്പ് പദ്ധതിയെ കേന്ദ്ര സർക്കാർ അട്ടിമറിക്കാൻ ശ്രമിച്ചു. കേന്ദ്രസർക്കാർ പുതിയ ഭേദഗതിയിലൂടെ പാവപ്പെട്ട ജനങ്ങളുടെ തൊഴിലുറപ്പ് പദ്ധതി എന്ന ആശ്രയത്തെത്തന്നെ ഇല്ലാതാക്കാനാണ് നോക്കിയത്. പക്ഷെ സംസ്ഥാന സർക്കാർ തൊഴിലുറപ്പ് പദ്ധതി മുന്നോട്ട് കൊണ്ടുപോകാൻ ആവശ്യമായ സപ്പോർട്ട് നൽകി. ആയിരം കോടി രൂപയാണ് അതിനുവേണ്ടി നീക്കിവച്ചത്. കേന്ദ്രസർക്കാരിന്റെ ബജറ്റിൽ തൊഴിലുറപ്പ് പദ്ധതിയിലെ തുക വെട്ടിക്കുറയ്ക്കുകയാണ് ചെയ്തതെങ്കിൽ കേരളം ടി പദ്ധതിയുമായി മുന്നോട്ട് പോകാൻതന്നെയാണ് തീരുമാനിച്ചിട്ടുള്ളത്. കേന്ദ്ര ബജറ്റിൽ നമ്മൾ ചില കാര്യങ്ങൾ ആവശ്യപ്പെട്ടിരുന്നു. അതിൽ ഒന്നുപോലും അനുവദിച്ചിട്ടില്ല. ഇവിടെ നമ്മൾ ആലോചിക്കേണ്ടത്, നമ്മുടെ സംസ്ഥാനത്തിന്റെ തനതു*കഴിവു*കൾകൊണ്ടാണ് നമ്മൾ മുന്നോട്ടുപോകുന്നതെന്നാണ്. പക്ഷേ ഇതൊന്നും അനുവദിക്കില്ലെന്നും ബജറ്റിൽ പറഞ്ഞിട്ടുള്ള ഒരുകാര്യവും നടപ്പാക്കില്ലെന്നുമാണ് പ്രതിപക്ഷനേതാവ് പറയുന്നത്. സർക്കാർ ജീവനക്കാരുടെ ശമ്പള വർധനവിനുള്ള *കമ്മീഷനെ* അവർ അംഗീകരിക്കില്ലെന്നും ഒരുകാര്യവും നടത്താൻ സമ്മതിക്കില്ലെന്നുമാണ് അവർ പറയുന്നത്. ഞങ്ങൾ ഒരു

കോൺഗ്രസ് നേതാവിന്റെ ഗൃഹസന്ദർശനം നടത്തിയപ്പോൾ അദ്ദേഹം പറഞ്ഞത്, പെൻഷൻ വാങ്ങുന്ന വ്യക്തിയാണെന്നും യു.ഡി.എഫ്. അധികാരത്തിൽ വന്നാൽ പെൻഷൻപോലും നൽകില്ലെന്നും അന്ന് പെൻഷൻ ലഭിക്കാതെ വന്നാൽ ഞങ്ങൾ പറയും ശ്രീ. പിണറായി വിജയനാണ് കേരളത്തെ സാമ്പത്തികമായി തകർത്തതെന്നും അതുകൊണ്ട് പെൻഷൻ തരാൻ നിർവാഹമില്ലെന്നുംപറഞ്ഞ് നിയമസഭയിൽ ധവളപത്രം ഇറക്കുമെന്നും മാതൃഭൂമിയും മലയാള മനോരമയും ചേർന്ന് ഞങ്ങൾക്ക് ആവശ്യമായ സഹായങ്ങൾ ചെയ്തുതരുമെന്നും അന്നും ശ്രീ. പിണറായി വിജയൻ തന്നെയാണ് കുറ്റക്കാരനെന്നുമാണ് അദ്ദേഹം ഞങ്ങളോട് പറഞ്ഞത്. ഇതാണ് കേരളത്തിൽ നടക്കുന്ന പ്രചാരണങ്ങൾ. 'മതമാണ് മതമാണ് മതമാണ് പ്രശ്നമെന്ന്' ഒരു ലീഗ് നേതാവ് പ്രസംഗിച്ചു. അതിനെ എതിർത്തുകൊണ്ട് ഒരു ലീഗുകാരനും സംസാരിച്ചതായി കേട്ടില്ല. ശ്രീ. കെ. എൻ. ബാലഗോപാൽ തന്റെ ബജറ്റിൽ എത്രയോ കാലങ്ങളായി കേരളം മുഴക്കുന്ന മുദ്രാവാക്യമായ 'മതമല്ല മതമല്ല മതമല്ല പ്രശ്നം, എരിയുന്ന വയറിന്റെ തീയാണ് പ്രശ്നം' എന്നത് അദ്ദേഹം മുന്നോട്ടുവച്ചത്. പാവപ്പെട്ട ജനങ്ങൾക്ക്, സാധാരണക്കാർക്ക്, തൊഴിലാളികൾക്ക്, വിദ്യാർഥികൾക്ക്, മറ്റ്

നാനാവിഭാഗം ജനങ്ങൾക്ക്, അവർ പട്ടിണിയില്ലാതെ കഴിഞ്ഞുപോകാൻ ആവശ്യമായ നിലപാടെടുത്ത് വർഗീയതയിലേക്ക് കേരളസമൂഹത്തെ കൊണ്ടുപോകാൻ അനുവദിക്കില്ലെന്ന് പ്രഖ്യാപിക്കുന്നതാണ് നമ്മുടെ ഈ ബജറ്റ്. ടൂറിസം ഭൂപടത്തിലെ ഏറ്റവും സുപ്രധാനമായ ഒരു സ്ഥലമാണ് ബേക്കൽ. പതിനായിരക്കണക്കിന് വിദേശ, ആഭ്യന്തര ടൂറിസ്റ്റുകൾ ബേക്കലിലേക്ക് ഒഴുകിയെത്താറുണ്ട്. ബേക്കലിൽ എയർസ്ട്രിപ്പ് എന്ന ആശയം നേരത്തെ മുന്നോട്ടുവച്ചതാണ്. എയർസ്ട്രിപ്പ് നടപ്പാക്കാൻ സംസ്ഥാന സർക്കാർ മുന്നോട്ടുവരണം. കേരളത്തിന്റെയും ബേക്കലിന്റെയും ടൂറിസവികസനം അത്യന്താപേക്ഷിതമാണ്. ഈ ബജറ്റിൽ അതിന് സൂചന നൽകിയിട്ടുണ്ട്. എയർസ്ട്രിപ്പ് നടപ്പാക്കണമെന്ന് അഭ്യർത്ഥിച്ച്, ബജറ്റിനെ അനുകൂലിച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

<u>ശ്രീ. സി. കെ. ഹരീന്ദ്രൻ</u>: സർ, ബജറ്റ് വെറുമൊരു വരവ്-ചെലവ് കണക്ക് മാത്രമല്ല എൽ.ഡി.എഫ്. സർക്കാർ വിഭാവനം ചെയ്ത നവകേരള സൃഷ്ടിക്കുള്ള വ്യക്തമായ മാർഗരേഖ കൂടിയാണ്. കേന്ദ്രസർക്കാർ സംസ്ഥാനത്തിന്റെ അർഹമായ വിഹിതം വെട്ടിക്കുറച്ച് നമ്മളെ ശ്വാസം മുട്ടിക്കാൻ ശ്രമിക്കുമ്പോഴും ആ വെല്ലുവിളികളെ അതിജീവിച്ച് ജനപക്ഷത്ത്

നിൽക്കുന്ന ഒരു ബദൽ രാഷ്ട്രീയമാണ് ബജറ്റ് മുന്നോട്ടുവയ്ക്കുന്നത്. അതിനെ ഞാൻ ഹൃദയപൂർവ്വം പിന്തുണയ്ക്കുകയാണ്. കേരളം കരുത്തുറ്റ സമ്പദ്വ്യവസ്ഥ അടയാളപ്പെടുത്തുന്ന നിലയിൽ സാമ്പത്തികമായി മുന്നേറുകയാണ്. വളർച്ചാ നിരക്കും ആളോഹരി വരുമാനവും ദേശീയ ശരാശരിയെക്കാൾ മുന്നിലാണ്. ഇതുവഴി സാമ്പത്തികമായ പുരോഗതി കൈവരിക്കുമ്പോൾ ചേർത്തുപിടിക്കേണ്ട ജനവിഭാഗം ഏതാണെന്ന് വ്യക്തമായി ഗവൺമെന്റിന് കാഴ്ചപ്പാടുണ്ട്. അസംഘടിത മേഖലകളിലെ തൊഴിലാളികളെ ചേർത്തുപിടിക്കുന്നതിൽ ഈ ഗവൺമെന്റ് ഒരിക്കലും പിന്നോട്ടുപോയിട്ടില്ല. നേരത്തെ ഇവിടെ പലരും സൂചിപ്പിച്ചതുപോലെ, തൊഴിലുറപ്പ് പദ്ധതിയെ കടുത്ത മാനദണ്ഡങ്ങൾ ഉപയോഗിച്ച് തകർക്കാൻ ശ്രമിക്കുമ്പോഴും കേരളത്തിലെ ഗവൺമെന്റ് അതിനെ സംരക്ഷിക്കാനുള്ള നിലപാടാണ് സ്വീകരിക്കുന്നത്. 1980-കളിൽ ഒരു സാഹിത്യകാരൻ ഇന്ത്യയിലെ ഗ്രാമങ്ങൾ സന്ദർശിച്ചതിനുശേഷം എഴുതപ്പെട്ട നോവലിൽ, സഹപാഠിയെ ഏറെ നാളുകൾക്കുശേഷം കാണാൻ പോയപ്പോൾ അയാൾക്കുണ്ടായ അനുഭവമാണ് പ്രതിപാദിച്ചിരിക്കുന്നത്. അദ്ദേഹം ആ വീട്ടിലെത്തിയപ്പോൾ സഹപാഠി പുറത്തുവരാതെ വീടിനകത്ത് മുറി അടച്ചിരിക്കുകയാണ്.

കാര്യമെന്താണെന്ന് തിരക്കിയപ്പോൾ സഹധർമ്മിണി പുറത്തുപോയെന്നും പുറത്തിറങ്ങി വരാൻ ഉടുവസ്ത്രമില്ലെന്നും സഹധർമ്മിണി തിരിച്ചുവന്നാൽ മാത്രമേ വസ്ത്രം ധരിച്ച് പുറത്തിറങ്ങാൻ കഴിയുകയുള്ളൂവെന്നും പറയുകയുണ്ടായി. ആ നോവലിൽ ഇന്ത്യൻ ഗ്രാമങ്ങളുടെ സ്ഥിതി ഇങ്ങനെയാണെന്ന് എഴുത്തുകാരൻ അദ്ദേഹത്തിന്റെ പുസ്തകത്തിൽ പ്രതിപാദിച്ചു, ഇത് ഒരുപക്ഷെ അദ്ദേഹത്തിന്റെ സങ്കല്പമാകാം. ഇതായിരുന്നു ഇന്ത്യയിലെ ലക്ഷകണക്കിന് വരുന്ന ഗ്രാമങ്ങളുടെ അവസ്ഥ. പാർലമെന്റിൽ ഇടതുപക്ഷത്തിന് വലിയ ഭൂരിപക്ഷം ലഭിച്ച സന്ദർഭത്തിൽ ശക്തമായി ഇടപ്പെട്ടതിന്റെ ഭാഗമായി 2005-ലെ യു.പി.എ. ഗവൺമെന്റിന്റെ ഭരണക്കാലത്ത് ടി അവസ്ഥയ്ക്ക് മാറ്റമുണ്ടായി. ഞങ്ങൾക്ക് വേണമെങ്കിൽ അന്ന് മന്ത്രിയാകാനും സാധിക്കുമായിരുന്നു. പക്ഷേ ഞങ്ങൾ മുന്നോട്ടുവച്ചത് ഇന്ത്യയിലെ ഗ്രാമങ്ങളിലെ ഈ വ്യവസ്ഥിതി മാറ്റാനായിരുന്നു, ഏറ്റവും സമഗ്രമായ ജനപക്ഷ നിയമത്തിനുവേണ്ടി പാർലമെന്റിൽ യു.പി.എ.-യെ പിന്തുണയ്ക്കാമെന്നാണ്. അതാണ് ഇടതുപക്ഷത്തിന്റെ ജനപക്ഷ വീക്ഷണം. അതിനെയാണ് ബി.ജെ.പി. ഗവൺമെന്റ് തകർത്തെറിയാൻ ശ്രമിച്ചുകൊണ്ടിരിക്കുന്നതെന്ന യാഥാർത്ഥ്യം നാം തിരിച്ചറിയണം.

പ്രതിപക്ഷം ആ പേരുമാറ്റിയതിനെ ചൊല്ലിയാണ് ബഹളം വയ്ക്കുന്നത്. രാജ്യത്തെ കോടിക്കണക്കിന് വരുന്ന പട്ടിണി പാവങ്ങളെക്കുറിച്ച് ചിന്തിക്കുന്നില്ല. പേര് മാറ്റിയത് ശരിയല്ലെന്ന അഭിപ്രായം തന്നെയാണ് ഞങ്ങൾക്കുമുള്ളത്. പക്ഷേ ഞങ്ങൾ വീക്ഷിക്കുന്നത് ഈ നാട്ടിലെ കോടിക്കണക്കിന് സാധാരണക്കാരുടെ ജീവിതത്തെക്കുറിച്ചാണ്. ബജറ്റിൽ ഓട്ടോറിക്ഷാ തൊഴിലാളികളെക്കുറിച്ച് പ്രതിപാദിച്ചിട്ടുണ്ട്. തെരുവുകളിൽ രാത്രിയും പകലുമില്ലാതെ വണ്ടിയോടിച്ച് ജീവിക്കുന്ന ലക്ഷക്കണക്കിന് ഓട്ടോറിക്ഷാ തൊഴിലാളികളെ സംരക്ഷിക്കുന്നതിനുവേണ്ടി നാൽപ്പതിനായിരം രൂപ സബ്സിഡി നൽകി വാഹനം വാങ്ങി ഓടിച്ച് ജീവിക്കാൻ കഴിയുന്ന അവസ്ഥയിലേക്ക് നയിക്കാനുള്ള അവസരം കേരള ഗവൺമെന്റ് ഒരുക്കി. പെൻഷൻ വാങ്ങുന്നവരുടെ പുഞ്ചിരി കാണാനും വിഷമവും വിഷാദവും മാറ്റുന്നതിനുംവേണ്ടി സാമൂഹ്യസുരക്ഷാ പെൻഷൻ പദ്ധതിയിലേക്കായി തനതുവർഷം പതിനാലായിരത്തി അഞ്ഞൂറുകോടി രൂപയാണ് ഗവൺമെന്റ് മാറ്റിവച്ചത്. വിദേശ രാജ്യങ്ങളിൽപോയി ജോലി ചെയ്ത് വിദ്യാഭ്യാസം നേടിവരുന്ന വിദ്യാർഥികൾക്ക് സംസ്ഥാനത്തിനകത്തുതന്നെ വിദ്യാഭ്യാസം നൽകാനും തൊഴിലെടുക്കാനും

കഴിയുന്ന വിപ്ലവാത്മകമായ പദ്ധതികൾക്ക് രൂപംകൊടുക്കാൻ ബജറ്റിൽ നിർദേശിച്ചിട്ടുണ്ട്. സംസ്ഥാനത്ത് അടിസ്ഥാന സൗകര്യ വികസനത്തിനുവേണ്ടി കിഫ്ബി വഴി ഒരുലക്ഷം കോടി രൂപയാണ് മാറ്റിവച്ചത്. എന്റെ നിയോജകമണ്ഡലത്തിൽ പദ്ധതികൾ നടപ്പാക്കുന്നതിന് കേന്ദ്ര സർക്കാർ പല തടസ്സങ്ങളും സൃഷ്ടിച്ചു. അതുമാറ്റി ഗോത്രവർഗ്ഗ ജനവിഭാഗങ്ങൾക്കുവേണ്ടി കരിപ്പയാറിന് കുറുകെ കിഫ്ബി ഫണ്ട് ഉപയോഗിച്ച് ഒരു പാലം  നിർമ്മിക്കുകയുണ്ടായി. സോഷ്യൽ മീഡിയ വഴി ആ പാലത്തിന്റെ ചിത്രം പുറത്തുവന്നപ്പോൾ ഏകദേശം ഒന്നേമുക്കാൽ കോടി ആളുകളാണ് ആ പാലം കണ്ടത്. ആ പാലത്തിന് പേരിട്ടിരിക്കുന്നത് സുന്ദരപാലമെന്നാണ്. ഏകദേശം ആറ് പതിറ്റാണ്ടുകളായി ഉൾവനങ്ങളിൽ ഒറ്റപ്പെട്ട ഗോത്രവർഗ ജനവിഭാഗങ്ങൾക്ക്, മൂവായിരത്തോളം വരുന്ന ആദിവാസികൾക്ക് പൊതുയിടങ്ങളിലേക്ക് വരാനുള്ള സൗകര്യങ്ങൾ കിഫ്ബി വഴി ഒരുങ്ങിക്കഴിഞ്ഞു. ആ കിഫ്ബിയെയാണ് ഇവിടെ ആക്രമിക്കുന്നത്. ശബരിമല സ്വർണ്ണമെന്നുപറഞ്ഞ് പ്രതിപക്ഷം സഭ ബഹിഷ്കരിച്ച് പോകുകയുണ്ടായി. നാട്ടുകാരെ പറ്റിച്ച് പത്ത് വോട്ടുനേടാൻവേണ്ടി നടത്തുന്ന ഈ പാഴ്ശ്രമം ഒരിക്കലും കേരളത്തിലെ

ജനങ്ങൾ അംഗീകരിക്കില്ലെന്ന് വിനയപൂർവം അവരെ ഓർമ്മിപ്പിക്കുന്നു. കേന്ദ്ര സർക്കാരിന്റെ ബജറ്റ് പലപ്പോഴും വാഴ്ത്തുപാട്ടുകളായി മാറുകയാണ് പതിവ്. 'ആത്മനിർഭർ ഭാരത്,' നാരീശക്തി' എന്നിവ എന്തുമാറ്റമാണ് സമൂഹത്തിൽ വരുത്തിയത്? ഏറ്റവും ഒടുവിൽ ബജറ്റ് അവതരിപ്പിച്ച ശ്രീമതി നിർമ്മലാ സീതാരാമൻ രാജ്യത്തെ യുവാക്കളുടെ ഉന്നമനത്തിന് മുൻഗണന നൽകുന്ന 'യുവശക്തി' കേന്ദ്രീകൃതമായ ബജറ്റാണിതെന്ന് പ്രഖ്യാപിച്ചു. പിന്നെ മൂന്ന് കർത്തവ്യങ്ങളെക്കുറിച്ച് പറഞ്ഞു, അത് എന്താണെന്ന് മനസ്സിലായിട്ടില്ല. അവരോടൊപ്പം നിൽക്കാത്ത സംസ്ഥാന ഗവൺമെന്റുകളെ ശ്വാസം മുട്ടിക്കുന്ന കർത്തവ്യമാണോയെന്ന് നമുക്ക് അറിയില്ല. കേരളം ഇന്ത്യയുടെ ഭാഗമല്ലേ, ഭരണഘടനാപരമായ ഫെഡറൽ സിസ്റ്റമല്ലേ നമ്മുടെ രാജ്യത്ത് നിലനിൽക്കുന്നത്. സംസ്ഥാനങ്ങളെ ചേർത്തുനിർത്തുമ്പോഴാണ് രാജ്യത്തിന്റെ ഐക്യം നിലനിർത്താനും ഇന്ത്യൻ ദേശീയതയെ സംരക്ഷിക്കാനും സാധിക്കുന്നത്. സംസ്ഥാനങ്ങളെ അവഗണിച്ചാൽ എന്തായിരിക്കും സ്ഥിതി; ഇന്ത്യയിൽ പലപ്പോഴും കണ്ടിട്ടില്ലേ? ഇന്ദിരാഗാന്ധിയുടെ മരണത്തിന് ഇടവരുത്തിയത് സാമൂഹികമായ പിന്നോക്കാവസ്ഥയിൽനിന്ന് ഉയർന്നുവന്ന അമർഷവും പ്രതിഷേധവുമാണ്.

ഇതെല്ലാം ഇന്ത്യാ ചരിത്രത്തിന്റെ ഭാഗമല്ലേ? അതുകൊണ്ട് രാജ്യത്തെ ജനങ്ങളെ കബളിപ്പിക്കാൻ അവതരിപ്പിക്കുന്ന ബജറ്റുകൾ ഈ രാജ്യത്തെ ജനങ്ങളെ നന്മയിലേയ്ക്ക് നയിക്കാനല്ല ഉപകരിക്കുന്നത്, ഈ രാജ്യത്തെ ജനങ്ങളെ തകർത്തെറിയാനുള്ള പരിശ്രമത്തിലാണ്. അതിന് അനുകൂലമായ നിലപാടാണ് പ്രതിപക്ഷം സ്വീകരിക്കുന്നതെന്ന് അവർ ഓർക്കുന്നത് നന്നായിരിക്കുമെന്ന കാര്യം ഓർമ്മപ്പെടുത്തികൊണ്ട് ഈ ബജറ്റിനെ പിന്തുണച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. കെ. പി. മോഹനൻ: സർ, കേരളത്തിന്റെ ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എൻ. ബാലഗോപാൽ അവതരിപ്പിച്ച സർവതലസ്പർശിയായ ബജറ്റിനെ ഞാൻ പിന്തുണയ്ക്കുകയാണ്. കേരള ജനതയ്ക്കുവേണ്ടി നാടിന്റെ വികസനം കണ്ടറിഞ്ഞുകൊണ്ടും പാവപ്പെട്ട തൊഴിലാളികൾക്കും വിദ്യാർഥികൾക്കും സ്ത്രീകൾക്കുംവേണ്ടി, അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിനുവേണ്ടി അവതരിപ്പിച്ച ബജറ്റ് നാടിന്റെ മുന്നോട്ടുള്ള വികസന പ്രവർത്തനങ്ങൾക്കെല്ലാം ആക്കം കൂട്ടുന്നതാണ്. അസാധ്യമായി ഒന്നുമില്ലെന്ന നെപ്പോളിയന്റെ വാക്ക് കടമെടുക്കുകയാണ്. ഗെയിൽ പൈപ്പ് ലൈൻ, വിഴിഞ്ഞം തുറമുഖം, ദേശീയപാത വികസനം, മലയോര/തീരദേശ

ഹൈവേകൾ, തുരങ്കപാത എന്നിവ യാഥാർത്ഥ്യമാക്കിയത് ശ്രീ. പിണറായി വിജയന്റെ നേതൃത്വത്തിലുള്ള ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരാണ്. ഈ കഴിഞ്ഞ പത്തുവർഷക്കാലം പ്രതിപക്ഷത്തിന് സമരം ചെയ്യാനുള്ള വിഷയമില്ലായിരുന്നു. പെൻഷൻ കൃത്യമായി നൽകി. ആശുപത്രിയിൽ മരുന്നും ഡോക്ടറും എല്ലാ സമയത്തും ലഭ്യമാണ്. ഇപ്പോൾ സമരത്തിന് വിഷയമുണ്ടാക്കാൻവേണ്ടി യു.ഡി.എഫ്. ലൈഫ് മിഷൻ ഉൾപ്പെടെയുള്ള പദ്ധതികൾ ഇല്ലാതാക്കുമെന്ന് പറഞ്ഞുകൊണ്ടാണ് മുന്നോട്ടുപോകുന്നത്. സമസ്ത മേഖലകളിലും ക്ഷേമം ഉറപ്പാക്കുന്നതിന് ബജറ്റിൽ സാധിച്ചു. നമ്മുടെ ബജറ്റിന് ഒരു പ്രത്യേകതയുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെക്കുറിച്ച് പറയുമ്പോൾ ഞങ്ങൾ പറയാറുണ്ട്. എനിക്ക് ഓർമ്മ വരുന്നത് പോക്കിരിരാജ എന്ന സിനിമയിലെ 'രാജാ സൊള്ളുരുതു താൻ ചെയ്യുവാൻ ചെയ്‌വത് മട്ടും താൻ സൊള്ളുവാൻ' എന്ന ഡയലോഗാണ്. പറഞ്ഞതെല്ലാം ചെയ്യും ചെയ്യുന്നത് മാത്രമേ പറയൂ എന്നാണ്. ബഹുമാനപ്പെട്ട ധനകാര്യമന്ത്രിക്കും ആ രീതി തന്നെയാണ്. കേന്ദ്ര ബജറ്റിൽ കേരളത്തിന് പ്രതീക്ഷിച്ചതൊന്നും ലഭിച്ചില്ല. അതിനെതിരെ ശബ്ദമുയർത്താൻ പ്രതിപക്ഷം തയ്യാറായില്ല. അതോടൊപ്പം തന്നെ കേന്ദ്ര ഗവൺമെന്റ്

എം.ജി.എൻ.ആർ.ഇ.ജി.എസ്. തൊഴിലുറപ്പ് പദ്ധതിയിൽനിന്ന് 'മഹാത്മഗാന്ധി'-യെ എടുത്തുമാറ്റി. മഹാത്മഗാന്ധിയോട് അല്പമെങ്കിലും സ്നേഹമുണ്ടായിരുന്നെങ്കിൽ പ്രതിപക്ഷം അതിനെതിരെ പ്രതികരിക്കുമായിരുന്നു. കേരളത്തിൽ ഇടതുപക്ഷമുന്നണിയുടെ സി.പി.ഐ.(എം.), സി.പി.ഐ., ആർ.ജെ.ഡി.-യും കേരളത്തിൽ സമരം ചെയ്തപ്പോൾ പ്രതിപക്ഷം അനങ്ങിയില്ല. കേരളത്തിന് ആമ ജീവിതമാണെന്നാണ് കേന്ദ്ര ബജറ്റിനെ വിലയിരുത്തി മാധ്യമങ്ങൾ പറഞ്ഞിട്ടുള്ളത്. ക്ഷേമ പെൻഷൻ ഇനത്തിൽ തുക വകയിരുത്തി പാവങ്ങളോടുള്ള ഈ സർക്കാരിന്റെ പ്രതിജ്ഞാബന്ധത ഉറപ്പാക്കുകയാണ്. ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എൻ. ബാലഗോപാൽ ഈ ബജറ്റ് ചെയ്യാൻ വേണ്ടിതന്നെയാണ് പറഞ്ഞതെന്ന് വ്യക്തമാണ്. അതുകൊണ്ട് നമ്മുടെ ബജറ്റ് എല്ലാവർക്കും സന്തോഷമാണ് നൽകിയിട്ടുള്ളത്. കേന്ദ്രത്തിന്റെ അവഗണന തുടരുമ്പോഴും സ്വന്തം കാലിൽനിന്നുകൊണ്ട് സാധ്യമായ തരത്തിൽ പോരാട്ടം തുടരുമെന്നാണ് ബജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ളത്. ഒരു പദ്ധതിയും നടക്കില്ലെന്ന് കരുതി ഈ സർക്കാർ മാറ്റിവച്ചിട്ടില്ല. റോഡുകളും പാലങ്ങളും വ്യവസായ സംരംഭങ്ങളും ആശുപത്രി ഉൾപ്പെടെയുള്ള കെട്ടിടസമുച്ചയങ്ങളുമെല്ലാം

വേഗത്തിൽ പൂർത്തീകരിക്കാൻ സാധിച്ചു. അതിവേഗത്തിൽ വികസനം സാധ്യമാക്കുമ്പോഴും നാട്ടിലെ കൂലിപണിക്കാരായ സാധാരണക്കാരുടെ മുഖത്ത് പുഞ്ചിരി വിടർത്താൻ ഈ സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. ഭവന പദ്ധതി, സാമൂഹ്യ സുരക്ഷ പെൻഷൻ എന്നിവയെല്ലാം സമൂഹത്തിലെ അടിസ്ഥാന വിഭാഗങ്ങളുടെ ക്ഷേമം കൂടി ഉറപ്പുവരുത്തുന്നതായിരുന്നു. പാവങ്ങളുടെ കണ്ണീരൊപ്പിയ പിണറായി സർക്കാർ ലോകത്തിനുതന്നെ മാതൃകയായത് നമ്മൾ കണ്ടതാണ്. 'അതിദാരിദ്ര്യമുക്ത കേരളം' പ്രഖ്യാപിച്ചപ്പോൾ എല്ലാ സംസ്ഥാനങ്ങളിൽനിന്നും കേന്ദ്രത്തിൽനിന്നും അഭിനന്ദന പ്രവാഹമായിരുന്നു. കേന്ദ്രത്തിന്റെ അവഗണനയുണ്ടെങ്കിലും ജനോപകാരപ്രദമായ പദ്ധതികളൊന്നും ഈ സർക്കാർ വെട്ടിച്ചുരുക്കിയിട്ടില്ല. സ്കൂളുകൾ, ആശുപത്രികൾ, സർക്കാർ ഓഫീസുകൾ എന്നിവയെല്ലാം ലോകോത്തര നിലവാരത്തിലുള്ളതായി കാണാൻ സാധിക്കും. എന്റെ നിയോജകമണ്ഡലത്തിലെ കുത്തുപറമ്പ് താലൂക്കാശുപത്രി 12 നിലകളുള്ള മൾട്ടി സ്പെഷ്യൽ ആശുപത്രിയാക്കി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ആരോഗ്യമന്ത്രിയും ഉദ്ഘാടനം ചെയ്തിരിക്കുകയാണ്. വർഗീയ ലഹളയില്ലാത്ത വർഷങ്ങൾ, ബ്ലേഡ് മാഫിയകളുടെ അഴിഞ്ഞാട്ടമില്ലാത്ത

നാളുകൾ, സമാധാനപരമായി വീട്ടിൽ കിടന്നുറങ്ങാൻ കഴിഞ്ഞവരെല്ലാം ഈ സർക്കാരിനെ നെഞ്ചിലേറ്റുമെന്ന് ഉറപ്പാണ്. അതുകൊണ്ട് അവരെല്ലാം വീണ്ടും എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽ വരണമെന്നാണ് ആഗ്രഹിക്കുന്നത്. ആശാവർക്കർമാർ, അങ്കണവാടി വർക്കർ, ഹെൽപ്പർ എന്നിവരുടെ ഓണറേറിയം വർധിപ്പിച്ചതിനെ അഭിനന്ദിക്കുന്നു. ബഹുമാനപ്പെട്ട മന്ത്രിയെ കാണുമ്പോഴൊക്കെ സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന്റെ കീഴിലുള്ള ലൈബ്രേറിയൻമാരുടെ അലവൻസ് വർധിപ്പിക്കണമെന്ന കാര്യം ഞാൻ സൂചിപ്പിച്ചിരുന്നതാണ്. ഈ ബജറ്റിൽ അലവൻസ് വർധിപ്പിച്ച നടപടിയെ അഭിനന്ദിക്കുകയാണ്. കുടുംബശ്രീ ചെയർപേഴ്സൺമാരുടെ ഓണറേറിയം വർധിപ്പിക്കുന്നകാര്യം കൂടി സർക്കാർ പരിശോധിക്കണം. ഹരിതകേരളം, ശുചിത്വമിഷൻ ഉൾപ്പെടെയുള്ള നാല് മിഷനുകളിലൂടെ നമ്മുടെ നാടിന്റെ മുഖച്ഛായതന്നെ മാറ്റാൻ കഴിഞ്ഞിട്ടുണ്ട്. എന്റെ മണ്ഡലത്തിലെ പ്രധാനപ്പെട്ട പദ്ധതികളുടെ പൂർത്തീകരണത്തിന് ബജറ്റിൽ കൂടുതൽ തുക വകയിരുത്താൻ ബഹുമാനപ്പെട്ട മന്ത്രി മുന്നോട്ടുവരണമെന്ന് വളരെ വിനയത്തോടുകൂടി അഭ്യർത്ഥിക്കുകയാണ്. വടക്കൻ കേരളത്തിലെ പ്രധാന അന്തർസംസ്ഥാന റൂട്ടും കണ്ണൂർ

വിമാനത്താവളത്തിന് സമീപത്തുമുള്ള കൂത്തുപറമ്പിൽ അത്യാധുനിക ബസ് ടെർമിനൽ നിർമ്മിക്കാൻ നഗരത്തിലെ കണ്ണായ സ്ഥലം നഗരസഭ ഏറ്റെടുത്ത് ഡി.പി.ആർ. തയ്യാറാക്കിയിട്ട് വർഷങ്ങളായെങ്കിലും ടെർമിനൽ നിർമ്മിക്കാൻ ഇതുവരെ സാധിച്ചിട്ടില്ല. ഇതിനായുള്ള ഡി.പി.ആർ. നഗരസഭ തയ്യാറാക്കി നഗരകാര്യ ഡയറക്ടർക്ക് നൽകിയിട്ടുണ്ട്. ഇക്കാര്യത്തിൽ സർക്കാരിന്റെ പ്രത്യേക ശ്രദ്ധ വേണമെന്ന് അഭ്യർത്ഥിക്കുകയാണ്. ജനപ്രിയ ബജറ്റിന്റെ മാറ്റുകൂട്ടുന്ന ഈ ബജറ്റിൽ ബസ് ടെർമിനൽ നിർമ്മാണത്തിന് തുക അനുവദിക്കണമെന്ന് വിനീതമായി അഭ്യർത്ഥിക്കുകയാണ്. എന്റെ മണ്ഡലത്തിൽ വ്യവസായ പാർക്ക് സ്ഥാപിക്കാൻ ചെറുവാഞ്ചേരി, പുത്തൂർ, മൊകേരി വില്ലേജുകളിൽനിന്നും നവോദയ കുന്നിൽ വ്യവസായ വകുപ്പിന്റെ കീഴിൽ 506 ഏക്കർ ഭൂമി ഏറ്റെടുക്കുന്നതിന് കിൻഫ്ര നടപടികൾ ആരംഭിച്ചെങ്കിലും തുടർനടപടികൾ സ്വീകരിച്ചതായി കാണുന്നില്ല. തൊഴിൽ സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുന്ന നയത്തിന്റെ ഭാഗമായി നാട്ടിലെ യുവതീ-യുവാക്കൾക്ക് വൻതോതിൽ തൊഴിലവസരങ്ങൾ ലഭ്യമായിട്ടുണ്ട്. വ്യവസായ പാർക്ക് യാഥാർത്ഥ്യമാകുന്നതോടെ കൂത്തുപറമ്പ് മണ്ഡലത്തിലെ അഭ്യസ്തവിദ്യരായ യുവജനങ്ങൾക്ക് കൂടുതൽ തൊഴിലവസരം ലഭ്യമാകും.

ഇക്കാര്യത്തിൽ സംസ്ഥാനത്ത് പൊതുവെ കാണിക്കുന്ന താൽപര്യം കൂത്തുപറമ്പ് മണ്ഡലത്തിനോടും ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്. ബജറ്റിൽ വകുപ്പിന് അനുവദിച്ച വിവിധ വിഹിതത്തിൽനിന്നും ഈ ഭൂമി ഏറ്റെടുക്കൽ നടപടിക്ക് മുൻഗണന നൽകണമെന്ന് ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്. നടപടി വൈകുന്നതിനാൽ ഇവിടെ അനധികൃത ചെങ്കൽ ഖനനം വൻതോതിൽ നടക്കുകയാണ്. കൂത്തുപറമ്പിലെ നിരവധി വികസന പ്രവർത്തനങ്ങൾ അതുപോലെ എല്ലാ കാര്യങ്ങളും നടപ്പിലാക്കി മുന്നോട്ട് പോകാൻ നമ്മുടെ സർക്കാരിന് സാധിക്കണം. കൂത്തുപറമ്പിലെ ജെൻഡർ കോംപ്ലക്സ് രണ്ടാം ഘട്ടം, കെ. ജി. സുബ്രഹ്മണ്യ സ്മാരക സമുച്ചയ നിർമ്മാണം എന്നിവ. കെ. ജി. സുബ്രഹ്മണ്യൻ കേരളത്തിലെ ഏറ്റവും വലിയ ചിത്രകാരനും കലാകാരനുമായിരുന്നു. അദ്ദേഹത്തിന്റെ ജന്മനാടാണ് കൂത്തുപറമ്പ്. അവിടെ അദ്ദേഹത്തിനുവേണ്ടിയുള്ള സമുച്ചയം നിർമ്മിക്കണമെന്നുള്ളത് ഒരുപാട് വർഷമായുള്ള എല്ലാവരുടെയും ആവശ്യമാണ്. അതിന്റെ നടപടിക്രമങ്ങളുമായി എല്ലാ രീതിയിലും മുന്നോട്ട് പോവുകയാണ്. കൂത്തുപറമ്പിലെ പാട്യം പഞ്ചായത്തിലാണ് വാഗ്ഭടാനന്ദ സമുച്ചയം

നിർമ്മിക്കാൻ പോകുന്നത്. വാഗ്ഭടാനന്ദന്റെ ജന്മനാടായ പാട്യത്ത് അദ്ദേഹത്തിന് വലിയൊരു സമുച്ചയം നിർമ്മിക്കുന്നതിനുള്ള എല്ലാ നടപടികളും പൂർത്തീകരിച്ചിട്ടുണ്ട്. അതിനുവേണ്ട ഫണ്ട് അലോട്ട് ചെയ്തതാണെങ്കിലും നടപടിക്രമങ്ങളായിട്ടില്ല. കൺവെൻഷൻ സെന്ററോടുകൂടിയ വലിയ സമുച്ചയമാണ് നിർമ്മിക്കാൻപോകുന്നത്. ബഹുമാനപ്പെട്ട മന്ത്രി മുൻകൈയെടുത്ത് നടപടികൾ മുന്നോട്ടുപോകുന്നുണ്ട്. അതിന് ഫണ്ട് അലോട്ട് ചെയ്യുന്ന നടപടിക്രമങ്ങൾക്ക് സർക്കാരിന്റെ ഇടപെടലുണ്ടാകണമെന്നാണ് അഭ്യർഥിക്കാനുള്ളത്. മയ്യഴിപ്പുഴയോരത്ത്-പെരിങ്ങത്തൂർ-കിടഞ്ഞി തീരദേശ റോഡ്, ചെറുവാഞ്ചേരി സ്റ്റേഡിയം വിപുലീകരണം, പാനൂർ സിവിൽ സ്റ്റേഷൻ രണ്ടാം ഘട്ടം, കൂത്തുപറമ്പ് ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂൾ പുതിയ ബ്ലോക്ക് രണ്ടാം ഘട്ടം എന്നീ പദ്ധതികൾക്ക് കൂടുതൽ പരിഗണനയുണ്ടാകണമെന്നുകൂടി അഭ്യർഥിക്കുകയാണ്. നാടിന്റെ വികസനത്തിനുവേണ്ടി മുന്നേറ്റത്തിന് വഴിയൊരുക്കാൻ ഊന്നൽ നൽകിയ ബജറ്റാണ് എല്ലാ അർഥത്തിലും മുന്നോട്ടുവച്ചത്. ഇവിടത്തെ സാധാരണക്കാരുടെയും അതോടൊപ്പം വികസന രംഗത്ത് മറ്റ് സംസ്ഥാനങ്ങളിൽനിന്നും വ്യത്യസ്തമായി, മറ്റ്

സംസ്ഥാനങ്ങളിൽനിന്നും വ്യത്യസ്തമായി എന്ന് പറയുന്നത് പല സംസ്ഥാനങ്ങളുടെ മന്ത്രിമാരുമായും പാർട്ടി നേതാക്കന്മാരുമായും ബന്ധപ്പെടുമ്പോൾ കേരളത്തിന്റെ വികസനത്തെക്കുറിച്ചാണ് അവരെല്ലാം സൂചിപ്പിക്കുന്നത്. പ്രത്യേകിച്ച് ആന്ധ്രാപ്രദേശിൽനിന്നുള്ളവരെ ഇടയ്ക്ക് കാണുമ്പോഴും ഈ അടുത്തകാലത്ത് ഝാർഖണ്ഡിലെ മന്ത്രിയുമായി സംസാരിച്ചപ്പോഴും പറഞ്ഞത് കേരളത്തിന്റെ വികസനത്തിന്റെയടുത്ത് അവരുടെ വികസനം എത്തുന്നില്ലെന്നാണ്. ഇതെല്ലാം യാഥാർത്ഥ്യമാക്കാൻ ബഹുമാനപ്പെട്ട ധനകാര്യമന്ത്രിയുടെ അകമഴിഞ്ഞ സഹായമുണ്ടാകണം. ഈ സർക്കാർ കൂടുതൽ സഹായങ്ങൾ നൽകി മുന്നോട്ടുപോകണമെന്ന് വളരെ വിനയത്തോടെ അഭ്യർത്ഥിച്ചുകൊണ്ട് ബജറ്റ് നിർദേശങ്ങളെ ഒന്നുകൂടി പിന്താങ്ങിക്കൊണ്ട് നിർത്തുന്നു.

<u>ശ്രീ. പി. നന്ദകുമാർ</u>: സർ, ഒരു സർക്കാരിന്റെ ബജറ്റ് എന്നത് കേവലം വരവ്-ചെലവ് കണക്കുകളുടെ അവതരണമോ ചില പ്രഖ്യാപനങ്ങളോ അല്ല, മറിച്ച് ഒരു ഗവൺമെന്റിന്റെ നയപരമായ കാഴ്ചപ്പാടും അത് നടപ്പിലാക്കുന്നതിലുള്ള ഇച്ഛാശക്തിയുമാണ് അതിലൂടെ കാണേണ്ടത്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എൻ. ബാലഗോപാൽ

അവതരിപ്പിച്ച ബജറ്റിലൂടെ ഇടതുപക്ഷ സർക്കാർ ഉയർത്തിപ്പിടിക്കുന്ന രാഷ്ട്രീയം, ഇടതുപക്ഷ ബദൽ നയം എന്നിവ പ്രതിഫലിക്കുമ്പോൾ കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രി ശ്രീമതി നിർമ്മല സീതാരാമൻ അവതരിപ്പിച്ചത് പ്രോ-കോർപ്പറേറ്റ് ബജറ്റാണ്. ഫെഡറൽ കാഴ്ചപ്പാടിനെ അട്ടിമറിച്ച് കേരളത്തിൽ സാമ്പത്തിക ഉപരോധം ഏർപ്പെടുത്തിയിട്ടും ആഭ്യന്തര സ്രോതസ്സുകൾ വർധിപ്പിച്ചും ഇച്ഛാശക്തിയുംകൊണ്ടാണ് കേരളം മുന്നോട്ടുപോയത്. കേരളം ലോകത്തിന്റെ ഭാഗമാണ്, ഇന്ത്യയുടെ ഭാഗമാണ്, ആഗോള സമ്പദ്ഘടനയുടെ ഇരുളടഞ്ഞ ചിത്രമാണ് നമുക്ക് മുന്നിലുള്ളത്. വികസിത രാജ്യങ്ങളുടെ ജി.ഡി.പി. അടിസ്ഥാനമാക്കിയുള്ള ഉൽപാദനം കുറഞ്ഞുവരുന്നു, യൂറോപ്പിലും യു.എസ്.-ലും സമാനമായ അവസ്ഥയാണുള്ളത്. ശ്രീ. ഡൊണൾഡ് ട്രംപിന്റെ താരിഫ് നയം ലോകരാഷ്ട്രങ്ങളെയാകെ പിടിച്ചുകുലുക്കുകയാണ്. സാമ്പത്തിക തകർച്ചയിൽനിന്നും രക്ഷപ്പെടാനുള്ള ചെപ്പടിവിദ്യകൊണ്ടൊന്നും മുതലാളിത്തം രക്ഷപ്പെടാൻ പോകുന്നില്ല. അമേരിക്ക കൈക്കരുത്ത് കാണിച്ചുകൊണ്ട് ചെറുരാജ്യങ്ങളെ കടന്നാക്രമിക്കുകയാണ്. ഡോളറിന് പകരം ആഭ്യന്തര കറൻസിയിൽ വ്യാപാരം നടത്താൻ തയ്യാറായത് വെനസ്വേലൻ എണ്ണയാണ്. ബ്ലാക്ക് ടീ

കറൻസിയിൽ വിറ്റുവെന്നതും അമേരിക്കൻ സാമ്രാജ്യത്തെ ഞെട്ടിപ്പിച്ചതാണ്. ഇന്ത്യൻ സമ്പദ്ഘടനയും യഥാർഥത്തിൽ പ്രതിസന്ധിയിലാണ്. രൂപയുടെ വിലയിടിവ് നിത്യേനയുള്ള സംഭവമാണ്. സെൻസെക്സിൽ വന്നുകൊണ്ടിരിക്കുന്ന ഇടിവുകാരണം സ്വകാര്യ നിക്ഷേപം കുറഞ്ഞുവരുന്നു, വിദേശ നിക്ഷേപകർ നിക്ഷേപം പിൻവലിച്ച് പോകുന്നു, വിദേശ നാണയശേഖരം കുറയുന്നു. കൃഷിയിൽ ഇടിവ് തുടരുകയാണ്, കർഷകരുടെ ആത്മഹത്യ നിത്യസംഭവമാണ്, വിലക്കയറ്റവും തുടരുകയാണ്. റഷ്യൻ എണ്ണയ്ക്ക് വിലക്ക് ഏർപ്പെടുത്തിയപ്പോൾ വിദേശ നാണയശേഖരത്തിനും വൻ ഇടിവുണ്ടായി. ഇത് മറികടക്കാനുള്ള കുറിപ്പടികളാണ് ശ്രീമതി നിർമ്മല സീതാരാമന്റെ ബജറ്റിലൂടെ കാണുന്നത്. പൊതുചെലവ് കുറയ്ക്കൽ, നിക്ഷേപം വർധിപ്പിക്കാനെന്ന പേരിൽ കോർപ്പറേറ്റുകൾക്ക് ധാരാളം സൗകര്യങ്ങൾ അനുവദിക്കൽ, കോർപ്പറേറ്റ് നികുതി വർധിപ്പിച്ചില്ലെന്നുമാത്രമല്ല കോർപ്പറേറ്റുകൾക്ക് പൂർണ്ണ പിന്തുണ പ്രഖ്യാപിക്കുകയാണ് ഈ ബജറ്റിലൂടെ ചെയ്തത്. ഇൻഹെറിറ്റൻസ് ടാക്സ് കൊണ്ടുവന്നില്ല. കോർപ്പറേറ്റുകൾ വൻകൊള്ള നടത്തിയ കാലത്തും അതിന്റെ ചെറിയപങ്കുപോലും വാങ്ങാൻ കേന്ദ്രസർക്കാർ തയ്യാറായില്ല. മുതലാളിത്ത വികസിത രാഷ്ട്രങ്ങൾപോലും

കോർപ്പറേറ്റുകൾക്ക് ഇന്ത്യയേക്കാൾ എത്രയോ അധികം നികുതി ചുമത്തിയിട്ടുണ്ട്. ബജറ്റിൽ പ്രൊഡക്ഷൻ ലിങ്ക്ഡ് ഇൻസന്റീവ് എന്ന പേരിൽ ഒട്ടേറെ സൗജന്യങ്ങളാണ് കോർപ്പറേറ്റുകൾക്ക് നൽകുന്നത്. ലക്ഷക്കണക്കിന് കോടി രൂപയാണ് ബാങ്ക് വായ്പയായി എഴുതിത്തള്ളിയത്. എക്സൈസ് തീരുവ വെട്ടിക്കുറച്ചു, ഇപ്പോൾ ചരിത്രത്തിൽ ആദ്യമായി ബജറ്റിൽ കോർപ്പറേറ്റ് ടാക്സിനേക്കാൾ കൂടുതലായി സർവീസ് ടാക്സാണ് വന്നിട്ടുള്ളത്. ഡോളർ എക്സ്ചേഞ്ച് 91.492 രൂപ എന്നതാണ് ഇന്നത്തെ കണക്ക്. ബജറ്റിൽ മൊത്തം ചെലവിൽ 26 ശതമാനം പലിശയാണ്. ഇത് ആകെ റവന്യൂവിന്റെ 40 ശതമാനമാണ്. ഇവരാണ് നമ്മളോട് സാമ്പത്തിക ഭദ്രതയുണ്ടാക്കണമെന്ന് പറയുന്നത്. ധനക്കമ്മി 4.3 ശതമാനമാണ്, ലേബർ എന്ന വാക്കുപോലും ബജറ്റിലില്ല. അതേസമയം കേരളത്തിലെ പാവപ്പെട്ട തൊഴിലാളികളെയും സാധാരണക്കാരെയും ചേർത്തുപിടിച്ച ബജറ്റാണ് ശ്രീ. കെ. എൻ. ബാലഗോപാൽ അവതരിപ്പിച്ചത്. ക്ഷേമപദ്ധതി ഉൾപ്പെടെയുള്ളവയുടെ വിഹിതമെല്ലാം കേന്ദ്രം വെട്ടിക്കുറച്ചു. എന്നാൽ കേരളത്തിൽ അതാണോ സ്ഥിതി? സാധാരണക്കാരെ കൈപിടിച്ചുയർത്തുകയും അതോടൊപ്പം സംസ്ഥാനത്തിന്റെ സസ്റ്റൈനബിൾ

പ്രോഗ്രസും കണ്ടുകൊണ്ടുള്ള ബജറ്റാണ് കേരളത്തിൽ അവതരിപ്പിച്ചത്. എല്ലാ സൂചികകളിലും കേരളം ഒന്നാംസ്ഥാനത്താണ്. മോദി സർക്കാർ ആമയെക്കാണിച്ചുകൊണ്ട് നമ്മളെ ഓട്ടം പഠിപ്പിക്കുകയാണ്. ശ്രീ. അരവിന്ദ് പനഗരിയ അധ്യക്ഷനായ പതിനാറാം ധനകാര്യ കമ്മീഷൻ കേരളത്തിന് വലിയ സഹായം നൽകിയെന്നാണ് പറയുന്നത്. കേരളത്തിന്റെ മാനദണ്ഡങ്ങൾ മാറ്റിയെന്നാണ് ബി.ജെ.പി. സർക്കാർ പറയുന്നത്. അതിന്റെ അടിസ്ഥാനത്തിൽ വിഹിതം 1.92-ൽനിന്നും 2.38 ആയി വർധിച്ചുവെന്നുപറയുന്നത് ശരിയാണ്. ഈ മാറ്റത്തിൽ കോൺട്രിബ്യൂഷൻ ടു ജി.ഡി.പി. മാത്രമാണ് നമുക്ക് നേട്ടം. ഉയർന്ന ഉൽപാദനക്ഷമതയും നികുതിപിരിവും ഉള്ളതിനാൽ ഈ 10 ശതമാനം വെയിറ്റേജിൽ കേരളത്തിന് അനുകൂലമായ നേട്ടമുണ്ടായി എന്നത് ശരിയാണ്. വിസ്തീർണ്ണത്തിലുള്ള വെയിറ്റേജിൽ കുറഞ്ഞത് അൽപം ഗുണകരമായെങ്കിലും ജനസംഖ്യയുടെ വെയിറ്റേജ് 15-ൽനിന്നും 17.5 ആക്കിയത് ജനസംഖ്യാ വളർച്ച കുറഞ്ഞത് കേരളത്തിന് തിരിച്ചടിയാകുകയും ചെയ്തു. കുടുംബാസൂത്രണം നടപ്പാക്കിയത് ഒരു തെറ്റായാണ് കേന്ദ്രം കാണുന്നത്, കേരളത്തിന്റെ വിഹിതം വെട്ടിക്കുറയ്ക്കാൻ അത് കാരണമാകുകയും ചെയ്തു. റവന്യൂകമ്മി നികത്തുന്നത്

പൂർണ്ണമായും നിർത്തലാക്കി. കഴിഞ്ഞ കമ്മീഷൻ കാലയളവിൽ കേരളത്തിന് 53137 കോടി രൂപയാണ് ലഭിച്ചത്. വായ്പാ നിയന്ത്രണം കർശനമാക്കി. കേരളത്തിലെ സാധാരണക്കാരുടെ താൽപര്യം രക്ഷിക്കത്തക്കതും കേരളത്തിന്റെ വികസനത്തിന് സഹായകരമായ രീതിയിലുമുള്ളതുമായ ഒരു നടപടിയും കേന്ദ്രബജറ്റിലില്ല. റബ്ബർ കർഷകരടക്കമുള്ളവർക്ക് പ്രത്യേക പാക്കേജും ഇല്ല. ഇന്ത്യയിൽ അസമത്വം വർധിക്കുകയാണെന്ന് World Inequality Report-ൽ പറയുന്നു. 50 ശതമാനം ഇന്ത്യാക്കാരുടെ കൈയിൽ 3 ശതമാനം മാത്രമാണ് സമ്പത്ത്, എന്നാൽ ഒരു ശതമാനത്തിന്റെ കൈയിൽ 40 ശതമാനം, അതാണ് ഇന്ത്യ, അതാണ് കേരളം. കേരളത്തിന്റെ സാമ്പത്തിക മേഖലയിലെ പുരോഗതിയെ സംബന്ധിച്ച് സുദീർഘമായിത്തന്നെ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ബജറ്റ് അവതരണ പ്രസംഗത്തിൽ പറഞ്ഞിട്ടുണ്ട്. ഇത് ഒരു ദിവസംകൊണ്ട് ഉണ്ടായതല്ല, ഞാൻ മുമ്പുപറഞ്ഞതുപോലെ സസ്റ്റൈനബിളായുള്ള വളർച്ചയ്ക്കുവേണ്ടി അടിസ്ഥാനപരമായ കാര്യങ്ങൾക്കായി മെച്ചപ്പെട്ട തോതിലുള്ള ഇടപെടലുകൾ നടത്തിയതിന്റെ അടിസ്ഥാനത്തിലാണ് കേരളത്തിൽ ഈ മാറ്റങ്ങളുണ്ടായത്. കേന്ദ്രം ശതകോടീശ്വരന്മാരെ

പോറ്റുകയാണ്, 2014-ൽ ശതകോടീശ്വരന്മാരുടെ എണ്ണം 70 ആയിരുന്നെങ്കിൽ 2025-ൽ 284 ആണ്. ആഗോള മാനവ വികസന സൂചികയിൽ ഇന്ത്യയുടെ സ്ഥാനം 130 ആണ്, വിശപ്പിന്റെ സൂചികയിൽ 102 ആണ്. അതാണ് മോദി സർക്കാരിന്റെ ഇന്ത്യ. കേരളത്തിൽ അതിദാരിദ്ര്യമെന്ന പദം ഇല്ലാതായിരിക്കുകയാണ്. വരുംനാളുകളിൽ ദരിദ്രരില്ലാത്ത സംസ്ഥാനമായി മാറുന്നതിനുള്ള അടിത്തറ പാകിക്കൊണ്ട് മുന്നോട്ടുപോകുകയെന്നതാണ് ഈ ബജറ്റിലൂടെ സൂചിപ്പിക്കുന്നത്. കേരളത്തിലെ ബജറ്റ് സമസ്ത മേഖലകളെയും സ്പർശിച്ച് സാധാരണക്കാരെ ചേർത്തുപിടിക്കുന്ന ബജറ്റാണ്. സാമൂഹ്യ സുരക്ഷാ പെൻഷൻ 1160 കോടി രൂപ വർധിപ്പിച്ചു, 14500 കോടി രൂപയുടെ മൊത്തത്തിലുള്ള വർധനവുമുണ്ടായി. സംസ്ഥാനത്തെ യുവതീയുവാക്കൾക്കായുള്ള കണക്ട് ടു വർക്ക് എന്ന പദ്ധതിക്കായി 1400 കോടി രൂപയാണ് വകയിരുത്തിയത്. സാമൂഹ്യക്ഷേമത്തിനായി കേന്ദ്രം വെട്ടിക്കുറച്ച് 9999 കോടി രൂപയാണ്. അതിന്റെ ഫലം നാളെമുതൽ കേരളത്തിലെ സാമൂഹ്യ സുരക്ഷാ പദ്ധതികളെ ബാധിക്കാൻ പോകുയാണ്. വിദ്യാഭ്യാസ മേഖലയ്ക്ക് സംസ്ഥാനം വർധിപ്പിച്ച തുക 684.17 കോടി രൂപയും ഉന്നത വിദ്യാഭ്യാസ മേഖലയ്ക്ക് 67.95 കോടി

രൂപയുമാണ്. ഞാൻ ഓരോന്നായി എണ്ണിപ്പറയാൻ ആഗ്രഹിക്കുന്നില്ല. കേരളത്തിൽ എല്ലാ മേഖലകളിലും വർധനവുണ്ടാക്കി. 2.26 ലക്ഷം കോടി രൂപയാണ് കേന്ദ്രം വിവിധങ്ങളായ പദ്ധതികളിൽ വെട്ടിക്കുറവ് വരുത്തിയത്. ആരോഗ്യ മേഖലയിൽ 3686 കോടി രൂപ, വിദ്യാഭ്യാസ മേഖലയിൽ 6701 കോടി രൂപ, സാമൂഹ്യക്ഷേമ പദ്ധതികൾക്ക് 9999 കോടി രൂപ, കൃഷിയിനത്തിൽ 6985 കോടി രൂപ, ഗ്രാമവികസന മേഖലയിൽ 53067 കോടി രൂപ, എസ്.സി./എസ്.ടി.മേഖലയിൽ 3499 കോടി രൂപ, ജലജീവൻ പദ്ധതിക്ക് 50000 കോടി രൂപ, പി.എം. ആവാസ് പദ്ധതിക്ക് 3200 കോടി രൂപ, വനിതാ ക്ഷേമത്തിന് 51364 കോടി രൂപ എന്നിങ്ങനെയാണ് കേന്ദ്രബജറ്റിൽ വെട്ടിക്കുറച്ചത്. ഇത്രയും വലിയ സംഖ്യ വെട്ടിക്കുറയ്ക്കുമ്പോൾ അതിന്റെ വിഹിതം ലഭിക്കേണ്ട സംസ്ഥാനത്തിന് അതിന്റെ മറ്റ് വികസന മേഖലയിലും ഇത് സാരമായി ബാധിക്കുമെന്ന് കാണാവുന്നതാണ്. ഇതിനുപുറമേ കേരളത്തിന്റെ മുന്നോട്ടുള്ള വളർച്ചയിൽ സഹായകരമാകുന്ന രൂപത്തിലുള്ള IREL (Indian Rare Earths Limited)-ന്റെയും KMML (Kerala Minerals and Metals Limited) അടക്കമുള്ള സ്ഥാപനങ്ങളുടെയും ലാഭത്തിന്റെ വിഹിതവും സംസ്ഥാനത്തിന്

ലഭിക്കുന്നതാണ്. അവയൊക്കെ സ്വകാര്യമേഖലയിൽ കൊടുത്ത് കോർപ്പറേറ്റുകളുടെ കൈകളിലേക്ക് IREL എത്തിക്കാനുള്ള ഗൂഢമായ ശ്രമമാണ് ഈ ബജറ്റിലൂടെ കേന്ദ്രസർക്കാർ നടത്തിക്കൊണ്ടിരിക്കുന്നത്. പശ്ചാത്തല സൗകര്യ വികസനത്തിൽ കേരളത്തിന്റെ നേട്ടം അതിശയോക്തികരമാണ്. ഇതിനുമുമ്പ് പലപ്പോഴും ഞങ്ങൾ ഇക്കാര്യം ചൂണ്ടിക്കാണിച്ചതാണ്. അഞ്ഞൂറിലധികം കിലോമീറ്ററാണ് കേരളത്തിൽ NHAI പണി നടത്തി പൂർത്തീകരണത്തിലേക്ക് പോകുന്നത്. NHAI-ക്ക് എതിരായി നിങ്ങൾ എന്തൊക്കെ സമരം നടത്തിയവരാണ്? കർണാടകയിലെ NHAI-യുടെ പ്രവൃത്തിയുമായി ബന്ധപ്പെട്ട ഒരു വാർത്ത 2026 ജനുവരി 13-ന് THE HINDU പത്രത്തിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അത് ഞാൻ വായിക്കാം. 'The High Court of Karnataka has directed the State government to scrap the controversial Bengaluru-Mysuru Infrastructure Corridor (BMIC) project, while noticing that only one km of the total 111-km of the proposed express way was constructed in the past over 25 years, and none of the five townships, planned

way back in 1995 to decongest the city, has seen the light of the day till now'.

ഈ മേഖലയിലുള്ള 111 കി.മീ. റോഡിൽ 1 കി.മീ. റോഡ് 25 വർഷംകൊണ്ട് പൂർത്തീകരിക്കാത്ത ഒരു സംസ്ഥാനത്തിന്റെ മുഖ്യമന്ത്രിയും അവിടത്തെ നേതാക്കന്മാരും കോൺഗ്രസുകാരല്ലേ? ഈ കോൺഗ്രസ് ഭരിച്ച സംസ്ഥാനത്തെ അവസ്ഥയെ സംബന്ധിച്ചുള്ള കാര്യമാണ് THE HINDU ദിനപത്രത്തിൽ വാർത്തയായത്. കേരളത്തിന്റെ പശ്ചാത്തല സൗകര്യങ്ങളിൽ അത്ഭുതപൂർവമായ വളർച്ച, അതാണ് കേരളത്തിലെ അവസ്ഥ. ഈ വളർച്ചയ്ക്ക് തടസം നിൽക്കുന്നവരെപ്പറ്റിയുള്ള കഥകളൊന്നും പറയാൻ ആഗ്രഹിക്കുന്നില്ല. ഇതാണ് ഇവിടെ വിമർശനം നടത്തുന്നവർ ശ്രദ്ധിക്കേണ്ട കാര്യം. നമ്മൾ കിഫ്ബി പദ്ധതിയെക്കുറിച്ച് സൂചിപ്പിച്ചു, ഇതിലൂടെ നേട്ടമുണ്ടാക്കാത്ത ഏതെങ്കിലും നിയോജകമണ്ഡലമുണ്ടോ? എനിക്ക് ഒന്നേ പറയാനുള്ളൂ, നന്ദിയില്ലെങ്കിലും നന്ദികേട് കാണിക്കരുതെന്ന് ബഹുമാനപ്പെട്ട ചെയറിന്റെ ഭാഗത്തുനിന്നും അവരെ ഉപദേശിക്കണം. വ്യവസായ മേഖലയെക്കുറിച്ച് ഞാൻ ദീർഘമായി പറയുന്നില്ല. എന്റെ മണ്ഡലത്തിൽ മാത്രം ഈ വരുന്ന രണ്ടാഴ്ചയ്ക്കുള്ളിൽ 1400 കോടി രൂപയുടെ

നിക്ഷേപസംഗമം നടക്കാൻ പോകുകയാണ്. നിക്ഷേപത്തിനുള്ള എല്ലാ കാൽവയ്പും ഒരുക്കിക്കഴിഞ്ഞു. അതിനുള്ള സമ്മതപത്രം ഒരു മാസത്തിനകം കൊടുക്കും. എല്ലാ മണ്ഡലങ്ങളിലും സമാന അവസ്ഥയാണ്. ഇത് കേരളത്തിന്റെ പുരോഗതിയെയാണ് ചൂണ്ടിക്കാണിക്കുന്നത്. പി.എസ്.സി. മുഖേനയുള്ള നിയമനത്തിന്റെ കാര്യത്തെക്കുറിച്ച് ഞാൻ പറയുന്നില്ല. കേരളത്തിന്റെ വിദ്യാഭ്യാസ മേഖലയിലെ നേട്ടത്തിന്റെയടിസ്ഥാനത്തിൽ ഒരുപാട് ചെറുപ്പക്കാർക്ക് പുതിയ പുതിയ തൊഴിലവസരമുണ്ടാകണം. അക്കാര്യത്തെക്കുറിച്ച് കേന്ദ്ര ഗവൺമെന്റിന്റെ ബജറ്റിൽ ഒരു വരിയെങ്കിലും സൂചിപ്പിച്ചിട്ടുണ്ടോ? വ്യവസായ മേഖലയിലെ വളർച്ച ഉപയോഗപ്പെടുത്തിക്കൊണ്ട് ഈ വിഷയം അഡ്രസ്സ് ചെയ്യാൻ കേരള ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ട്. ഞാൻ മറ്റ് വിഷയങ്ങളിലേയ്ക്കൊന്നും കടക്കാൻ ആഗ്രഹിക്കുന്നില്ല. ഈ സർക്കാർ ചെയ്യുന്നത് ആർക്കുവേണ്ടിയാണെന്ന് വളരെ വ്യക്തമായി ഈ ബജറ്റിൽക്കൂടി വ്യക്തമാക്കിയിട്ടുണ്ട്. ഞാനിവിടെ രണ്ട് നിർദ്ദേശങ്ങൾ മുന്നോട്ടുവയ്ക്കാൻ ആഗ്രഹിക്കുകയാണ്. സർക്കാർ ജീവനക്കാർക്ക് ഡി.എ.-യും സർവീസ് പെൻഷൻകാർക്ക് ഡി.ആർ.-ഉം നൽകാൻ ബജറ്റിൽ തീരുമാനിച്ചു.

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ്....പ്ലീസ്....കൺക്ലൂഡ്.

ശ്രീ. പി. നന്ദകുമാർ: സർ, അതോടൊപ്പം കെ.എസ്.ആർ.ടി.സി. ജീവനക്കാർക്കും പെൻഷൻകാർക്കും ഡി.എ./ഡി.ആർ. കൊടുക്കണമെന്നാണ് പറയാനുള്ളത്. മറ്റൊന്ന്, ഭൂമിയുടെ ഫെയർ വാല്യൂ വർധിപ്പിക്കാൻവേണ്ടി ഈ ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ടെങ്കിലും സ്റ്റാമ്പ് വെണ്ടർമാരുടെ വില്പന പരിധി വർധിപ്പിച്ചിട്ടില്ല. ഈ രണ്ടുമൂന്ന് കാര്യങ്ങൾകൂടി ശ്രദ്ധിക്കണമെന്നാണ് പറയാനുള്ളത്. നമ്മുടെ സർക്കാർ പറയുന്ന കാര്യങ്ങൾ ചെയ്യുന്ന സർക്കാരാണ്. അത് കാലം തെളിയിച്ചതാണ്. പൊട്ടക്കിണറിൽ കിടക്കുന്ന തവളയെപോലെയാണ് ലോകം എന്ന് ധരിക്കുന്നവരുണ്ട്. നിങ്ങളുടെ സ്വപ്നങ്ങളൊക്കെ ദിവാസ്വപ്നങ്ങളായി പരിണമിക്കാൻ പോകുകയാണ്. അതിന് യാതൊരു സംശയവും വേണ്ട. ആ വെപ്രാളത്തിലാണ് ഇവിടത്തെ പ്രതിപക്ഷം. അതാണ് നിയമസഭയ്ക്കകത്തും പുറത്തും പ്രകടിപ്പിച്ചുകൊണ്ടിരിക്കുന്നത്. ഇത് കേരളത്തിലെ ജനത തിരിച്ചറിയുന്നുണ്ട്. വരും ഘട്ടങ്ങളിലും ആ തിരിച്ചറിവുണ്ടാകും. മൂന്നാം ഇടതുപക്ഷ സർക്കാർ അധികാരത്തിൽ വരുമെന്നുള്ള കാര്യത്തിൽ സംശയമില്ല. അതിനനുസൃതമായ രൂപത്തിലേക്കുള്ള തയ്യാറെടുപ്പുകളാണ്

ഇടതുപക്ഷ പ്രസ്ഥാനവും അവരെ സ്നേഹിക്കുന്ന ബഹുജനങ്ങളും ഈ വരും കാലഘട്ടങ്ങളിൽ നടത്തിക്കൊണ്ടിരിക്കുന്നത്. കേരളത്തെ മുന്നോട്ടുകൊണ്ടുപോകാൻ, കേരളം ഇന്ത്യയ്ക്കാകെ മാതൃകയാകുന്ന സംസ്ഥാനമാണെന്ന് പറയാൻ, ഒറ്റ കാര്യംകൂടി സൂചിപ്പിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുകയാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ്....പ്ലീസ്....ശ്രീ. കെ. കെ. രാമചന്ദ്രൻ..... അങ്ങ് ഒരുപാട് സമയമെടുത്തു.

ശ്രീ. പി. നന്ദകുമാർ: സർ, ഒരൊറ്റ വാചകംകൂടി സൂചിപ്പിച്ചുകൊണ്ട് അവസാനിപ്പിക്കാം.....(മൈക്ക് ഓഫ്)......

ശ്രീ. കെ. കെ. രാമചന്ദ്രൻ: സർ, ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എൻ. ബാലഗോപാൽ അവതരിപ്പിച്ച ജനകീയ ജനപക്ഷ ബജറ്റിനെ കേരളത്തിലെ ജനങ്ങൾക്കൊപ്പം ഞാനും പിന്തുണയ്ക്കുന്നു. എൽ.ഡി.എഫ്. ഗവൺമെന്റിന്റെ ഈ ബജറ്റ് എല്ലാ ജനവിഭാഗങ്ങളെയും സ്പർശിക്കുകയും ചേർത്തുപിടിക്കുകയും ചെയ്ത ബജറ്റാണ്. യൂണിയൻ ഗവൺമെന്റ് കടുത്ത സാമ്പത്തിക ഉപരോധം സൃഷ്ടിച്ചിട്ടും രണ്ടര ലക്ഷം കോടി രൂപയുടെ നികുതി

വെട്ടിക്കുറച്ചിലുകളുണ്ടാക്കിയിട്ടും കേരളത്തിലെ ഗവൺമെന്റ് വികസന പ്രവർത്തനങ്ങളുടെ കുതിപ്പുമായി മുന്നേറുകയാണ്. കേരള ഗവൺമെന്റ് 2026 ജനുവരി 29-ന് ബജറ്റ് അവതരിപ്പിച്ചു. അതിന് തൊട്ടുപുറകെ കേന്ദ്ര ഗവൺമെന്റ് ബജറ്റ് അവതരിപ്പിച്ചു. ആ ബജറ്റിൽ കേരളത്തോട് കടുത്ത അവഗണനയാണ് പ്രകടിപ്പിച്ചിട്ടുള്ളത്. അതിവേഗ റെയിൽ, എയിംസ്, വിഴിഞ്ഞം ഹാർബർ, ശബരിപാത, വയനാട് പുനരധിവാസം ഉൾപ്പെടെ 29 ഇനം ആവശ്യങ്ങൾ യൂണിയൻ ഗവൺമെന്റിന്റെ മുമ്പിൽ സമർപ്പിച്ചിട്ടും നമുക്ക് ഒരു ഇനംപോലും അനുവദിച്ചില്ല. അതുപോലെതന്നെ കേന്ദ്ര ഗവൺമെന്റിന്റെ കേന്ദ്രാവിഷ്കൃത പദ്ധതികളിലുൾപ്പെടുന്ന ആശാ വർക്കർമാർ, അങ്കണവാടി വർക്കർമാർ എന്നീ മേഖലകളിലുള്ളവരോട് മുഖം തിരിഞ്ഞുനിൽക്കുന്ന സമീപനമാണ് യൂണിയൻ ഗവൺമെന്റ് സ്വീകരിച്ചത്. ഇവിടെ ഇടതുപക്ഷ ജനാധിപത്യ ഗവൺമെന്റ് ജനകീയമായ ജനപക്ഷ വികസന പ്രവർത്തനങ്ങളും ക്ഷേമപ്രവർത്തനങ്ങളും മുന്നോട്ടുകൊണ്ടുപോകുന്നതിനുള്ള വലിയ നടപടികളാണ് സ്വീകരിച്ചത്. ആശാവർക്കർമാർക്കും അങ്കണവാടി വർക്കർമാർക്കും ഹെൽപ്പർമാർക്കും സ്കൂൾ ഉച്ചഭക്ഷണം പാചകം ചെയ്യുന്ന തൊഴിലാളികൾക്കും സാക്ഷരത

പ്രേരക് -മാർക്കും അവരുടെ ഓണറേറിയം വർധിപ്പിച്ചും കൂലി കൂട്ടികൊടുത്തും ഹരിത കർമ്മസേനയ്ക്ക് ഗ്രൂപ്പ് ഇൻഷ്വറൻസ് ഏർപ്പെടുത്തിയുമാണ് ഈ സർക്കാർ മുന്നോട്ടുപോകുന്നത്. ഓട്ടോറിക്ഷാ തൊഴിലാളികൾക്ക് ഇൻഷ്വറൻസ് പദ്ധതിയും പരിസ്ഥിതി സൗഹൃദ ഓട്ടോറിക്ഷ വാങ്ങുന്നതിനുവേണ്ടി നാൽപ്പതിനായിരം രൂപ സാമ്പത്തിക സഹായവും നൽകാൻ തീരുമാനിച്ചിരിക്കുകയാണ്. അതുപോലെ മികച്ച ഓട്ടോ സ്റ്റാന്റുകൾ നിർമ്മിക്കുന്നതിനുവേണ്ടിയുള്ള നടപടികളുമായി മുന്നോട്ടുപോകുകയാണ്. ക്ഷേമപെൻഷൻ നൽകുന്നതിനുവേണ്ടി 14,500 കോടി രൂപയാണ് മാറ്റിവച്ചിട്ടുള്ളത്. കാൻസർ, ലെപ്രസി എന്നീ രോഗികൾക്കുള്ള പെൻഷൻ തുക 1000 രൂപ വർധിപ്പിച്ച് 2000 രൂപയാക്കി വർധിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഈ ബജറ്റിലൂടെ ഒന്നാം ക്ലാസ് മുതൽ പന്ത്രണ്ടാം ക്ലാസ് വരെയുള്ള വിദ്യാർഥികൾക്ക് അപകട ഇൻഷ്വറൻസ് ഏർപ്പെടുത്തിയിരിക്കുന്നു. ആർട്സ് ആൻഡ് സയൻസ് കോളേജിൽ പഠിക്കുന്ന വിദ്യാർഥികൾക്ക് ഡിഗ്രി വിദ്യാഭ്യാസം സൗജന്യമാക്കി. സ്ത്രീ സുരക്ഷ, യുവാക്കൾക്ക് സാമ്പത്തിക സഹായമുൾപ്പെടെയുള്ള ജനകീയ തീരുമാനങ്ങളുമായിട്ടാണ് കേരളത്തിലെ ഇടതുപക്ഷമുന്നണി സർക്കാർ

മുന്നോട്ടുപോകുന്നത്. ആ രീതിയിലുള്ള ബജറ്റാണ് ഇവിടെ അവതരിപ്പിക്കപ്പെട്ടത്. തോട്ടം തൊഴിലാളികളുമായി ബന്ധപ്പെട്ട പ്രശ്നം ഞാൻ ഈ സഭയിൽ കൊണ്ടുവരികയാണ്. അവരുടെ കൂലി പുതുക്കി നിശ്ചയിക്കേണ്ടതുണ്ട്. അതിനുള്ള ചർച്ചകൾ നടക്കുന്നുണ്ട്. ഗവൺമെന്റ് അക്കാര്യത്തിൽ അടിയന്തരമായി ഇടപെട്ട് ഒരു തീരുമാനത്തിൽ എത്തുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കണമെന്നുകൂടി ഈയവസരത്തിൽ പ്രത്യേകമായി അറിയിക്കുകയാണ്. പുതുക്കാട് നിയോജകമണ്ഡലത്തിൽ നിരവധിയായ വികസന പ്രവർത്തനങ്ങൾക്കാണ് സർക്കാർ കഴിഞ്ഞ പത്തുവർഷമായി പണം അനുവദിച്ചിട്ടുള്ളത്. ബജറ്റിലൂടെയും കിഫ്ബി ഫണ്ടിലൂടെയും നിരവധി വികസന പ്രവർത്തനങ്ങളാണ് പുതുക്കാട് നിയോജകമണ്ഡലത്തിൽ നടപ്പാക്കി പൂർത്തീകരിക്കപ്പെട്ടിട്ടുള്ളത്/നടന്നുകൊണ്ടിരിക്കുന്നത്/ എ.എസ്.ആയി നിൽക്കുന്നത്. പുതുക്കാട് മിനി സിവിൽസ്റ്റേഷന്റെ നിർമ്മാണപ്രവർത്തനങ്ങൾക്കായി 12 കോടി രൂപയുടെ ബജറ്റ് ഫണ്ട് ഉപയോഗപ്പെടുത്തിക്കൊണ്ട് പ്രവൃത്തി നടന്നുകൊണ്ടിരിക്കുകയാണ്. നാല് റെയിൽവേ മേൽപാലങ്ങളിൽ മൂന്നെണ്ണത്തിന് അനുമതി ലഭിച്ചിട്ടില്ല.

അനുമതി ലഭിച്ച പുതുക്കാട് റെയിൽവേ മേൽപാലത്തിന്റെ മൂന്നാം വട്ടം ടെൻഡർ കൊടുത്തിരിക്കുകയാണ്. അതുപോലെ പി.ഡബ്ല്യൂ.ഡി. റോഡുകളെല്ലാം ഒന്നിനൊന്ന് മികച്ച റോഡുകളാക്കി മാറ്റിയിരിക്കുകയാണ്. പാലപ്പിള്ളി-എച്ചിപ്പാറ റോഡ്, പുതുക്കാട്-ചുങ്കം മണ്ണംപേട്ട റോഡ്, പുതുക്കാട്-ചെറുവാൾ-നെടുമ്പാൾ റോഡ്, മണ്ണംപേട്ട-മാവിൻചുവട് റോഡ്, വരന്തരപ്പിള്ളി-നന്തിപുരം റോഡ്, ഉങ്ങിൻചുവട്-വല്ലച്ചിറ റോഡ്, പൂച്ചിനിപ്പാടം-ചാത്തക്കുടം റോഡ്, നന്തിക്കര-മാപ്രാണം റോഡ്, നെല്ലായി-വല്ലക്കുന്ന് റോഡ് എന്നിവയെല്ലാം പൂർത്തീകരിക്കപ്പെട്ടു. താലോർ-തൈക്കാട്ടുശ്ശേരി റോഡ് പൂർത്തീകരണത്തിന്റെ അവസാനഘട്ടത്തിലാണ്. പുരോഗമിക്കുന്ന പ്രവൃത്തികൾ- കാനത്തോട് റെഗുലേറ്റർ-കം-ബ്രിഡ്ജിന്റെയും കുറുമാലി-തൊട്ടിപ്പാൾ- മുളങ്ങ് പി.ഡബ്ല്യൂ.ഡി. റോഡിന്റെ ബി.എം.&ബി.സി. നിലവാരത്തിലുള്ള നിർമ്മാണ പ്രവൃത്തികളും അവസാനഘട്ടത്തിലാണ്. ചെങ്ങാലൂർ-മണ്ണംപേട്ട റോഡ് ബി.എം.&ബി.സി. നിലവാരത്തിലും ആമ്പല്ലൂർ-പള്ളിക്കുന്ന് റോഡ് എന്നിവയുടെയെല്ലാം നിർമ്മാണ പ്രവൃത്തികൾ അന്തിമഘട്ടത്തിലാണ്. തോട്ടുമുഖം ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ രണ്ടാം ഘട്ടം അടുത്താഴ്ചയിൽ ഉദ്ഘാടനം ചെയ്ത് കമ്മീഷൻ ചെയ്യുകയാണ്. എന്റെ

മണ്ഡലത്തിലെ പൊതുവിദ്യാഭ്യാസം, പൊതുജനാരോഗ്യം എന്നിവയെല്ലാം മികച്ച നിലയിൽ മാറ്റിയെടുക്കാൻ കഴിഞ്ഞിട്ടുണ്ട്. മലയോര ഹൈവേയുടെ ആദ്യ റീച്ചായ അഞ്ചര കിലോമീറ്ററിന്റെ ടെൻഡർ നടപടികൾ പൂർത്തീകരിച്ചുകൊണ്ടിരിക്കുകയാണ്. അതുപോലെ മൂന്ന് പഞ്ചായത്തുകളിലൂടെ കടന്നുപോകുന്ന പുതുക്കാട്-മുപ്ലിയം-കോടാലി റോഡിന്റെ ടെൻഡർ നടപടികൾ പൂർത്തീകരിച്ചു. ഉടനടി അത് നിർമ്മിക്കാൻ കഴിയും. അതിനുവേണ്ടി 62 കോടി രൂപയാണ് അനുവദിച്ചിട്ടുള്ളത്. കാനത്തോട് റെഗുലേറ്റർ-കം-ബ്രിഡ്ജിന്റെ നിർമ്മാണം അവസാനഘട്ടത്തിലാണ്. ചിമ്മിനി ഇക്കോ ടൂറിസം മേഖലയിൽ 3 കോടി രൂപയുടെ നിർമ്മാണ പ്രവർത്തനം നടക്കുന്നുണ്ട്. ഈ ബജറ്റിൽ കുഞ്ഞാലിപ്പാറ ടൂറിസത്തിന് 50 ലക്ഷം രൂപയും മുനിയാട്ടുകുന്ന് ടൂറിസത്തിന് 50 ലക്ഷം രൂപയും മാറ്റിവച്ചിട്ടുണ്ട്. ഉന്നതികളുടെ നവീകരണ പ്രവർത്തനങ്ങൾ അംബേദ്കർ ഗ്രാമപദ്ധതികളിൽ ഉൾപ്പെടുത്തിക്കൊണ്ട് നടക്കുന്നുണ്ട്. ജലസേചന പദ്ധതികളുടെ ഭാഗമായി കൃഷി അഭിവൃദ്ധിപ്പെടുത്തുന്നതിനുവേണ്ടി തോട്ടുമുഖം ലിഫ്റ്റ് ഇറിഗേഷന്റെ രണ്ടാം ഘട്ട നിർമ്മാണം പൂർത്തിയായിക്കഴിഞ്ഞു. എറവക്കാട് ഓടൻചിറ ഷട്ടർ

നവീകരിക്കുന്നതിനുവേണ്ടി ഈ ബജറ്റിൽ നാലര കോടി രൂപ നീക്കിവച്ചിട്ടുണ്ട്. ആറ്റപ്പിള്ളി റെഗുലേറ്റർ-കം-ബ്രിഡ്ജിന്റെ പ്രോജക്ട് പുതുക്കിയ എസ്റ്റിമേറ്റിന് വേണ്ടി സമർപ്പിച്ചിരിക്കുകയാണ്. 15 കോടി രൂപയിലധികം വരുന്ന എസ്റ്റിമേറ്റാണ് ഇപ്പോൾ തയ്യാറാക്കിയിട്ടുള്ളത്. ഉടൻതന്നെ അതിനുള്ള ഭരണാനുമതി ലഭിക്കുമെന്നാണ് അറിയിച്ചിട്ടുള്ളത്. ഒരു കാര്യംകൂടി പ്രത്യേകമായി പറയാനുള്ളത്, എന്റെ നിയോജകമണ്ഡലത്തിൽപ്പെടുന്ന ഒരു ഗ്രാമപഞ്ചായത്താണ് മറ്റത്തൂർ ഗ്രാമപഞ്ചായത്ത്. അവിടെ എൽ.ഡി.എഫ്.-ന് ഭരിക്കാൻ കഴിയാവുന്ന സാഹചര്യത്തെ കോൺഗ്രസ്സും ബി.ജെ.പി.-യും ഒരുമിച്ച് ചേർന്ന് അട്ടിമറിച്ചിരിക്കുകയാണ്.  സി.പി.ഐ.(എം.)-ന്റെ സംസ്ഥാന സെക്രട്ടറി സഖാവ് എം. വി. ഗോവിന്ദൻ മാസ്റ്ററും കെ.പി.സി.സി. പ്രസിഡന്റ് ശ്രീ. സണ്ണി ജോസഫും ബി.ജെ.പി. നേതാവ് ശ്രീ. കെ. സുരേന്ദ്രനും ഒരുമിച്ച് ഈയടുത്ത ദിവസങ്ങളിൽ ഒരു ഡിബേറ്റിൽ പങ്കെടുത്തിരുന്നു.  ആ ഡിബേറ്റ് കൈകാര്യം ചെയ്യുന്ന മാധ്യമപ്രവർത്തകന്റെ  "35 സീറ്റ് കിട്ടിയാൽ നിങ്ങൾ കേരളം ഭരിക്കുമെന്ന ആ നിലപാടിൽ ഉറച്ചുനിൽക്കുന്നുണ്ടോ?" എന്ന ചോദ്യത്തിന്  ഉടനടി ശ്രീ. കെ. സുരേന്ദ്രൻ പറഞ്ഞത് "എന്താ സംശയം,

ഞങ്ങൾക്ക് 4 സീറ്റ് കിട്ടിയിട്ട് മറ്റത്തൂർ പഞ്ചായത്ത് ഭരിക്കുകയല്ലേ? " എന്നാണ്. അവിടെ ഒരു നോക്കി കുത്തിയായി കെ.പി.സി.സി. പ്രസിഡന്റ് എന്ന ഒരു മാന്യദ്ദേഹം ഇരിക്കുന്നുണ്ടായിരുന്നു. ഇക്കാര്യത്തിൽ അദ്ദേഹം ഒരക്ഷരം മിണ്ടിയില്ല. ഇക്കാര്യത്തിൽ അദ്ദേഹത്തിന്റെ ഭാഗത്തുനിന്ന് എന്തെങ്കിലും പ്രതികരണമുണ്ടാകേണ്ടതല്ലേ? ഈ ജനുവരി മാസം 30-ാം തീയതി മഹാത്മാഗാന്ധിയുടെ രക്തസാക്ഷിത്വ ദിനത്തിൽ ഗാന്ധിയുടെ ഘാതകരായ അവരുടെ പിൻഗാമികളായ ബി.ജെ.പി.-യുടെ പിന്തുണയോടുകൂടി വൈസ് പ്രസിഡന്റായി കോൺഗ്രസുകാരിയായിട്ടുള്ള ഒരു വനിതയെ തിരഞ്ഞെടുത്തിരിക്കുന്നു. ഇതൊരു ഒറ്റപ്പെട്ട സംഭവമല്ല, ഇത് രാജ്യവ്യാപകമായി നടക്കുന്നതാണ്. ഇന്ത്യയുടെ പ്രധാനമന്ത്രിയായിരുന്ന പി. വി. നരസിംഹ റാവുവിനെ കോൺഗ്രസ്സുകാരിൽ എത്ര പേർ ഓർക്കുന്നുണ്ട്? ബി.ജെ.പി.-യുടെ ആദ്യത്തെ പ്രധാനമന്ത്രി അടൽ ബിഹാരി വാജ്പേയി ആണെങ്കിലും അനൗദ്യോഗികമായി ഞങ്ങൾ അംഗീകരിക്കുന്ന പ്രധാനമന്ത്രി പി. വി. നരസിംഹ റാവുവാണെന്ന് ശ്രീ. മണിശങ്കർ അയ്യരെ പോലുള്ള ആളുകൾ പറഞ്ഞുകൊണ്ടിരിക്കുകയാണ്. ബാബറി മസ്ജിദ് തകർക്കുന്നതിനുവേണ്ടിയുള്ള എല്ലാ ഒത്താശകളും ഞങ്ങൾക്ക് ചെയ്തുതന്നത്

പി. വി. നരസിംഹ റാവു ആണെന്ന് ബി.ജെ.പി.-ക്കാർ പറയുകയാണ്. അദ്ദേഹം ഇന്ത്യയുടെ പ്രധാനമന്ത്രിയായിരുന്ന ഒരാളല്ലേ; എന്നിട്ടും പി. വി. നരസിംഹ റാവുവിനെ കോൺഗ്രസ്സുകാർ ആരെങ്കിലും ഓർക്കുന്നുണ്ടോ? ഇങ്ങനെയുള്ള നിരവധിയായി നിലപാടുകളും ഇടപെടലുകളും ഇന്ത്യൻ രാഷ്ട്രീയത്തിലും കേരള രാഷ്ട്രീയത്തിലും കാണുകയാണ്. മറ്റത്തൂർ മോഡൽ വളരെ അപകടകരമായ ഒരു സാഹചര്യം കേരളത്തിൽ സൃഷ്ടിക്കുമെന്ന് പ്രത്യേകമായി ഈയവസരത്തിൽ ഓർമപ്പെടുത്തികൊണ്ട് ഞാൻ ഈ ബജറ്റിനെ പിന്തുണയ്ക്കുന്നു.

<u>ശ്രീ. പി. പി. സുമോദ്</u>: സർ, ഞാൻ ഈ ബജറ്റിനെ പിന്തുണയ്ക്കുന്നു. കേന്ദ്ര സർക്കാർ കേരളത്തെ സാമ്പത്തികമായി ശ്വാസം മുട്ടിക്കുമ്പോഴും സ്വന്തം വഴിയിലൂടെ കേരളം മുന്നേറുമെന്നുള്ളതിനുള്ള നേർസാക്ഷ്യമാണ് ഈ സംസ്ഥാന ബജറ്റ്. ഈ ഗവൺമെന്റ് കഴിഞ്ഞ പത്ത് വർഷക്കാലമായി ഉറപ്പുവരുത്തുന്നത് എല്ലാവർക്കും മികച്ച ജീവിത സാഹചര്യം, സാധാരണക്കാരായ മനുഷ്യരുടെ ദുരിതമകറ്റൽ ഇങ്ങനെ തുടങ്ങി മൂന്നര കോടി മലയാളികളിൽ, ക്ഷേമപെൻഷൻ വാങ്ങുന്ന 62 ലക്ഷം ആളുകളുടെ പെൻഷൻ തുക നേരത്തെ 600 രൂപയിൽ നിന്ന് ഇപ്പോൾ 2000 രൂപയായി

വർധിപ്പിക്കുന്ന സാഹചര്യമുണ്ടായി. ഇതിൽ ഏറ്റവും പ്രധാനം, ഈ ക്ഷേമപെൻഷൻ പാവപ്പെട്ട അമ്മമാർ വാങ്ങുമ്പോഴാണ് നമ്മുടെ നാട്ടിലെ മെഡിക്കൽ സ്റ്റോറുകളിൽ ഏറ്റവും കൂടുതൽ കച്ചവടം നടക്കുന്നത്. ക്ഷേമപെൻഷൻ ലഭിച്ചുതുടങ്ങി തുടർന്നുള്ള ദിവസങ്ങളിലാണ് അവർ ബി.പി.-ക്കും ശ്വാസം മുട്ടലിനുമുള്ള മരുന്നുകൾ വാങ്ങുന്നത്. ഇപ്പോൾ കേരളത്തിലെ മലയാളികൾക്ക് 58 വയസ്സ് കഴിഞ്ഞാൽ എങ്ങനെയെങ്കിലും 60 വയസ്സാകട്ടെയെന്നാണ് ആഗ്രഹിക്കുന്നത്. 60 വയസ്സ് കഴിഞ്ഞാൽ ഇന്ത്യയിൽ ഏറ്റവും കൂടുതൽ സർക്കാരിന്റെ ക്ഷേമ സഹായത്തോടുകൂടി ജീവിക്കാൻ സാധിക്കുന്ന സാഹചര്യം നിലവിൽ കേരളത്തിലുണ്ടെന്നത് ചെറിയ കാര്യമല്ല. ആശാ വർക്കർമാർ, അങ്കണവാടി ജീവനക്കാർ തുടങ്ങി എല്ലാ ജനവിഭാഗങ്ങളെയും പരിരക്ഷിക്കുന്ന, അവരുടെ വേതനം ഉയർത്തുന്ന രൂപത്തിലേയ്ക്കുള്ള ഏറ്റവും ജനപ്രിയമായ ബജറ്റായി ഈ ബജറ്റ് മാറി. ബിരുദ പഠനം സൗജന്യമാക്കുന്ന നടപടികളുൾപ്പെടെ ഉണ്ടായത് ഏറ്റവും പ്രതീക്ഷയോടുകൂടിയാണ് കാണുന്നത്. ബജറ്റിന്റെ ഭാഗമായി രണ്ടുമൂന്ന് പ്രധാനപ്പെട്ട നിർദേശങ്ങളാണ് മുമ്പോട്ടുവയ്ക്കാനുള്ളത്. ഒന്ന്, പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർഥികൾക്കുള്ള ലംപ്സം ഗ്രാന്റും

സ്റ്റൈപന്റും കാലോചിതമായി വർധിപ്പിക്കണം. അതോടൊപ്പംതന്നെ കേരളത്തിലെ എസ്.സി. പ്രൊമോട്ടർമാർക്ക് ലഭിക്കുന്ന വേതനത്തിൽ കാലോചിതമായ വർധനവുണ്ടാകണം. പാലക്കാട് മെഡിക്കൽ കോളേജിലെ എസ്.സി. പ്ലാനിൽ നിന്നുള്ള ഫണ്ട് വിനിയോഗം നോൺപ്ലാനിലേയ്ക്ക് മാറ്റാനാവശ്യമായ തീരുമാനം കൈക്കൊള്ളണം. അതിന്റെ സാങ്കേതികമായ വശങ്ങൾ ഉൾപ്പെടെ പരിഗണിച്ചാൽ തീർച്ചയായും ആ പൈസ ഉൾപ്പെടെ കേരളത്തിലെ പട്ടികജാതി-പട്ടികവർഗ്ഗ ജനവിഭാഗങ്ങൾക്ക് അനുവദിക്കാൻ ആവശ്യമായ സാഹചര്യം ഉണ്ടാകുമെന്നത് ഏറ്റവും പ്രധാനപ്പെട്ട കാര്യമാണ്. ഈയവസരത്തിൽ കേന്ദ്ര ബജറ്റിൽനിന്ന് കടലോളം പ്രതീക്ഷിച്ച കേരളത്തിന് കിട്ടിയത് കടലാമ മാത്രമാണ്. ഇപ്പോൾ ഉത്തരേന്ത്യയിൽ പശുക്കൾക്കും കേരളത്തിൽ കടലാമയ്ക്കും മാത്രമാണ് രക്ഷ എന്ന നിലയിലേയ്ക്കാണ് കേന്ദ്ര ബജറ്റ് വന്നതോടുകൂടി രാജ്യത്താകമാനം ഉണ്ടാകുന്നത്. കടലോര പ്രദേശത്തെ ധാതുക്കൾ അടിച്ചുമാറ്റി കൊണ്ടുപോകാൻ ആവശ്യമായ പ്രത്യേകമായ പദ്ധതിയാണ് ധാതു ഇടനാഴിയുടെ പ്രഖ്യാപനമെന്ന് സംശയിക്കേണ്ടിയിരിക്കുന്നു. കേരളത്തിന്റെ നെല്ലറയാണ് പാലക്കാട് ജില്ല. ആ പാലക്കാട് ജില്ലയിലെ

ആയിരക്കണക്കിന് വരുന്ന നെൽ കർഷകർക്ക് സഹായഹസ്തമേകാൻ മൂന്ന് മാസങ്ങൾക്ക് മുമ്പ് നെല്ലിന്റെ സംഭരണ വില 30 രൂപയായി വർധിപ്പിച്ചു. ഇപ്പോൾ ഏറ്റവും പ്രധാനപ്പെട്ട പ്രത്യേകത, കഴിഞ്ഞ നാല് വർഷക്കാലമായി കേന്ദ്ര ഗവൺമെന്റിന്റെ നിയന്ത്രണത്തിലുള്ള ബാങ്കുകൾവഴി നെല്ലിന്റെ വില കർഷകർക്ക് ലഭിക്കുന്നതിനുള്ള വലിയ കാലതാമസം ഉൾപ്പെടെ പരിഹരിക്കാൻ വേണ്ടി സഹകരണ സംഘങ്ങൾ വഴി നെല്ല് സംഭരണം നടപ്പാക്കാൻ ചീഫ് സെക്രട്ടറി അധ്യക്ഷനായ കർമ്മസേനയുടെ പ്രവർത്തനം കേരളത്തിൽ ആരംഭിക്കാൻ പോകുകയാണ്. അതിന്റെ പൈലറ്റ് പദ്ധതിക്ക് തുടക്കം കുറിക്കുന്നത് പാലക്കാട് ജില്ലയിലാണ്. ടി പദ്ധതി 2026 ഡിസംബറിൽ പൂർത്തീകരിക്കാനാണ് തീരുമാനിച്ചത്. എന്നാൽ അത് ഡിസംബർ മാസംവരെ പോകാതെ നേരത്തെ ആക്കണമെന്നാണ് അഭിപ്രായപ്പെടാനുള്ളത്. കാരണം, ഈ ഫെബ്രുവരി മാസത്തിൽതന്നെ എന്റെ മണ്ഡലമായ തരൂരിലെയും തൊട്ടടുത്തുള്ള ആലത്തൂർ മണ്ഡലത്തിലെയുമൊക്കെ പഞ്ചായത്തുകളിലെ 100 കണക്കിന് വരുന്ന കർഷകരുടെ രണ്ടാം വിള കൊയ്ത്ത് നടക്കാൻ പോകുകയാണ്. ഡിസംബറിലേയ്ക്ക് കാത്ത് നിൽക്കാതെ അതിന്റെ നടപടികൾ ആരംഭിച്ച

ഈ സീസണിൽ തന്നെ ഈ പദ്ധതി നടപ്പാക്കാനാവശ്യമായ തീരുമാനം അടിയന്തരമായി ഈ ഗവൺമെന്റ് എടുക്കണമെന്നാണ് പറയാനുള്ളത്. കഴിഞ്ഞ പത്ത് വർഷക്കാലമായി പൊതുവിൽ കേരളത്തിൽ വലിയ മാറ്റങ്ങൾ വന്നിട്ടുണ്ട്. ആ മാറ്റങ്ങളോടൊപ്പംനിന്ന ഒരു പ്രധാനപ്പെട്ട മണ്ഡലമാണ് തരൂർ മണ്ഡലം. കഴിഞ്ഞ പത്ത് വർഷം പൊതുവിലും കഴിഞ്ഞ അഞ്ച് വർഷം പ്രത്യേകിച്ചും വലിയ വികസനം നടന്നൊരു മണ്ഡലമാണ് തരൂർ. കേരളത്തിന്റെ സ്വപ്ന പദ്ധതിയായ കൊച്ചി-ബാംഗ്ലൂർ വ്യവസായ ഇടനാഴിയുടെ രണ്ടാംഘട്ടം എന്റെ മണ്ഡലത്തിലുൾപ്പെടെ ആരംഭിച്ചു. അതിന്റെ പ്രധാനപ്പെട്ട ഭാഗം വരുന്നത് എന്റെ മണ്ഡലത്തിലെ കണ്ണമ്പ്രയിലും മറ്റൊരു ഭാഗം മലമ്പുഴയിലുമാണ്. കണ്ണമ്പ്രയിൽ ഏതാണ്ട് 313 ഏക്കർ ഭൂമി രണ്ട് വർഷം മുമ്പുതന്നെ ഇതിനായി ഏറ്റെടുത്തുകഴിഞ്ഞു. ആ പ്രദേശത്തിന്റെ മുഖച്ഛായ മാറ്റുന്ന ഏറ്റവും പ്രധാനപ്പെട്ട രണ്ടാം ഘട്ട പ്രവർത്തനം 1100 കോടി രൂപയ്ക്ക് ഭോപ്പാൽ ആസ്ഥാനമായ കമ്പനി ഏറ്റെടുക്കാൻ പോകുന്നു. വ്യവസായ ഇടനാഴിയുടെ ഭാഗമായി മൂന്ന് വർഷത്തിനുള്ളിൽ വലിയ മാറ്റമാണ് പാലക്കാട് ജില്ലയിൽ വരാൻ പോകുന്നത്. എന്റെ മണ്ഡലത്തിൽ ഫുഡ് അതൊടൊപ്പംതന്നെ നോൺമെറ്റാലിക്, റബ്ബർ ഉൾപ്പെടെയുള്ള

ഏറ്റവും പ്രധാനപ്പെട്ട വ്യവസായ സംരംഭങ്ങൾ വരാൻ പോകുന്നു. ഒരു സമയം 7000 മുതൽ 10000 ആളുകൾക്ക് പ്രത്യക്ഷമായും പരോക്ഷമായും ജോലി ലഭിക്കാൻ സാധിക്കുന്ന രൂപത്തിലേയ്ക്കുള്ള കേരള സർക്കാരിന്റെ സ്വപ്നപദ്ധതിയുടെ ഏറ്റവും പ്രധാനപ്പെട്ട ഭാഗങ്ങളിലൊന്ന് കണ്ണമ്പ്ര പഞ്ചായത്തിൽ അതിവേഗത്തിൽ അതിന്റെ പണികൾ നടക്കുന്നുവെന്ന സന്തോഷ വിവരംകൂടി ഇവിടെ പറയാൻ ആഗ്രഹിക്കുന്നു. കഴിഞ്ഞ പത്ത് വർഷക്കാലത്തിനിടയിൽ പത്തോളം സ്മാർട്ട് വില്ലേജ് ഓഫീസുകൾ എന്റെ മണ്ഡലത്തിൽ ഉയർന്നുവന്നു. എന്റെ മണ്ഡലത്തിൽ കഴിഞ്ഞ അഞ്ച് വർഷത്തിനുള്ളിൽ ബജറ്റിന്റെയും കിഫ്ബിയുടെയും ഭാഗമായി പ്രധാനപ്പെട്ട 12 പാലങ്ങൾ. പത്ത് കോടി രൂപയുടെ തെന്നിലാപുരം പാലം, അരങ്ങാട്ടുകടവ് പാലം, കൊളയക്കാട് പാലം, മണിയമ്പാറ പാലമായാലും ഈ മാസം ഉദ്ഘാടനം ചെയ്യാൻ പോകുന്ന പത്തനാപുരം പാലമായാലും കുരുത്തിക്കോട് പാലമായാലും കഴിഞ്ഞ അഞ്ച് വർഷക്കാലത്തിനടയിൽ കേരളത്തിൽ ഏറ്റവും കൂടുതൽ പാലങ്ങൾ ഉയർന്നുപൊങ്ങിയ മണ്ഡലങ്ങളിൽ ഒരു മണ്ഡലമായി തരൂർ മണ്ഡലം മാറുന്നു. ഏറ്റവും ഒടുവിൽ ഈ ബജറ്റിന്റെ ഭാഗമായി 50 വർഷത്തെ പഴക്കമുള്ള പുളിനെല്ലി പാലം പുതുക്കി പണിയാൻ

ആവശ്യമായ 2 കോടി രൂപ ഉൾപ്പെടെ അനുവദിച്ചതും ഏറ്റവും സ്വാഗതാർഹമായ കാര്യമാണ്. എന്റെ മണ്ഡലത്തിലെ എല്ലാ പഞ്ചായത്തുകളിലും ഏറ്റവും പ്രധാനപ്പെട്ട സ്റ്റേഡിയങ്ങളും ഗ്രൗണ്ടുകളുമൊക്കെയായി എട്ട് കോടി രൂപയുടെ കോട്ടായിയിലെ ഏറ്റവും പ്രധാനപ്പെട്ട ഗ്രൗണ്ടാണ് ആയക്കാട് ഗ്രൗണ്ട്. രാവിലെയും വൈകുന്നേരവും 100 കണക്കിന് വരുന്ന കായിക താരങ്ങളും ചെറുപ്പക്കാരും മുതിർന്നവരെല്ലാം വ്യായാമം ചെയ്യുകയും പരിശീലനം നടത്തുകയും ചെയ്യുന്ന പ്രധാനപ്പെട്ട ഗ്രൗണ്ടാണിത്. കോട്ടായിയിലെ 8 കോടിരൂപയുടെ സ്റ്റേഡിയം, കണ്ണമ്പ്രയിലെ 3 കോടി രൂപയുടെ സ്റ്റേഡിയം ഇങ്ങനെ തുടങ്ങി എല്ലാ പഞ്ചായത്തുകളിലും ഗ്രൗണ്ടുകൾ വരികയാണ്. ഏറ്റവും ഒടുവിൽ വടക്കഞ്ചേരി, കണ്ണമ്പ്ര എന്നീ പഞ്ചായത്തുകളിലെ നൂറുകണക്കിന് ആളുകൾ ആശ്രയിക്കുന്ന പ്രധാനപ്പെട്ട ആയക്കാട് ഗ്രൗണ്ടിനായുള്ള സ്ഥലം ഏറ്റെടുക്കൽ നടപടികൾ പൂർത്തിയാക്കാൻ ഒരു കോടി രൂപ ഈ ബജറ്റിൽ അനുവദിച്ചിട്ടുണ്ട്. പാലക്കാട് ജില്ലയിലെ പ്രധാനപ്പെട്ടതും കൂടുതൽ സൗകര്യവുമുള്ള റെസ്റ്റ് ഹൗസുകളിൽ ഒന്നായ വടക്കഞ്ചേരി റെസ്റ്റ്ഹൗസ് പുതുക്കി പണിയുന്നതിന് സാധിച്ചു. ടൂറിസം മേഖലയിൽ ഇടംനേടാൻ

സാധിക്കുംവിധം വാവുമല, ശിവരാമ പാർക്ക് ഉൾപ്പെടെയുള്ള ടൂറിസം പദ്ധതികൾ മണ്ഡലത്തിൽ പുരോഗമിച്ചുവരികയാണ്. ആയിരക്കണക്കിന് തദ്ദേശവാസികളുടെ സാന്നിധ്യത്തിൽ ഒരു വർഷം മുമ്പാണ് കാരമല ഇക്കോ ടൂറിസം പദ്ധതി ബഹുമാനപ്പെട്ട പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി ശ്രീ. പി. എ. മുഹമ്മദ് റിയാസ് ഉദ്ഘാടനം ചെയ്തത്. ഏകദേശം എല്ലാ റോഡുകളും ബി.എം.&ബി.സി. നിലവാരത്തിലേയ്ക്ക് മാറിയിട്ടുണ്ട്. തരുർ ഗ്രാമപഞ്ചായത്തിൽ മുപ്പത് വർഷക്കാലമായി പ്രയാസം നേരിട്ടിരുന്ന കഴനി-പഴമ്പാലക്കോട് റോഡ് നാല് കിലോമീറ്റർ വരെ പണി പൂർത്തീകരിച്ച് ബി.എം.&ബി.സി. നിലവാരത്തിലേയ്ക്ക് മാറിയിട്ടുണ്ട്. ഒന്നര മാസത്തിനുള്ളിൽ അഞ്ച് കിലോമീറ്ററിലെ പണികൂടി പൂർത്തീകരിച്ചാൽ മണ്ഡലത്തിലെ ഏകദേശം എല്ലാ റോഡുകളും ബി.എം.&ബി.സി. നിലവാരത്തിലേയ്ക്ക് മാറുന്ന സാഹചര്യമുണ്ടാകും. പട്ടികജാതി വിഭാഗങ്ങളിലെ വിദ്യാർഥികൾക്ക് പഠിക്കുന്നതിന് കേരളത്തിലെ ഏക കമ്മ്യൂണിറ്റി കോളേജ് ഏഴരക്കോടി രൂപയ്ക്ക് പുതുക്കിപ്പണിത് ഏതാനും മാസങ്ങൾക്കുമുമ്പ് നാടിന് സമർപ്പിച്ചത് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയാണ്. കണ്ണമ്പ്രയിലെ ആധുനിക റൈസ് മില്ലിനുവേണ്ടി 24 ഏക്കർ ഭൂമി നാല്

വർഷംമുമ്പ് ഏറ്റെടുത്തിരുന്നു. അതിലേയ്ക്കാവശ്യമായ 60 കോടി രൂപകൂടി നബാർഡിന്റെ ധനസഹായമായി കിട്ടിയാൽ തീർച്ചയായും മുപ്പതിനായിരം ടൺ നെല്ല് ഒരേസമയം സംഭരിക്കാനും സംസ്കരിക്കാനും വിതരണം ചെയ്യാനും സാധിക്കും. അതിലൂടെ പാലക്കാട് ജില്ലയിലെ കിഴക്കൻ മേഖലയിലെ നെല്ല് സംഭരണവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കാൻ സാധിക്കും. തോലനൂരിലെ ഗവൺമെന്റ് ആർട്സ് ആൻഡ് സയൻസ് കോളേജിന്റെ അടിസ്ഥാന സൗകര്യ വികസനത്തിന് 16 കോടി രൂപ ചെലവഴിച്ചുകൊണ്ട് പ്രവൃത്തി ആരംഭിക്കാൻ പോകുകയാണ്. ഏറ്റവും ഒടുവിൽ കണ്ണമ്പ്രയിലെ ഗവ.എച്ച്.എസ്. കല്ലിംഗൽപാടം സ്കൂൾ ഉൾപ്പെടെയുള്ള എല്ലാ ഗവൺമെന്റ് ഹൈസ്കൂളുകളിലും പുതിയ കെട്ടിടം നിർമ്മിക്കാൻ സാധിച്ചിട്ടുണ്ട്. തീർച്ചയായും ആ രൂപത്തിൽ കഴിഞ്ഞ പത്ത് വർഷക്കാലം വികസനത്തിന്റെ പൂക്കാലം സൃഷ്ടിച്ച ഈ ഗവൺമെന്റിനും അതോടൊപ്പം ബജറ്റിന്റെ ഭാഗമായി നടത്തിയ എല്ലാ പ്രഖ്യാപനങ്ങളെയും പിന്തുണച്ചുകൊണ്ട് എന്റെ പ്രസംഗം നിർത്തുന്നു.

ശ്രീമതി ഒ. എസ്. അംബിക: സർ, 2026-27-ലെ ജനകീയ ബജറ്റിനെ ഞാൻ പൂർണ്ണമായും പിന്തുണയ്ക്കുകയാണ്. പ്രതിപക്ഷം തുടർച്ചയായി സഭാ

നടപടികൾ തടസ്സപ്പെടുത്തുന്നത് സ്വർണ്ണക്കൊള്ളയിൽ പ്രതിപക്ഷത്തിന്റെ പങ്ക് ചർച്ച ചെയ്യാതിരിക്കാനാണ്. ജനങ്ങളുടെ നീറുന്ന പ്രശ്നങ്ങൾ ഏറ്റെടുക്കാൻ പ്രതിപക്ഷത്തിന് താൽപര്യമില്ല. ഇത് ജനങ്ങൾ കാണുന്നുണ്ടെന്ന് പ്രതിപക്ഷം മനസ്സിലാക്കണമെന്ന് ഞാൻ സൂചിപ്പിക്കുകയാണ്. ബഹുമാനപ്പെട്ട സ്പീക്കറുടെ ഡയസ്സിലേയ്ക്ക് പ്രതിപക്ഷം അക്രമമുണ്ടാക്കാൻ ശ്രമിച്ചതിനെ ഞാൻ അപലപിക്കുകയാണ്. കേന്ദ്ര ബജറ്റ് അവതരിപ്പിച്ചപ്പോൾ കേരളത്തിന് ആമ മുട്ടയാണ് ലഭിച്ചത്. നമ്മുടെ അഭിമാന പദ്ധതികൾക്കൊന്നും ഒരു പൈസ പോലും മാറ്റിവയ്ക്കാതെ കേരള ജനതയെ കേന്ദ്രം അപമാനിക്കുകയാണുണ്ടായത്. കേന്ദ്ര ബജറ്റിനെതിരെ ഒരക്ഷരം പോലും ഉന്നയിക്കാൻ പ്രതിപക്ഷം തയ്യാറാകുന്നില്ല. കോൺഗ്രസ്സ് ബി.ജെ.പി.-യുടെ നിലപാടിനൊപ്പമാണെന്നാണ് ഇതിലൂടെ മനസ്സിലാകുന്നത്. തിരുവനന്തപുരം ജില്ലയിലെ ജനപ്രതിനിധി എന്ന നിലയിൽ ഏറെ സന്തോഷത്തോടുകൂടിയാണ് ഞാൻ ഇന്നിവിടെ നിൽക്കുന്നത്. കേരളത്തിന്റെ സ്വപ്ന പദ്ധതിയായ വിഴിഞ്ഞം തുറമുഖ പദ്ധതിയുടെ ഒന്നാംഘട്ടം പൂർത്തിയാകുകയും രണ്ടാംഘട്ട പ്രവർത്തനം ആരംഭിക്കുകയും ചെയ്തിരിക്കുകയാണ്. ഒന്നാംഘട്ട പ്രവൃത്തി പൂർത്തിയാക്കിയ

ഈ ചുരുങ്ങിയ കാലയളവിനുള്ളിൽ 730 കപ്പലുകളാണ് വിഴിഞ്ഞം തീരം അണഞ്ഞത്. പ്രവൃത്തികളെല്ലാം പൂർത്തിയാക്കി വേണ്ട സൗകര്യങ്ങളെല്ലാം ഏർപ്പെടുത്തി കഴിയുമ്പോൾ വലിയ വികസന സാധ്യതയാണ് വിഴിഞ്ഞത്തെ തേടിയെത്തുന്നത്. അതിലൂടെ തിരുവനന്തപുരത്തിന്റെയും സംസ്ഥാനത്തിന്റെയും ആകെ മുഖഛായയായി മാറും വിഴിഞ്ഞം തുറമുഖം എന്ന കാര്യത്തിൽ ഇതിൽ കൂടുതൽ എന്തുറപ്പാണ് വേണ്ടത്? ഒരുകാലത്ത് ഇതൊന്നും നടക്കാൻ പോകുന്നില്ലെന്ന് വിധിയെഴുതിയ സ്ഥാനത്ത്, ധാരാളം പ്രതിസന്ധികളെ ഇച്ഛാശക്തിയോടെ നേരിട്ടതിന്റെ ഫലമാണ് വിഴിഞ്ഞം തുറമുഖത്തിന്റെ വികസനം യാഥാർഥ്യമായിരിക്കുന്നത്.

സർക്കാർ സ്കൂളുകളിൽ പഠിച്ച്, സർക്കാർ ആശുപത്രികളിൽ ചികിത്സിച്ച് സർക്കാർ ജോലി ചെയ്ത് ജീവിക്കാമെന്ന് ഇനി ആരും കരുതേണ്ടതില്ലെന്നും അത്തരം കാലമൊക്കെ കഴിഞ്ഞുപോയെന്നും പറഞ്ഞ ഭരണാധികാരികൾ ഉണ്ടായിരുന്നൊരു നാടാണിത്. സംസ്ഥാനത്തിന്റെ ദേശീയപാത വികസനം 30 മീറ്ററാക്കി ചുരുക്കണമെന്നും 45 മീറ്റർ റോഡ് വികസനം എന്നത് കേരളത്തിന് സാധ്യമാകുകയില്ലെന്നും പറഞ്ഞത് നമ്മൾ കേട്ടതാണ്. എന്നാൽ കേരളത്തിന്റെ ദേശീയപാത വികസനത്തിന്റെ അവസ്ഥ

എന്താണ്? ഏറ്റെടുക്കാൻ കഴിയുന്നില്ലെന്ന് പറഞ്ഞ എല്ലാ സ്ഥലവും നമ്മൾ ഏറ്റെടുക്കുകയും സ്ഥലം എടുക്കുവാൻ ഈ കോമ്പൗണ്ടിൽ കയറരുതെന്ന് പറഞ്ഞ് പ്ലക്കാർഡ് വച്ചവർ വളരെ അഭിമാനത്തോടെയും സന്തോഷത്തോടെയും ഭൂമി വിട്ടുതരുകയും അതിലേറെ സന്തോഷത്തോടെ ഭൂമിവില കൈപ്പറ്റുകയും വളരെ അഭിമാനത്തോടുകൂടി പുതിയ ജീവിതത്തിലേയ്ക്ക് പ്രവേശിക്കുകയും ചെയ്ത കാഴ്ചയ്ക്കാണ് കേരളം സാക്ഷ്യംവഹിച്ചത്. നഷ്ടപരിഹാരം കിട്ടിയവർ ഭാഗ്യവാൻമാരും ഭാഗ്യവതികളുമായി പൊതുസമൂഹം വിലയിരുത്തുന്നു എന്നതാണ് ഇതിന്റെ അവസ്ഥ. ദേശീയപാത മാത്രമല്ല, സംസ്ഥാനത്തിന്റെ തെക്ക്-വടക്ക് ബന്ധിപ്പിക്കുന്ന മലയോര ഹൈവേയും തീരദേശ ഹൈവേയും അതിവേഗത്തിൽ പുരോഗമിച്ചുവരികയാണ്. കേശവദാസപുരത്തെ അങ്കമാലിയുമായി ബന്ധിപ്പിക്കുന്ന എം.സി.റോഡിന്റെ വികസനവും യാഥാർത്ഥ്യമാകുകയാണ്. ഞങ്ങളുടെയൊക്കെ ദീർഘകാല അഭിലാഷമായിരുന്ന കിളിമാനൂർ ബൈപ്പാസ് നിർമ്മാണപ്രവൃത്തിക്ക് ആവശ്യമായ തുക ഉൾപ്പെടെ എം.സി. റോഡ് വികസനത്തിൽ പ്രഖ്യാപിച്ചിട്ടുണ്ട്. ആറ്റിങ്ങൽ നിയോജകമണ്ഡലത്തിലെ റോഡ്

വികസനത്തിനും പാലം നിർമ്മാണത്തിലും ഏറെ മുന്നേറാൻ കഴിഞ്ഞ വർഷങ്ങളായിരുന്നു ഈ പത്തുവർഷം. 63.78 കോടി രൂപയാണ് ഈ പാലങ്ങളുടെ നിർമ്മാണത്തിനായി ലഭിച്ചത്. മലയാളത്തിന്റെ പ്രിയ കവി കുമാരനാശാന്റെ ജന്മനാടായ കായിക്കരയും ഇന്ത്യൻ സ്വാതന്ത്ര്യ സമര ചരിത്രത്തിലെ ധീര രക്തസാക്ഷി വക്കം ഖാദറിന്റെ മണ്ണായ വക്കവുമായി ബന്ധിപ്പിക്കുന്ന വക്കം-കായിക്കര പാലത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് 33.37 കോടി രൂപ അനുവദിക്കുകയും നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ഒരേസമയം ഒരേ ദിശയിലേയ്ക്ക് മാത്രം വാഹനങ്ങൾ സഞ്ചരിക്കാൻ സാധിക്കുന്ന കുപ്പിക്കഴുത്ത് പോലുള്ള നിരവധി പാലങ്ങളെ പൊളിച്ച് പുതിയ പാലങ്ങൾ നിർമ്മിച്ച് പൊതുജനങ്ങൾക്കായി സമർപ്പിക്കാൻ സാധിച്ചിട്ടുണ്ട്. കിളിമാനൂരിലെ കൊച്ചു പാലം, നഗരൂറിന്റെ പാലം, ചെറുകാരം പാലം, വയ്യാറ്റിൻകര പാലം, ഒറ്റൂർ പാലം, ചിപ്പൻചിറ പാലം എന്നിവ പുതുക്കി നിർമ്മിച്ച് ഗതാഗതത്തിനുവേണ്ടി തുറന്നുകൊടുക്കുന്നതിന് സാധിച്ചിട്ടുണ്ട്. വെള്ളിയാഴ്ച കാവിലെ പാലം നിർമ്മാണത്തിന് അനുമതി ലഭിച്ചിട്ടുണ്ട്. ആറ്റിങ്ങൽ നിയോജകമണ്ഡലത്തിൽ 150 കോടിയിലധികം രൂപയുടെ റോഡ്

വികസനം യാഥാർഥ്യമായിരിക്കുകയാണ്. ആലംകോട്-മീരാൻകടവ് റോഡിന് 35 കോടി രൂപയും പൊരുന്തമൺ- കല്ലറ റോഡിന് 10 കോടി രൂപയും തട്ടത്തുമല -ചാറയം റോഡിന് 8 കോടി രൂപയും കല്ലറ- തൊളിക്കുഴി റോഡിന് 5 കോടി രൂപയും കടുവപ്പള്ളി - തോട്ടയ്ക്കാട് വട്ടയ്ക്കകം റോഡിന് 5 കോടി രൂപയും കല്ലമ്പലം പി.സി.മുക്ക്- ചെമ്പരത്തിമുക്ക് റോഡിന് 5 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്.

ആരോഗ്യ മേഖലയിൽ വലിയ വികസന മുന്നേറ്റം സാധ്യമായ വർഷങ്ങളാണ് കടന്നുപോയത്. കേരളത്തിലെ സ്ത്രീ സൗഹൃദ കാലഘട്ടമായിരുന്നു ഇത്. സ്ത്രീകളിൽ ക്യാൻസർ രോഗ നിർണ്ണയം നടത്തുന്നതിന് പ്രാഥമിക ആരോഗ്യ കേന്ദ്രം മുതൽ ഏർപ്പാടാക്കിയതിലൂടെ നിരവധി ആളുകൾ രോഗ നിർണ്ണയം നടത്തുകയും സമയബന്ധിതമായി അവർക്ക് ചികിത്സ ഉറപ്പാക്കാനും സാധിച്ചിട്ടുണ്ട്. കുട്ടികൾക്കും കുടുംബാംഗങ്ങൾക്കും മറ്റുമായി തങ്ങളുടെ ശാരീരിക അവസ്ഥയ്ക്ക് ചികിത്സപോലും മാറ്റിവച്ച് ജീവിച്ച നിരവധി പേർക്ക് 'ആരോഗ്യം ആനന്ദം- അകറ്റാം അർബുദം' എന്ന പദ്ധതി വളരെ സഹായകമായിട്ടുണ്ട്. പല കാരണങ്ങളാൽ പറയാൻ മടിച്ചതും ഡോക്ടർമാരെ കാണാൻ മടിച്ചതുമായ

സാഹചര്യം തോൽക്കുകയും ചികിത്സ അവരെ തേടി എത്തുകയും ചെയ്തു. ആർത്തവ വിരാമം സംഭവിച്ച സ്ത്രീകളുടെ ആരോഗ്യ പ്രശ്നങ്ങൾ പരിഹരിക്കാൻ ആർത്തവ വിരാമ ക്ലിനിക്കുകൾ സ്ഥാപിക്കാൻ ബജറ്റിൽ തുക വകയിരുത്തിയതിനെ ഞാൻ സ്വാഗതം ചെയ്യുകയാണ്.

വിദ്യാഭ്യാസ മേഖലയിൽ സജീവമായി ഇടപെടുന്നതിന് 'മന്ത്രി അപ്പൂപ്പൻ' എന്ന് വിളിക്കുന്ന കുട്ടിയെയാണ് നാം കണ്ടത്. അവധി ദിവസങ്ങളിൽ സ്കൂളിൽ എക്സ്ട്രാ ക്ലാസ് വയ്ക്കുന്നുവെന്ന് പറഞ്ഞ് കുട്ടി ബഹുമാനപ്പെട്ട മന്ത്രിയുടെ ഫോണിൽ വിളിക്കുമ്പോൾ അതിന് പരിഹാരം കണ്ടെത്തുന്ന മന്ത്രിയും ആരോഗ്യ പ്രശ്നങ്ങളുള്ള കുട്ടികൾക്ക് കലോത്സവങ്ങളിൽ പങ്കെടുക്കണമെന്ന ആഗ്രഹത്തിന് നിയമസംവിധാനങ്ങളുടെ സകല സാധ്യതകളും ഉപയോഗിച്ച് അവസരം ഒരുക്കിക്കൊടുക്കുന്ന മന്ത്രിയുമാണ് ഇന്ന് നമുക്കുള്ളത്. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് 'ഗുഡ് ഗവേൺസ്' എന്നാണ് അദ്ദേഹത്തിന്റെ ഇടപെടലിനെ വിശേഷിപ്പിച്ചത്. മികവാർന്ന മന്ത്രിയുടെ നേതൃത്വത്തിലും ഇച്ഛാശക്തിയുള്ള ഗവൺമെന്റിന്റെ നേതൃത്വത്തിലും നിരവധിയായ വികസന പ്രവർത്തനങ്ങൾക്ക് നേട്ടങ്ങൾ സ്വന്തമാക്കിയ പൊതുവിദ്യാഭ്യാസ രംഗമാണ്

ഇന്ന് കേരളത്തിനുള്ളത്. കിഫ്ബി പദ്ധതിയിലൂടെ അടിസ്ഥാന സൗകര്യ വികസനം യാഥാർഥ്യമാക്കിയ സ്കൂളുകളിലേയ്ക്ക് പോയാലറിയാം നമ്മുടെ പൗരൻമാർക്കായി നടപ്പാക്കിയ ഈ വികസനത്തിന്റെ മുന്നേറ്റം. ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ എല്ലാ നിയോജകമണ്ഡലങ്ങളെയും ഒരു വിദ്യാലയമായി കണ്ടുകൊണ്ട് 5 കോടി രൂപയുടെ വികസന പ്രവർത്തനമാണ് ഈ നാട്ടിൽ നടപ്പാക്കിയത്. സംസ്ഥാനത്ത് ആദ്യമായി 5 കോടി രൂപ ചെലവഴിച്ച് വികസനം പൂർത്തിയാക്കിയ മൂന്ന് വിദ്യാലയങ്ങളിൽ, എന്റെ നിയോജകമണ്ഡലത്തിലെ ആറ്റിങ്ങൽ മോഡൽ ഹയർ സെക്കൻഡറി സ്കൂൾ ആയതിൽ ഞാൻ അഭിമാനിക്കുകയാണ്. ആയിരം കുട്ടികൾ പഠിക്കുന്ന എല്ലാ പൊതുവിദ്യാലയങ്ങൾക്കും മൂന്നുകോടി രൂപ വികസന പ്രവർത്തനങ്ങൾക്കായി അനുവദിച്ചിട്ടുണ്ട്. ആറ്റിങ്ങൽ നിയോജകമണ്ഡലത്തിൽ ആറ് സ്കൂളുകളാണ് അത്തരത്തിൽ പൂർത്തിയാക്കാൻ കഴിഞ്ഞത്. ആറ്റിങ്ങൽ നിയോജകമണ്ഡലത്തിലെ ടൗൺ യു.പി.എസും ചെറുന്നിയൂർ ഗവ. എച്ച്.എസും കവിയൂർ ഗവ.എച്ച്.എസും വക്കം ഗവ.എച്ച്.എസും കിളിമാനൂർ ടൗൺ യു.പി.എസും തട്ടത്തുമല ഗവ.ഹയർ സെക്കൻഡറി സ്കൂളും പോങ്ങനാട് യു.പി.എസും, നെടുമ്പറമ്പ് എച്ച്.എസും

ഒരു കോടി മുപ്പത് ലക്ഷം രൂപ ചെലവഴിച്ചുകൊണ്ട് യാഥാർത്ഥ്യമാക്കിയിരിക്കുകയാണ്. പൊതുവിദ്യാഭ്യാസ വകുപ്പിന്റെ ഫണ്ടിൽനിന്നും മുള്ളറംകോട് യു.പി.എസും പാപ്പാല യു.പി.എസും ആലംകോട് യു.പി.എസും ശ്രീനാരായണപുരം യു.പി.എസ്.-നുമായി ഒരു കോടി രൂപ അനുവദിക്കുകയും അതിന്റെ പ്രവൃത്തി ആരംഭിക്കാൻ പോകുകയുമാണ്. സംസ്ഥാന ബജറ്റിൽ ഭരണാനുമതി ലഭിക്കാത്ത മരാമത്ത് പ്രവൃത്തികളെ ഉൾപ്പെടുത്തിക്കൊണ്ട് എം.എൽ.എ.-മാർ ഉദ്ദേശിച്ചിരുന്ന പദ്ധതികളുടെ ഭാഗമായി തോട്ടയ്ക്കാട് ഗവ. എൽ.പി.എസ്., ശ്രീനാരായണപുരം എൽ.പി.എസ്, പേരൂർ-വടശ്ശേരി യു.പി.എസ്., ആറ്റിങ്ങൽ ഗവ. പി.എച്ച്.സി., ഓട്ടിസം പാർക്ക്, മണനൂർ യു.പി.എസ്., കുറ്റിമൂട് യു.പി.എസ്., മഞ്ഞപ്പാറ എൽ.പി.എസ് എന്നീ സ്കൂളുകൾ ഒരു കോടി രൂപ വീതം അനുവദിച്ചു. സർക്കാർ നേരിട്ട് നടത്തുന്ന പ്രീ-പ്രൈമറി സ്കൂളുകൾ ഉൾപ്പെടെ നടപ്പാക്കിക്കൊണ്ടിരിക്കുകയുമാണ് നമ്മുടെ കേരളത്തിൽ. ആറ്റിങ്ങൽ നിയോജകമണ്ഡലം ചരിത്ര പ്രാധാന്യമുള്ള മണ്ഡലമാണ്. രാജാ രവിവർമ്മയുടെ നാടാണ്. തങ്കലിപികളാൽ എഴുതപ്പെട്ട വരകളുടെ തമ്പുരാനായ രാജാ രവിവർമ്മയ്ക്ക് ഒരു സ്മാരകം പണിയുന്നതിനുവേണ്ടി

അങ്ങയുടെ ബജറ്റിൽ തുക വകയിരുത്തണമെന്ന് അപേക്ഷിച്ചുകൊണ്ട് ഈ ബജറ്റിനെ ഒരിക്കൽക്കൂടി ശക്തിയായി പിന്തുണച്ചുകൊണ്ട് നിർത്തുന്നു.

ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: സർ, യൂണിയൻ ഗവൺമെന്റിന്റെ കടുത്ത സാമ്പത്തിക ഉപരോധത്തിനിടയിലും കേരളത്തിന്റെ താത്പര്യങ്ങൾ ഉയർത്തിപ്പിടിച്ച് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച സർവതലസ്പർശിയായ ബജറ്റിനെ ഞാൻ പിന്തുണയ്ക്കുന്നു. വർഗീയ രാഷ്ട്രീയത്തെ എന്നും ചെറുത്തുനിന്ന മലയാളി സമൂഹത്തോട് പക പോക്കുന്ന സമീപനമാണ് ബി.ജെ.പി. തുടരുന്നത്. കേരളത്തിലെ എല്ലാവർക്കും രാഷ്ട്രീയമുണ്ട്. എന്നാൽ തിരഞ്ഞെടുക്കപ്പെടുകയും ഭരണഘടനാപരമായ ചുമതലകൾ നിറവേറ്റുകയും ചെയ്യുമ്പോൾ കക്ഷിരാഷ്ട്രീയത്തിനതീതമായി മുഴുവൻ മനുഷ്യരെയും തുല്യരായി കണ്ടുവേണം തീരുമാനങ്ങളെടുക്കേണ്ടത്. എന്നാൽ ബി.ജെ.പി.-യെ വിജയിപ്പിച്ചാൽ മാത്രമേ കേന്ദ്ര പദ്ധതികൾ കേരളത്തിന് ലഭിക്കുകയുള്ളൂവെന്ന് ബി.ജെ.പി.-യുടെ സംസ്ഥാന പ്രസിഡന്റ് പച്ചയ്ക്ക് പറയുകയാണ്. ഇത് ജനങ്ങൾക്ക് നേരെയുള്ള വെല്ലുവിളിയാണ്. തനിക്ക് വോട്ട് ചെയ്തവർക്ക് മാത്രമേ എന്തെങ്കിലും തരികയുള്ളൂവെന്ന് ചരിത്രത്തിലിതുവരെ ഏതെങ്കിലും രാഷ്ട്രീയ പാർട്ടി നേതാവ് പറയുന്നത്

കേട്ടിട്ടുണ്ടോ? സംസ്ഥാന ഗവൺമെന്റ് എൽ.ഡി.എഫ്. ആണ് ഭരിക്കുന്നത്. കഴിഞ്ഞ തദ്ദേശസ്വയംഭരണസ്ഥാപന തിരഞ്ഞെടുപ്പിൽ കോൺഗ്രസും ബി.ജെ.പി.-യുമൊക്കെ ഭരിക്കുന്ന കോർപ്പറേഷനുകളുണ്ടല്ലോ; ഈ നഗരങ്ങളെ തടയുമെന്ന് സംസ്ഥാനം ഭരിക്കുന്ന പാർട്ടിക്കോ ഗവൺമെന്റിനോ പറയാൻ സാധിക്കുമോ? അതുകൊണ്ടാണ് വിഷമല്ല, കൊടുംവിഷമാണെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത്. കൊടുംവിഷത്തിന് ഗുഡ് സർട്ടിഫിക്കറ്റ് കൊടുക്കുകയാണ് പ്രതിപക്ഷനേതാവ് ചെയ്തത്. 'ഇദ്ദേഹത്തിന് ബി.ജെ.പി. ഐഡിയോളജിയൊന്നുമില്ല' എന്നാണ് അദ്ദേഹം പറഞ്ഞത്. ഇതൊരു പരസ്പര ധാരണയുടെ ഭാഗമാണ്. ബി.ജെ.പി.-യുടെ ഐഡിയോളജിയൊന്നുമില്ല എന്നുപറഞ്ഞാൽ അതിന്റെയർഥം എന്താണ്? ആ നിലയിലുള്ള യോജിപ്പാണ് കേന്ദ്രഭരണകക്ഷിയും കേരളത്തിലെ പ്രതിപക്ഷവും ചേർന്ന് കേരളത്തിൽ സൃഷ്ടിച്ചിട്ടുള്ളത്. വയനാടിൽ നാന്നൂറിലധികം പേരുടെ ജീവൻ നഷ്ടപ്പെട്ടു. ജീവനും ജീവിതവുമില്ലാതായ മനുഷ്യർക്ക് അതിജീവനത്തിനായി കേരളം ഒരു പാക്കേജ് ചോദിച്ചു. കേന്ദ്രം സാമ്പത്തിക സഹായം നൽകുന്നില്ലെന്ന് മനസിലാക്കി പ്രത്യേക പാക്കേജ്

അനുവദിച്ചുകൂടേ; വീടും ഭൂമിയും ഉറ്റവരെയും നഷ്ടപ്പെട്ടവരുടെ വായ്പകൾ എഴുതിത്തള്ളിക്കൂടേ എന്ന് ബഹുമാനപ്പെട്ട ഹൈക്കോടതി ചോദിച്ചു. ഇങ്ങനെ ബഹുമാനപ്പെട്ട ഹൈക്കോടതി ചോദിച്ചിട്ടും 18 കോടി രൂപ ഉണ്ടായിരുന്നെങ്കിൽ ഇവരുടെയെല്ലാം കടങ്ങൾ എഴുതിത്തള്ളാമായിരുന്നിട്ടും കേന്ദ്ര ബി.ജെ.പി. ഗവൺമെന്റ് അത് ചെയ്തില്ല. ഇവർ വർഷാവർഷം കോർപ്പറേറ്റുകളുടെ ലക്ഷം കോടി രൂപ എഴുതിത്തള്ളുന്നു. പാവപ്പെട്ടവരുടെ കടങ്ങൾ എഴുതിത്തള്ളില്ലെന്ന ബി.ജെ.പി. ഗവൺമെന്റിന്റെ നയം മനസ്സിലാക്കിയപ്പോൾ സംസ്ഥാന ഗവൺമെന്റ് ഈ കടങ്ങളെല്ലാം ഏറ്റെടുക്കാൻ തീരുമാനിച്ചു. ഈ ദുരന്തഭൂമിയിൽനിന്ന് പോക്കറ്റടിച്ചവരാണ് കേരളത്തിലെ കോൺഗ്രസ്. മുപ്പത് സെക്കൻഡുകൊണ്ട് മുന്നൂറ് വീട് നിർമ്മിക്കുമെന്ന വി.ഡി. ഹരിത മാത്തമാറ്റിക്സ് അവതരിപ്പിക്കുകയാണ് കേരളത്തിലെ കോൺഗ്രസ്. കേന്ദ്ര പദ്ധതികൾ നൽകുന്നില്ല, വൻകിട പ്രോജക്ടുകൾ കേരളത്തിലില്ല; നടപ്പാക്കിയ പദ്ധതികളുടെ കുടിശ്ശികയും നൽകുന്നില്ല; തൊഴിലുറപ്പ് ഉൾപ്പെടെയുള്ള പദ്ധതികൾ സംസ്ഥാനത്തിന്റെ തലയിൽ കെട്ടിവയ്ക്കുന്നു; കേരളത്തിൽനിന്ന് പിരിച്ചെടുക്കുന്ന നികുതി ഇവർ എന്താണ് ചെയ്യുന്നത്? ഇത്രയൊക്കെ അവഗണനയുണ്ടായിട്ടും നമ്മുടെ

സംസ്ഥാനം തനതു നികുതി വരുമാനം ഉയർത്തുകയാണ്. കഴിഞ്ഞ അഞ്ച് വർഷംകൊണ്ട് ഒരു ലക്ഷത്തി ഇരുപത്തിയേഴായിരത്തിലധികം കോടി രൂപയുടെ തനത് നികുതി വരുമാനമാണ് നമുക്ക് സമാഹരിക്കാൻ കഴിഞ്ഞത്. ഇതുപയോഗിച്ചാണ് നാം ഈ നേട്ടങ്ങളെല്ലാം കൈവരിച്ചത്. കേരളത്തിന് പത്ത് വർഷമായി നേടാൻ കഴിഞ്ഞ വികസനപ്രവർത്തനങ്ങളെ നിസ്സാരവൽക്കരിക്കുകയെന്ന തന്ത്രം ഇന്ന് കേരളത്തിൽ പ്രതിപക്ഷത്തിന്റെ നേതൃത്വത്തിൽ പ്രചരിപ്പിക്കപ്പെടുന്നുണ്ട്. പത്ത് വർഷമായില്ലേ; സ്വാഭാവികമായി സംഭവിക്കുന്നതല്ലേയെന്ന ചോദ്യം ഉയർത്തുന്നുണ്ട്. ഞങ്ങൾ വന്നാൽ കാണിച്ചുതരാമെന്ന ഡയലോഗും പറയുന്നുണ്ട്. പഞ്ചായത്ത് തിരഞ്ഞെടുപ്പ് കഴിഞ്ഞപ്പോൾ കൊച്ചിക്കാർക്ക് കാര്യങ്ങൾ മനസ്സിലായി. വെള്ളം കിട്ടാതെയും മാലിന്യങ്ങൾ നീക്കം ചെയ്യാതെയും കാര്യങ്ങൾ താറുമാറാകുന്ന അവസ്ഥ. ആഴ്ചകൾ കഴിയുമ്പോൾ ഇതാണ് അവസ്ഥയെങ്കിൽ ഇനി അഞ്ച് വർഷം സഹിക്കണ്ടേ എന്ന അവസ്ഥയിലാണ് കൊച്ചിയിലെ ജനങ്ങൾ. വിഴിഞ്ഞം മുടക്കും, ഗെയിൽ മുടക്കും, ദേശീയപാത മുടക്കും, കെ-റെയിൽ മുടക്കും, കെ-ഫോൺ മുടക്കും, വയനാട് തുരങ്കപാത മുടക്കും, എ.ഐ. ക്യാമറ മുടക്കും, നടത്തില്ല; കേസ് കൊടുക്കും എന്നാണ് പറയുന്നത്.

ഈ രാഷ്ട്രീയ വക്താക്കൾ അധികാരത്തിൽ വന്നാൽ പദ്ധതികൾ മുടക്കാൻ മാത്രം ഒരു വകുപ്പ് രൂപീകരിക്കേണ്ടിവരുമെന്ന നിലയാണ്. പണ്ട് പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങൾ വിൽക്കാൻ വകുപ്പ് ഉണ്ടാക്കിയതുപോലെ കാര്യങ്ങളെത്തുമെന്നുള്ളതാണ്. വടക്കാഞ്ചേരി നിയോജകമണ്ഡലത്തിന്റെ വികസന കാര്യങ്ങളിൽ വലിയ മുന്നേറ്റമാണ് ഈ ഗവൺമെന്റിന്റെ കാലയളവിൽ ഉണ്ടാക്കിയെടുക്കാൻ സാധിച്ചിട്ടുള്ളത്. മുടങ്ങിക്കിടക്കുന്ന പല പദ്ധതികൾക്കും പുതുജീവൻ നൽകാനായി. സാധാരണക്കാരുടെ മക്കൾക്ക് മികച്ച പഠന നിലവാരം ഉറപ്പുവരുത്താൻ 27 കോടി രൂപ ഉപയോഗിച്ച് പുതിയ കെട്ടിട സൗകര്യമുണ്ടാക്കാൻ കഴിഞ്ഞു. തൃശ്ശൂർ മെഡിക്കൽ കോളേജ് ക്യാമ്പസിൽ ഡെന്റൽ കോളേജും നഴ്സിങ് കോളേജും ചെസ്റ്റ് ഹോസ്പിറ്റലും മെഡിക്കൽ കോളേജിലെ അമ്മയും കുഞ്ഞും ബ്ലോക്കും ഉൾപ്പെടെ ആരോഗ്യരംഗത്തുമാത്രം 550 കോടി രൂപയുടെ വികസന പ്രവർത്തനങ്ങൾ നടത്താൻ സാധിച്ചു. ഞാൻ വിശദാംശങ്ങളിലേക്ക് പോകുന്നില്ല. വടക്കാഞ്ചേരി നിയോജകമണ്ഡലത്തിലെ ബഹുഭൂരിപക്ഷം വരുന്ന പൊതുമരാമത്ത് റോഡുകളും ബി.എം. & ബി.സി. നിലവാരത്തിലേക്ക് ഉയർത്താനായി.

കോളങ്ങാട്ടുകര കമ്പി പാലം പുതുക്കി പണിതു. ഓട്ടുപാറ പാലം, തോളൂർ പാലം എന്നിവയ്ക്ക് പൊതുമരാമത്ത് വകുപ്പിന്റെ നിർമ്മാണാനുമതി ലഭിച്ചിട്ടുണ്ട്. അതിന്റെ നടപടികളിലേക്ക് പോകുകയാണ്. റോഡ് ഉൾപ്പെടെ 220 കോടി രൂപയുടെ പ്രവർത്തനങ്ങളാണ് പൊതുമരാമത്ത് രംഗത്ത് ഇപ്പോൾ നടന്നുവരുന്നത്. ഓരോ റോഡിന്റെയും പേര് ആവർത്തിക്കുന്നില്ല. പോട്ടോർ വേലുക്കുട്ടി റെയിൽവേ മേൽപ്പാലം ഉൾപ്പെടെ വടക്കാഞ്ചേരി നിയോജകമണ്ഡലത്തിൽ നാല് റെയിൽവേ മേൽപ്പാലങ്ങളുടെ നിർമ്മാണങ്ങൾ വ്യത്യസ്തഘട്ടങ്ങളിൽ നിൽക്കുന്നുവെന്നുള്ളതാണ്. മുണ്ടൂർ-പുറ്റേക്കര വരെയുള്ള ഭാഗത്തെ റോഡിലെ കുപ്പിക്കഴുത്ത് പ്രശ്നം പരിഹരിച്ച് സ്ഥലം ഏറ്റെടുക്കുന്നവർക്ക് നഷ്ടപരിഹാരം നൽകാൻ ആരംഭിച്ചു. അത് ബജറ്റ് പ്രസംഗവുമായി ബന്ധപ്പെട്ട ചർച്ചയിൽ ഞാൻ ആവശ്യപ്പെട്ട ഒരു കാര്യമായിരുന്നു.

ഒരു കാര്യംകൂടി ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. വടക്കാഞ്ചേരി ബൈപ്പാസ് പദ്ധതിയുടെ ഡി.പി.ആർ. തയ്യാറാക്കി കിഫ്ബിക്ക് സമർപ്പിച്ചിട്ടുണ്ട്. ആയതിന്റെ എഫ്.എസ്. നൽകുന്നതിനാവശ്യമായ നടപടികൾകൂടി സ്വീകരിക്കണമെന്ന്

ഇതിന്റെ ഭാഗമായി അഭ്യർഥിക്കുകയാണ്. ടൂറിസം മേഖലയ്ക്ക് വലിയ സാധ്യതയുള്ള നിയോജകമണ്ഡലമാണ് വടക്കാഞ്ചേരി. വാഴാലി, വിലങ്ങൻ കുന്ന്, പൂമല എന്നിങ്ങനെ ടൂറിസം പദ്ധതികളെയാകെ കോർത്തിണക്കി വടക്കാഞ്ചേരി ടൂറിസം സർക്യൂട്ടിനുള്ള 20 കോടി രൂപയുടെ വികസന പ്രവർത്തനങ്ങൾ വ്യത്യസ്തതലത്തിൽ നിൽക്കുകയാണ്. വടക്കാഞ്ചേരിയിൽ കൾച്ചറൽ കൺവെൻഷൻ സെന്റർ സ്ഥാപിക്കുന്നതിന് 9 കോടി രൂപ; വടക്കാഞ്ചേരി കോടതി സമുച്ചയവുമായി ബന്ധപ്പെട്ട് ഡിസൈൻ പരിഗണനയിലാണ്, ഭൂമി ലഭിച്ചു കഴിഞ്ഞു. കൃഷി ഭവൻ, സബ് ട്രഷറി, വില്ലേജ് ഓഫീസുകൾ ഉൾപ്പെടെ 25 കോടി രൂപയുടെ സർക്കാർ കെട്ടിടങ്ങൾ ഇതുമായി ബന്ധപ്പെട്ട് നിർമ്മാണത്തിലാണ്. കളിക്കളം പദ്ധതിയുടെ ഭാഗമായി ഉൾപ്പെടെ വടക്കാഞ്ചേരി നിയോജകമണ്ഡലത്തിലെ കായിക വികസനത്തിന് 12 കോടി രൂപയുടെ വികസന പ്രവർത്തനങ്ങളാണ് ഗ്രൗണ്ടുകളിൽ മാത്രം നടക്കുന്നത്. മൂന്ന് വ്യവസായ സ്റ്റേറ്റുകൾ, മെഡിക്കൽ കോളേജ്, മെഡിക്കൽ യൂണിവേഴ്സിറ്റി, കില എന്നിങ്ങനെ ബൃഹത്തായ സ്ഥാപനങ്ങളുള്ള വടക്കാഞ്ചേരി നിയോജകമണ്ഡലത്തിന്റെ വൈദ്യുതി ആവശ്യത്തിനുവേണ്ടി 33 കെ.വി.-യുടെ രണ്ട് സബ് സ്റ്റേഷനുകളാണ് ഈ

ഗവൺമെന്റിന്റെ കാലത്ത് ആരംഭിക്കുന്നതെന്നുകൂടി ഈ ഘട്ടത്തിൽ അഭിമാനത്തോടുകൂടി പറയുകയാണ്. ചൂലിശ്ശേരിയിൽ കഴിഞ്ഞ പത്തുമുപ്പത് വർഷമായി അടഞ്ഞുകിടന്നിരുന്ന ഇലക്ട്രിക് പോസ്റ്റ് ഉണ്ടാക്കുന്ന പോൾ കാസ്റ്റിങ് യൂണിറ്റ് അഞ്ചേമുക്കാൽ കോടി രൂപ ചെലവഴിച്ചുകൊണ്ട് തുറന്ന് പ്രവർത്തനം ആരംഭിച്ചു. നാല് ജില്ലകൾക്കാവശ്യമായ ഇലക്ട്രിക് പോസ്റ്റ് അവിടെനിന്നും കൊടുക്കുകയാണ്. കഴിഞ്ഞ 23 വർഷമായി സ്റ്റേറ്റ് ഹൈവേയുടെ പ്രത്യേകിച്ച്, ഷൊർണ്ണൂർ-തൃശ്ശൂർ റോഡിൽ ഉപയോഗശൂന്യമായി കിടന്നിരുന്ന മുളങ്കുന്നത്തുകാവിലെ 12 ഏക്കർ കെൽട്രോൺ ഭൂമി ഏറ്റെടുത്ത് കോമൺ ഫെസിലിറ്റീസ് സെന്റർ ആരംഭിക്കുന്നതിനുള്ള നടപടികളായിട്ടുണ്ട്. അംബേദ്കർ ഗ്രാമം പദ്ധതിയിലുൾപ്പെടുത്തിയാണ് വടക്കാഞ്ചേരി നിയോജകമണ്ഡലത്തിലെ ഏഴ് പട്ടികജാതി നഗറുകളുടെ പ്രവർത്തനങ്ങൾ നടക്കുന്നത്. വടക്കാഞ്ചേരി നിയോജകമണ്ഡലത്തിലെ മുണ്ടത്തിക്കോട്, കുമ്പാരനഗർ, വടക്കാഞ്ചേരി തെലുങ്കർനഗർ, അവണൂർ അംബേദ്കർ നഗർ, മലാക്ക മിച്ചഭൂമി തുടങ്ങിയ പ്രദേശങ്ങളിലെ പതിറ്റാണ്ടുകളായ പട്ടയ പ്രശ്നങ്ങളാണ് പരിഹരിച്ചത്. മതനിരപേക്ഷ പുരോഗമന രാഷ്ട്രീയത്തിന്റെ കരുത്തിൽ വികസനവും

ക്ഷേമവും ഉറപ്പാക്കുന്ന ഇടതുപക്ഷ മുന്നണി സർക്കാരിന് വടക്കാഞ്ചേരി നിയോജകമണ്ഡലത്തിന്റെ സമസ്ത മേഖലകളിലും ഇക്കാലയളവിൽ വികസനത്തിന്റെ പുതിയ അധ്യായങ്ങൾ എഴുതിച്ചേർക്കാൻ സാധിച്ചിട്ടുണ്ട്. 2026-27 ബജറ്റിൽ വടക്കാഞ്ചേരിയുടെ വികസനത്തിനുവേണ്ടി 36 പദ്ധതികളാണ് തുടർന്നും ഉൾപ്പെടുത്തിയിട്ടുള്ളത്. എല്ലാ മേഖലയിലും സ്പർശിച്ച ഈ ബജറ്റിന് എല്ലാ പിന്തുണയും അറിയിക്കുന്നു.

<u>ശ്രീ. വി. കെ. പ്രശാന്ത്</u>: സർ, കേരളത്തിന്റെ ധനകാര്യ വകുപ്പിനെ അങ്ങേയറ്റം ചാരുതയോടുകൂടി മുന്നോട്ടുനയിച്ച ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയെ ഞാൻ പ്രത്യേകമായി അഭിനന്ദിക്കുകയാണ്. ഈ ബജറ്റിനെ ഏതാണ്ട് എല്ലാ മാധ്യമങ്ങളും ഒരുപോലെ പിന്തുണയ്ക്കുന്നത് നമ്മൾ കാണുകയുണ്ടായി. പ്രതികൂല സാഹചര്യത്തിൽ തനത് നികുതിവരുമാനമടക്കം വർധിപ്പിച്ചുകൊണ്ട് കരുതലോടുകൂടി കേരളത്തിന്റെ വികസനക്കുതിപ്പിന് ഗതിവേഗം നൽകുകയാണ് ധനകാര്യ വകുപ്പുമന്ത്രി ചെയ്തത്. സാധാരണക്കാർ, ഇടത്തട്ടുകാർ, മേൽത്തട്ടുകാർ എന്നിങ്ങനെ എല്ലാ വിഭാഗം ജനങ്ങൾക്കും ഗുണകരമായ പദ്ധതികൾ ബജറ്റിൽ പ്രഖ്യാപിക്കുകയുണ്ടായി. സഭയിൽ മറ്റംഗങ്ങൾ പറഞ്ഞതുകൊണ്ട് ഞാൻ

ആവർത്തിക്കുന്നില്ല. കഴിഞ്ഞ ദിവസം യൂണിയൻ ബജറ്റും അവതരിപ്പിക്കുകയുണ്ടായി. 'ആമ നിർഭർ കേരളം' എന്ന തലക്കെട്ടോടുകൂടിയാണ് മലയാള മനോരമയടക്കമുള്ള പത്രങ്ങൾ യൂണിയൻ ബജറ്റിനെ വിശേഷിപ്പിച്ചത്. ജന്മഭൂമി ഒഴികെയുള്ള കേരളത്തിലെ മിക്കവാറും എല്ലാ മാധ്യമങ്ങളും ആ നിലയിലാണ് റിപ്പോർട്ട് ചെയ്തത്. കേരളമുന്നയിച്ച 29 ആവശ്യങ്ങളിൽ ഒന്നുപോലും പരിഗണിക്കപ്പെട്ടിട്ടില്ല എന്ന കാര്യം ദേശാഭിമാനിയും മാതൃഭൂമിയും ഉൾപ്പെടെയുള്ള മാധ്യമങ്ങൾ വസ്തുനിഷ്ഠപരമായി രേഖപ്പെടുത്തുകയുണ്ടായി. കേരളത്തോട് വീണ്ടും കടുത്ത അവഗണന എന്ന നിലയ്ക്കാണ് സൂചിപ്പിച്ചത്. എന്നാൽ 'കേന്ദ്രം അവതരിപ്പിച്ച ബജറ്റ് സംസ്ഥാന ബജറ്റ് അല്ല' എന്നാണ് ജന്മഭൂമി പത്രത്തിന്റെ എഡിറ്റോറിയൽ പറഞ്ഞത്. ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങൾക്ക് പദ്ധതികൾ വാരിക്കോരി കൊടുക്കുമ്പോൾ ജന്മഭൂമി പറയുന്നത്, കേരളത്തെക്കുറിച്ച് പരാമർശിക്കാൻ ഇത് സംസ്ഥാന ബജറ്റല്ല എന്നാണ്. കേരളത്തോടുള്ള കേന്ദ്രസർക്കാരിന്റെ അവഗണന കേരളത്തിലെ ജനങ്ങൾ നന്നായി മനസ്സിലാക്കിയിട്ടുണ്ട്. കഴിഞ്ഞ നഗരസഭാ ഇലക്ഷൻ വന്നപ്പോൾ ഇവിടെ പ്രധാനമന്ത്രിയെ അടക്കം കൊണ്ടുവന്ന് തലസ്ഥാന

നഗരത്തിന്റെ വികസന രൂപരേഖ സമർപ്പിക്കുമെന്നാണ് പറഞ്ഞത്. പ്രധാനമന്ത്രി തലസ്ഥാന നഗരം സന്ദർശിച്ച് തിരിച്ചുപോയി. നാളിതുവരെ ഒരു രൂപരേഖയും സമർപ്പിച്ചിട്ടില്ല. ഒരു നഗരപ്രദേശത്തിന്റെ രൂപരേഖ സമർപ്പിക്കാൻ പ്രധാനമന്ത്രി വരുന്നുമെന്ന് പറയത്തക്ക നിലയിലുള്ള വിഡ്ഢിത്തം പുലമ്പുന്നവരായി ഈ നാട്ടിലെ ബി.ജെ.പി.ക്കാർ മാറിയിരിക്കുകയാണ്. കൈരേഖ കാണിച്ച് ഇതാണ് ആ വികസനത്തിന്റെ രൂപരേഖയെന്നും പുതിയ മേയറുടെ ചിത്രത്തിന്റെ നീലനിറത്തിലുള്ള ഒരു പ്രിന്റ്ഔട്ട് കാണിച്ച് വികസനത്തിന്റെ രൂപരേഖ/ബ്ലൂപ്രിന്റ് ഇതാണെന്നും ചില ആളുകൾ പരിഹസിച്ച് പറയുന്ന സ്ഥിതിയുണ്ടായി. പ്രാഥമികമായിപോലും ഒരു നഗരഭരണത്തിൽ കേന്ദ്ര ഗവൺമെന്റിന് നേരിട്ട് പദ്ധതികൾ സമർപ്പിക്കാൻ കഴിയുമോ? ഫെഡറൽ സംവിധാനത്തിൽ സംസ്ഥാന ഗവൺമെന്റ് മുഖാന്തരമാണ് ഇത്തരം കാര്യങ്ങൾ അവതരിപ്പിക്കേണ്ടത്. അതുപോലും ജനങ്ങളെ തെറ്റിദ്ധരിപ്പിക്കാൻ പ്രയോജനപ്പെടുത്തുന്നവരായി ഈ നാട്ടിലെ ബി.ജെ.പി.ക്കാർ മാറുന്നു എന്നുള്ള ചിത്രം നമ്മൾ കാണണ്ടേ? നമ്മളെ സംബന്ധിച്ച് കേന്ദ്ര സർക്കാർ പദ്ധതികളിൽനിന്നും കേരളത്തിന് ലഭിക്കേണ്ട വിഹിതത്തിൽ 2025

സെപ്റ്റംബർ വരെ ഏതാണ്ട് 5783 കോടി രൂപയുടെ കുറവുണ്ടായിരിക്കുകയാണ്. ഇത് വാങ്ങിയെടുക്കാൻ കേരളത്തിൽനിന്നുള്ള കോൺഗ്രസ് എം.പി.-മാർ തയ്യാറാകുന്നുണ്ടോ? വളരെ കൃത്യമായി കേരളത്തിന് വിഹിതങ്ങൾ ലഭിക്കണ്ട എന്നൊരു അജണ്ട കോൺഗ്രസും മുന്നോട്ട് വയ്ക്കുന്നു എന്നത് നമുക്ക് കാണാൻ കഴിയും. അതിന്റെ മറ്റ് വിശദാംശങ്ങളിലേക്ക് ഞാൻ കടക്കുന്നില്ല.

സംസ്ഥാന ബജറ്റിൽ തിരുവനന്തപുരം ഉൾപ്പെടെയുള്ള എല്ലാ നഗരങ്ങൾക്കും പ്രാധാന്യം കൊടുത്തിട്ടുണ്ട്. തിരുവനന്തപുരം നഗരത്തിന് ഈ ഗവൺമെന്റ് പ്രത്യേകമായി പരിഗണന നൽകിയിട്ടുണ്ടെന്നുള്ളത് നമുക്കെല്ലാവർക്കുമറിയാം. തിരുവനന്തപുരം നഗരസഭ ഇപ്പോൾ ബി.ജെ.പി. ഭരണത്തിൻകീഴിലാണെന്ന് നമുക്കെല്ലാവർക്കും അറിയാം. എന്താണ് ഇപ്പോൾ തിരുവനന്തപുരത്തിന്റെ അവസ്ഥ? പത്മനാഭസ്വാമി ക്ഷേത്രത്തിൽ സമീപകാലത്ത് നടന്ന ഏറ്റവും പ്രധാനപ്പെട്ട ഉത്സവമടക്കമുള്ള സമയങ്ങളിൽ നഗരമാകെ ചീഞ്ഞുനാറുന്ന ഒരു സ്ഥിതിവിശേഷമുണ്ടായി. മാത്രമല്ല, ഹരിതകർമ്മ സേനയെയും ഉറവിട വികേന്ദ്രീകൃത സംവിധാനങ്ങളെയും ഉപയോഗപ്പെടുത്തി നഗരത്തിന്റെ മാലിന്യം ഇല്ലാതാക്കാനും സീറോ

വേസ്റ്റിലേയ്ക്ക് എത്തിക്കാനും മുൻകാല ഇടതുഭരണ സമിതികൾ നടത്തിക്കൊണ്ടിരുന്ന എല്ലാ പ്രവർത്തനങ്ങളെയും അട്ടിമറിയ്ക്കുകയാണ്. മാലിന്യം തെരുവോരങ്ങളിൽ നിക്ഷേപിക്കുകയാണ്. ഈ നിലയിൽ തിരുവനന്തപുരം നഗരം ആർജിച്ചിട്ടുള്ള എല്ലാ നേട്ടങ്ങളെയും ഇല്ലാതാക്കാനുള്ള പരിശ്രമമാണ് നടത്തിക്കൊണ്ടിരിക്കുന്നത്. തെരുവുനായശല്യം പരിഹരിക്കാൻ നായ്ക്കളെ ഷെൽട്ടറിലേയ്ക്ക് മാറ്റുമെന്നാണ് പറയുന്നത്. എങ്ങോട്ടേയ്ക്ക് മാറ്റുന്നത്? പണ്ട് വിളപ്പിൽശാല മാലിന്യ സംസ്കരണ പ്ലാന്റ് വന്നപ്പോൾ പ്രദേശവാസികൾക്ക് അതിനോട് എതിർപ്പായിരുന്നു. നഗരത്തിലെ മാലിന്യം ഞങ്ങളുടെ പഞ്ചായത്തിലേക്ക് കൊണ്ടുവരാൻ പാടില്ലെന്നതാണ് അന്നവർ ഉന്നയിച്ചത്. നഗരസഭയുടെ മാലിന്യം അങ്ങോട്ടേയ്ക്ക് കൊണ്ടുവരില്ലെന്നും നിങ്ങൾ പേടിക്കേണ്ടതില്ലെന്നും ഞാൻ മേയർ ആയിരുന്ന ഘട്ടത്തിൽ അവർക്ക് വാക്ക് കൊടുത്തിരുന്നു. വിളപ്പിൽശാലയിൽ മാലിന്യസംസ്കരണ പ്ലാന്റ് തുറക്കാൻ ശ്രമിക്കുന്നില്ല എന്നുപറഞ്ഞപ്പോഴാണ് അവർക്ക് ആശ്വാസമായത്. ഇപ്പോൾ കാണുന്നതെന്താണ്? നഗരസഭാ പരിധിയിൽനിന്ന് പിടിക്കുന്ന നായ്ക്കളെയടക്കം വിളപ്പിൽശാല പഞ്ചായത്ത്

പ്രദേശമായ കരിങ്കുളത്തേയ്ക്ക് കൊണ്ടുപോയി അവിടത്തെ ആളുകൾക്ക് ബുദ്ധിമുട്ടുണ്ടാക്കാൻ ശ്രമിക്കുകയാണ്. ഈ നിലയിൽ നഗരത്തിന്റെ മാലിന്യം കൊണ്ടുപോയി മറ്റ് സ്ഥലങ്ങളിൽ ഡമ്പ് ചെയ്യുക എന്നുള്ള നയമാണ് ഇവിടുത്തെ ബി.ജെ.പി. ഭരണസമിതി സ്വീകരിക്കുന്നത്.

നമ്മുടെ നഗരങ്ങളെക്കുറിച്ച് പറയുമ്പോൾ ഈ ബജറ്റിൽ ഒരു നിർദേശം മുന്നോട്ടുവയ്ക്കുകയാണ്. വാസയോഗ്യവും ഹരിതാഭവും വാക്കിങ് ഫ്രെണ്ട്‌ലിയും ആക്കുന്നതിനും ഉയർന്ന ജീവിത നിലവാരം ഉറപ്പാക്കുന്നതിനും കേരള സ്റ്റേറ്റ് ഡിസൈൻ പോളിസി ബജറ്റിലൂടെ പറയുകയുണ്ടായി. കേരള സ്റ്റേറ്റ് ഡിസൈൻ കൗൺസിൽ ഈ നയം നടപ്പാക്കുന്നതിനായി ആർക്കിടെക്ടുകളെ എംപാനൽ ചെയ്ത് അവരുടെ സഹായത്തോടുകൂടി ജനപ്രതിനിധികൾക്ക് ഈ കാര്യങ്ങളിൽ ഇടപെടാൻ കഴിയുകയാണ്. പ്രത്യേകിച്ച് നഗരമേഖലകളിൽ ഒരു ഡിസൈൻ പോളിസിയുടെ അടിസ്ഥാനത്തിൽ മുന്നോട്ടുപോകുന്നതായിരിക്കും ഭാവി വികസനത്തിന് ഗുണകരമായി മാറുക എന്നത് ജനപ്രതിനിധികൾ വളരെ നാളുകളായി ആവശ്യപ്പെടുന്ന കാര്യമാണ്. അതുകൊണ്ട് ഈ ഡിസൈൻ പോളിസിക്ക് കൂടുതൽ തുക വകയിരുത്തിക്കൊണ്ട് കൃത്യമായ രൂപം നൽകാൻ ബഹുമാനപ്പെട്ട ധനകാര്യ

വകുപ്പുമന്ത്രി തയ്യാറാകണമെന്ന അഭ്യർഥന ഈയവസരത്തിൽ മുന്നോട്ടു വയ്ക്കുകയാണ്.

വട്ടിയൂർക്കാവ് നിയോജകമണ്ഡലത്തെയാണ് ഞാൻ പ്രതിനിധാനം ചെയ്യുന്നത്. കഴിഞ്ഞ ആറ് വർഷംകൊണ്ട് അവിടത്തെ പ്രധാനപ്പെട്ട എല്ലാ വികസന പരിപാടികൾക്കും പരമാവധി സഹായമാണ് എൽ.ഡി.എഫ്. ഗവൺമെന്റ് നൽകിക്കൊണ്ടിരിക്കുന്നത്. വട്ടിയൂർക്കാവിലും പേരൂർക്കടയിലും ഭൂമി ഏറ്റെടുക്കൽ പൂർത്തീകരിച്ചു. ഏതാണ്ട് 560 കോടി രൂപയാണ് ഭൂമി ഏറ്റെടുക്കലിനുവേണ്ടി ഗവൺമെന്റ് നൽകിയതെന്നുള്ളത് ഞാൻ ഈ അവസരത്തിൽ പ്രത്യേകം ഓർമ്മിക്കുന്നു. പേരൂർക്കട, വട്ടിയൂർക്കാവ് ഉൾപ്പെടെയുള്ള ഭാഗത്തെ ടെൻഡർ നടപടികൾ പൂർത്തീകരിച്ച് നിർമ്മാണ ഘട്ടത്തിലേയ്ക്ക് പോകുകയാണ്. 40 വർഷത്തിലേറെയായി ജനങ്ങൾ ആഗ്രഹിക്കുന്ന വികസന പരിപാടികൾ ചുരുങ്ങിയ നാളുകൾകൊണ്ട് സാക്ഷാത്കരിക്കുന്ന ഘട്ടത്തിലേക്ക് എത്തിയിരിക്കുന്നു എന്നുള്ളത് പ്രധാനപ്പെട്ട കാര്യമാണ്. കേന്ദ്രം സൃഷ്ടിക്കുന്ന സാമ്പത്തിക ഉപരോധത്തെ മറികടന്നുകൊണ്ട് കേരളത്തിലെ ജനങ്ങൾക്കാവശ്യമായ എല്ലാ വികസനപരിപാടികൾക്കും ജനങ്ങൾക്കൊപ്പം നിൽക്കുന്ന ഒരു

ഗവൺമെന്റാണ് കേരളം ഭരിക്കുന്നത് എന്നുള്ളത് വളരെ അഭിമാനകരമായി നമുക്ക് പറയാൻ കഴിയും. 140 നിയമസഭാ നിയോജക മണ്ഡലങ്ങളിലും വികസനം കൊണ്ടുവരാൻ ഈ ഗവൺമെന്റിന്റെ കാലത്ത് കഴിഞ്ഞിട്ടുണ്ട്. സ്വാഭാവികമായും കേരളത്തിലെ ജനങ്ങൾ ഒരു വികസനത്തുടർച്ച ആഗ്രഹിക്കുകയാണ്. മൂന്നാം ഭരണത്തിലേക്ക് പോകുന്നതിനാവശ്യമായ എല്ലാ സംവിധാനവും എല്ലാ വികസന പ്രവർത്തനങ്ങളും ഈ ഗവൺമെന്റ് നടത്തുന്നു എന്നുള്ളത് തീർച്ചയായും നമുക്ക് പറയാൻ കഴിയും. 'തുടർച്ചയായി മുന്നോട്ട്' എന്ന മുദ്രാവാക്യം ഉയർത്തി ഈ ഗവൺമെന്റ് മുന്നോട്ട് പോകുമ്പോൾ ഈ നാട്ടിലെ സാധാരണക്കാരായ ജനങ്ങളുടെ എല്ലാ പിന്തുണയും ഗവൺമെന്റിന് ഒപ്പമുണ്ടാകും. പ്രത്യേകിച്ച് വട്ടിയൂർക്കാവ് നിയമസഭാമണ്ഡലമടക്കമുള്ള പ്രദേശങ്ങളിൽ ഗവൺമെന്റ് കൊണ്ടുവന്നിട്ടുള്ള എല്ലാ വികസന പ്രവർത്തനങ്ങൾക്കും എം.എൽ.എ. എന്ന നിലയിൽ അവിടത്തെ ജനങ്ങളുടെ പേരിലുള്ള നന്ദികൂടി ഈയവസരത്തിൽ അറിയിച്ചുകൊണ്ട് ഈ ബജറ്റിനെ പിന്താങ്ങിക്കൊണ്ട് എന്റെ വാക്കുകൾ ചുരുക്കുന്നു.

ശ്രീ. വി. ആർ. സുനിൽ കുമാർ: സർ, ഞാൻ ഈ ബജറ്റിനെ പിന്താങ്ങുന്നു. കേരളത്തിന്റെ പ്രഥമ ബജറ്റ് അവതരിപ്പിച്ച സി. അച്യുതമേനോൻ മുതലുള്ള ഇടതുപക്ഷ നേതാക്കൾക്ക് കേരള മോഡൽ എന്ന ഒരു സ്വപ്നമുണ്ടായിരുന്നു. ബഹുമാന്യനായ മന്ത്രി കെ. എൻ. ബാലഗോപാലിൽ എത്തി നിൽക്കുമ്പോൾ ആ ഉജ്ജ്വല സ്വപ്നം പൂവണിയുന്നതായിട്ടാണ് നാം കാണുന്നത്. സാമൂഹ്യനീതിയിലധിഷ്ഠിതമായ ജാതി-മത-വർണ്ണ-വർഗ വ്യത്യാസങ്ങളില്ലാതെ മലയാളത്തെ ഇന്ത്യയുടെ മുന്നിൽ എത്തിക്കാനുള്ള ആസൂത്രിത നീക്കം എല്ലാവരാലും അംഗീകരിക്കപ്പെട്ടുകഴിഞ്ഞു.

" കേരളം വളരുന്ന പശ്ചിമഘട്ടങ്ങളെ-

ക്കേറിയും കടന്നും ചെന്നന്യമാം രാജ്യങ്ങളിൽ

അറബിക്കടലിനും തൻ തിരക്കൈ കൊണ്ടതി-

ന്നതിരിട്ടൊതുക്കുവാനായതില്ലിന്നോളവും

അറിവും സംസ്കാരവും മേൽക്കുമേലൊഴുകുന്നോ-

രുറവിൻ നികേതമാണിസ്ഥലം പുരാതനം

ഇവിടെപ്പിറക്കുന്ന കാട്ടു പുല്ലിനുമുണ്ട്

ഭുവനം മയക്കുന്ന ചന്തവും സുഗന്ധവും"

എന്ന് മഹാകവി പാലാ നാരായൺനായർ 'കേരളം വളരുന്നു' എന്ന കവിതയിൽ എഴുതിയതുപോലെ, മാനവവിഭവശേഷിയുടെ, സാംസ്കാരിക മുന്നേറ്റത്തിന്റെ, വികസന മികവിന്റെ, ജനകീയാസൂത്രണ മികവിന്റെ മുഖമുദ്രയാണ് ഈ ബജറ്റ്. ഇ.ഡി.-യെയും എൻ.ഐ.എ.-യെയും ഉപയോഗപ്പെടുത്തിക്കൊണ്ട് ഫെഡറൽ സംവിധാനങ്ങളെയെല്ലാം ഇല്ലാതാക്കിക്കൊണ്ടും നികുതിയിനങ്ങളെത്തന്നെ ഇല്ലാതാക്കിക്കൊണ്ടും കേന്ദ്രസർക്കാർ നമ്മുടെ കൊച്ചു കേരളത്തെ ഇല്ലാതാക്കാൻ ശ്രമിക്കുമ്പോൾ, സഖാവ് പിണറായി വിജയന്റെ നേതൃത്വത്തിലുള്ള ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് ഓരോ വ്യക്തിക്കും സമൂഹത്തിനും അനിവാര്യമായിട്ടുള്ളത് എന്താണെന്ന് മനസിലാക്കി വികസന പദ്ധതികളിലൂടെ സർവമേഖലകളിലും മുന്നോട്ട് പോകുകയാണ്. എല്ലാവർക്കും വീട്, എല്ലാവർക്കും പട്ടയം, എല്ലാവർക്കും വൈദ്യുതി, എല്ലാവർക്കും കുടിവെള്ളം, എല്ലാവർക്കും തൊഴിൽ, എല്ലാവർക്കും ഭക്ഷണം, എല്ലാവർക്കും വിദ്യാഭ്യാസം, എല്ലാവർക്കും സൗജന്യ ചികിത്സ, എല്ലാവർക്കും ആരോഗ്യം എന്നീ ലക്ഷ്യങ്ങൾ കൈവരിച്ച്, അതിലുപരി ഈ

കൊച്ചു കേരളത്തെ സുരക്ഷിതമായൊരു സംസ്ഥാനമായി മാറ്റിയെടുക്കാൻ കഴിഞ്ഞുവെന്നതാണ് കേരളത്തിന്റെ ഏറ്റവും വലിയ നേട്ടങ്ങളിലൊന്നായി ഞാൻ കാണാൻ ആഗ്രഹിക്കുന്നത്. ഇന്ത്യാ രാജ്യത്ത് ഇന്നുള്ള പകുതിയിലധികം ജനങ്ങളും വഴിയോരങ്ങളിലും തെരുവോരങ്ങളിലും ബസ് സ്റ്റാൻഡുകളിലും അന്തിയുറങ്ങുന്നവരാണ്. എന്നാൽ ഈ കൊച്ചു കേരളത്തിൽ ശ്രീ. പിണറായി വിജയന്റെ നേതൃത്വത്തിലുള്ള സർക്കാർ ബജറ്റുകളിലൂടെ സാമ്പത്തിക ഭദ്രത ഉറപ്പുവരുത്തി അഞ്ച് ലക്ഷം പേർക്ക് വീട് നൽകിക്കൊണ്ട് 'എല്ലാവർക്കും വീട്' എന്ന ലക്ഷ്യത്തിലെത്തുന്നുവെന്നത് യാഥാർത്ഥ്യമാണ്. ചരിത്രത്തിൽ ആദ്യമായി മൂന്ന് ലക്ഷം പേർക്ക് കേരള സർക്കാർ പട്ടയം വിതരണം ചെയ്തതായി കാണാൻ സാധിക്കും. 'എല്ലാവർക്കും വൈദ്യുതി' എന്ന ലക്ഷ്യത്തിന്റെ ഭാഗമായി ഒരുലക്ഷത്തി അമ്പത്തിരണ്ടായിരം പേർക്ക് പുതുതായി വൈദ്യുതി കണക്ഷൻ നൽകി സമ്പൂർണ്ണ വൈദ്യുതീകരണത്തിലേക്ക് കടന്ന ഏക സംസ്ഥാനം ഏതാണെന്ന് ചോദിച്ചാൽ അത് കേരളമാണെന്ന് അഭിമാനത്തോടുകൂടി നമുക്ക് പറയാൻ സാധിക്കും. പി.എസ്.സി മുഖേന ഏറ്റവും കൂടുതൽ (മൂന്ന്

ലക്ഷം പേർക്ക്) തൊഴിൽ നൽകിയിട്ടുള്ള സംസ്ഥാനമാണിത്. കേന്ദ്ര സർക്കാരിന്റെ കണക്കുകൾ പരിശോധിച്ചാൽ, 60 ശതമാനം പേർക്കും തൊഴിൽ നൽകിയിട്ടുള്ള ഏക സംസ്ഥാനം ഏതാണെന്ന് ചോദിച്ചാൽ അത് ഈ കൊച്ചു കേരളമാണെന്ന് നമുക്ക് അഭിമാനത്തോടുകൂടി പറയാൻ സാധിക്കും. മറ്റ് സംസ്ഥാനങ്ങളിൽ സംവരണ തത്വങ്ങൾ അട്ടിമറിച്ചുകൊണ്ട് നിയമനങ്ങൾ നടക്കുമ്പോൾ, ഒരു സംവരണവും അട്ടിമറിക്കപ്പെടാതെ, എസ്.സി. സംവരണം ഉൾപ്പെടെ, എല്ലാ സംവരണ വ്യവസ്ഥകളും കൃത്യമായി പാലിച്ചുകൊണ്ട് നിയമനങ്ങൾ നടത്തിയിട്ടുള്ള ഏക സംസ്ഥാനമേതാണെന്ന് ചോദിച്ചാൽ അതും ഈ കൊച്ചു കേരളമാണെന്ന് തീർച്ചയായും പറയാൻ സാധിക്കും.

എല്ലാവരിലേക്കും ഭക്ഷണമെത്തുന്നില്ലേ? റേഷൻകടകളിലൂടെ എല്ലാ കാർഡ് ഉടമകൾക്കും റേഷൻ വിതരണം നടത്താൻ കഴിയുന്ന ഏക സംസ്ഥാനമാണ് കേരളം. ഇന്ത്യാ രാജ്യത്ത് പട്ടിണികിടന്ന് മരണപ്പെടുന്നവരുടെ എണ്ണം വർധിച്ചുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ

പട്ടിണിയില്ലാതെ ജീവിക്കാൻ കഴിയുന്ന ഏക സംസ്ഥാനമായി കേരളം മാറിയിട്ടുണ്ടെങ്കിൽ അതിന് കാരണം നമ്മുടെ റേഷൻ കടകളിലൂടെയും മാവേലിസ്റ്റോറുകളിലൂടെയും മിതമായ നിരക്കിൽ, കൃത്യതയോടെ ഭക്ഷ്യധാന്യ വിതരണം നടത്താൻ കഴിഞ്ഞതിനാലാണ്. പട്ടിണിയില്ലാതെ മനുഷ്യന് ജീവിക്കാൻ കഴിയുന്നു എന്നതുതന്നെയാണ് കേരളത്തിന്റെ വികസന മാതൃകയായി വിലയിരുത്തപ്പെടുന്നത്. അതിദരിദ്രരില്ലാത്ത നാടായി ഈ കൊച്ചു കേരളത്തെ മാറ്റിയെടുക്കുകയും ലോകത്തിനും ഇന്ത്യാ രാജ്യത്തിനും മറ്റ് സംസ്ഥാനങ്ങൾക്കും മാതൃകയാക്കുകയും ചെയ്തത് സഖാവ് പിണറായി വിജയന്റെ നേതൃത്വത്തിലുള്ള ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരിന്റെ അഭിമാനകരമായ നേട്ടമായി നമുക്ക് കാണാൻ സാധിക്കും. നമ്മുടെ ആരോഗ്യ മേഖലയിൽ ജനകീയ ആരോഗ്യകേന്ദ്രങ്ങൾ മുതൽ മെഡിക്കൽ കോളേജുകൾ വരെയുള്ള ഓരോ സംവിധാനങ്ങളും പരിശോധിക്കുമ്പോൾ വലിയ പുരോഗതിയുണ്ടായിട്ടുണ്ടെന്ന് വ്യക്തമാകും. പ്രതിപക്ഷത്തിരിക്കുന്നവർ ഇന്ന് സർക്കാർ ആശുപത്രികളിൽ ചികിത്സ തേടുന്നുണ്ടെങ്കിൽ ഈ ജനകീയ ആരോഗ്യ കേന്ദ്രങ്ങൾ മുതൽ മെഡിക്കൽ

കോളേജുകൾ വരെയുള്ള സംവിധാനങ്ങളിൽ എത്രത്തോളം മാറ്റങ്ങളാണ് വരുത്തിയിരിക്കുന്നതെന്ന് കാണാൻ സാധിക്കും. ഇന്ത്യാരാജ്യത്ത് സൗജന്യ ചികിത്സ നൽകുന്ന ഏതെങ്കിലും സംസ്ഥാനമുണ്ടോ എന്ന് ചോദിച്ചാൽ, ആറ് ലക്ഷം പേർക്ക് സൗജന്യമായി ചികിത്സ നൽകുന്ന ഒരു കേന്ദ്രമുള്ളത് ഈ കൊച്ചു കേരളത്തിലാണ്. കോടിക്കണക്കിന് രൂപയുടെ ചികിത്സാ ധനസഹായം നൽകുന്ന ഏക സംസ്ഥാനമേതാണെന്ന് ചോദിച്ചാൽ അതും ഈ കൊച്ചു കേരളമാണ്. കിഡ്നി, കാൻസർ രോഗബാധിതർക്ക് മിതമായ നിരക്കിലും സൗജന്യമായും മരുന്നുകൾ നൽകുന്ന ഏക സംസ്ഥാനം ഈ കൊച്ചു കേരളമാണ്. പൊതുജനാരോഗ്യ സംരക്ഷണത്തിനുവേണ്ടി 2500.31 കോടി രൂപയും കാൻസർ രോഗനിർണ്ണയത്തിനും ചികിത്സയ്ക്കുംവേണ്ടി 203 കോടി രൂപയുമാണ് സർക്കാർ ഈ ബജറ്റിൽ വകയിരുത്തിയിട്ടുള്ളത്. കാൻസർ രോഗം ഉൾപ്പെടെയുള്ള മാരക രോഗങ്ങൾ ബാധിച്ചവർക്കുള്ള പെൻഷൻ ആയിരം രൂപയിൽനിന്നും രണ്ടായിരം രൂപയായി വർധിപ്പിച്ച സർക്കാർ ഈ കൊച്ചു കേരളത്തിന്റെ സർക്കാരാണ്. ആരോഗ്യ മേഖലയിൽ

ഈ സർക്കാർ എത്രത്തോളം ശ്രദ്ധ ചെലുത്തുന്നു എന്നുകൂടി നാം മനസ്സിലാക്കേണ്ടതുണ്ട്. ഒന്നുരണ്ട് കാര്യങ്ങൾ ചുരുക്കി പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. പത്ത് വർഷം മുൻപ് കൊച്ചുകേരളത്തിലെ വിദ്യാഭ്യാസ മേഖലയുടെ അവസ്ഥ എന്തായിരുന്നു; ചോർന്നൊലിക്കുന്ന കെട്ടിടങ്ങളുള്ള, ഭൗതിക സാഹചര്യങ്ങളില്ലാത്ത പലപ്പോഴും വിൽപന ചരക്കായി വച്ചിരുന്ന വിദ്യാലയങ്ങളായിരുന്നു നമുക്കുണ്ടായിരുന്നത്. ഇന്ന് ഭൗതിക സാഹചര്യങ്ങളും അക്കാദമിക നിലവാരവും മെച്ചപ്പെടുത്തി, സാങ്കേതികപരമായി നമ്മുടെ കൊച്ചുമക്കളെ വളർത്തിയെടുക്കുന്നതിൽ ഏറെ മുന്നോട്ടുപോയ സംസ്ഥാനമായി പൊതുവിദ്യാഭ്യാസ മേഖലയിൽ ഈ കൊച്ചു കേരളത്തിന്റെ വിദ്യാഭ്യാസ നയങ്ങൾ മാറിയിരിക്കുന്നു. ചരിത്രവും പൈതൃകവും നവോത്ഥാന മൂല്യങ്ങളൊന്നും പഠിപ്പിക്കാതെ പാഠപുസ്തകങ്ങളിൽ കേന്ദ്ര സർക്കാർ വർഗീയത കുത്തിനിറയ്ക്കുമ്പോൾ, ശാസ്ത്ര അവബോധമില്ലാത്ത വിദ്യാർഥികളെ നിർമ്മിച്ചെടുക്കുമ്പോൾ ഇടതുപക്ഷ സർക്കാർ അതിന് ബദലാണ് ഇവിടെ സൃഷ്ടിക്കുന്നത്. ഇവിടെ ചരിത്രം

തന്നെ മാറ്റിയെഴുതാൻ ശ്രമിക്കുകയാണ്. ഗാന്ധിജി, നെഹ്റു ഉൾപ്പെടെയുള്ളവരെയും മുഗൾ വംശത്തിന്റെ ചരിത്രത്തെയും ഇല്ലാതാക്കാൻ ശ്രമിക്കുന്ന പാഠപുസ്തകങ്ങളാണ് കേന്ദ്ര സർക്കാർ കൊണ്ടുവരുന്നത്. ആ പാഠപുസ്തകങ്ങളിലൂടെ ആദ്യത്തെ ശസ്ത്രക്രിയ നടത്തിയത് ഗണപതിയിലൂടെയാണെന്ന രീതിയിലേക്ക്, കോവിഡ് മാറാൻ ചെണ്ടകൊട്ടാൻ പഠിപ്പിക്കുന്ന രീതിയിലേക്ക്, പനിമാറാൻ ഗോമൂത്രം കഴിക്കണമെന്ന് ഐ.ടി. മേധാവി പറയുന്ന രീതിയിലേക്ക്, പുഷ്പക വിമാനമാണ് ആദ്യത്തെ വിമാനമെന്ന് പറയുന്ന രീതിയിലേക്ക്, കൗരവൻമാരാണ് ആദ്യത്തെ ടെസ്റ്റ് ട്യൂബ് ശിശുക്കളെന്ന് പറയുന്ന രീതിയിലേക്ക് പാഠപുസ്തകങ്ങളിലൂടെ കൊച്ചുമക്കളെ പഠിപ്പിക്കാനുള്ള ശ്രമങ്ങളാണ് കേന്ദ്ര സർക്കാർ നടത്തുന്നത്. ഇത്തരം വർഗ്ഗീയതയിലേക്കും അന്ധവിശ്വാസങ്ങളിലേക്കും തിരിച്ചു പോകുമ്പോൾ ഈ കൊച്ചു കേരളത്തിൽ അതിന് ബദലായിട്ടുള്ള ഭരണഘടനയും ശാസ്ത്രവും പഠിപ്പിച്ചുകൊണ്ട് കൊച്ചുമക്കളെ വളർത്തിയെടുക്കാനുള്ള ശ്രമമാണ്

പൊതുവിദ്യാഭ്യാസ മേഖലയിലൂടെയും ഉന്നതവിദ്യാഭ്യാസ മേഖലയിലൂടെയും നടത്തുന്നത്. അയ്യായിരം കോടി രൂപയിലധികം ചെലവഴിച്ചുകൊണ്ട് ഈ വിദ്യാഭ്യാസ മേഖലയിൽ കൊച്ചുമക്കളെ ലോകനിലവാരത്തിലുള്ള കുട്ടികളാക്കി വളർത്തിയെടുക്കുന്നതിനും തൊഴിൽ സാധ്യതകളിലേക്ക് അവരെ കടത്തികൊണ്ടുവരുന്നതിനുമുള്ള ശ്രമങ്ങളാണ് സർക്കാർ നടത്തിയിട്ടുള്ളത്. സർവമേഖലകളിലും അടിസ്ഥാന ജനവിഭാഗങ്ങളെയും പൊതുസമൂഹത്തെയും ചേർത്തുപിടിച്ചുകൊണ്ട് മുന്നോട്ടുപോയിട്ടുള്ള ഒരു സർക്കാരാണ് ഈ സർക്കാർ. എന്തിനാണ് കുറവ് വന്നിട്ടുള്ളത്? പാവപ്പെട്ട എല്ലാ ജനവിഭാഗങ്ങൾക്കുംവേണ്ടി ഈ സർക്കാർ സ്വീകരിച്ചിട്ടുള്ള നിലപാടുകളിലൊന്നാണ് വീട്ടമ്മമാർക്ക് ആയിരം രൂപ നൽകാനുള്ള തീരുമാനം. ചരിത്രപരമായ മാറ്റമല്ലേ അവിടെ കാണാൻ കഴിഞ്ഞിട്ടുള്ളത്? വീട്ടമ്മയെന്ന് പറയുന്നത്, വീട്ടിൽ സ്വന്തം മക്കളെയും ഭർത്താവിനെയും അച്ഛനെയും അമ്മയെയും നോക്കി, രാപ്പകലില്ലാതെ പണിയെടുക്കുന്നവരാണ്. അവർക്ക് തൊഴിലുണ്ടോയെന്ന് ചോദിച്ചാൽ

തൊഴിലുണ്ട്, എന്നാൽ കൂലിയുണ്ടോയെന്ന് ചോദിച്ചാൽ കൂലിയില്ല. വീട്ടമ്മ എന്നാണ് പേര്. അവർക്ക് ആയിരം രൂപ നൽകാൻ തീരുമാനമെടുത്ത സർക്കാരാണിത്. അതുപോലെ ആശാവർക്കർമാർക്കും ആയിരം രൂപ നൽകാൻ തീരുമാനമെടുത്ത സർക്കാരാണിത്. പാചകത്തൊഴിലാളികൾക്ക് അഞ്ഞൂറ് രൂപ നൽകാൻ തീരുമാനമെടുത്തു. എന്നാൽ അത് ആയിരം രൂപയായി വർധിപ്പിക്കണമെന്ന് ഞാൻ ഈ അവസരത്തിൽ സൂചിപ്പിക്കാൻ ആഗ്രഹിക്കുകയാണ്. അതോടൊപ്പം നോൺ-ജേണലിസ്റ്റ് പെൻഷൻ, ആശ്രിത പെൻഷൻ എന്നിവകൂടി വർധിപ്പിക്കണമെന്ന് ഈ അവസരത്തിൽ ഞാൻ സൂചിപ്പിക്കുകയാണ്. ഒരു കാര്യംകൂടി പറഞ്ഞ് അവസാനിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. മുസിരിസ് പൈതൃക പദ്ധതിക്കായി പതിനാല് കോടി രൂപയാണ് ഈ ബജറ്റിൽ വകയിരുത്തിയിട്ടുള്ളത്. പൈതൃകങ്ങളെയും ടൂറിസത്തെയും ചരിത്രത്തെയുമെല്ലാം നമ്മുടെ കൊച്ചുമക്കൾക്കും വിദേശികൾക്കും പഠിക്കാൻ സഹായിക്കുന്ന ഒന്നായിരുന്നു മുസിരിസ് പൈതൃക പദ്ധതി. കൊടുങ്ങല്ലൂർ എന്ന് പറയുന്നത് മുസിരിസ്

പൈതൃക പദ്ധതിയുടെ കേന്ദ്രം കൂടിയാണ്. ഇത് ലോക ചരിത്രത്തിന്റെയും ഇന്ത്യാചരിത്രത്തിന്റെയും കേരള ചരിത്രത്തിന്റെയും ഭാഗമാണ്. അതിലൂടെയാണ് വിശുദ്ധ തോമാശ്ലീഹാ കേരളത്തിൽ വന്നിറങ്ങിയത്. ഞങ്ങളെയെല്ലാം ചേർത്തുപിടിക്കുന്ന ചേരമാൻ ജുമാ മസ്ജിദും ഇന്ത്യയിലെ തന്നെ രണ്ടാമത്തെ കാവായ ദുർഗ്ഗാക്ഷേത്രവും അവിടെയാണ് സ്ഥിതി ചെയ്യുന്നത്. അവിടെയാണ് ജൂതന്മാർ വന്നിറങ്ങിയത്. ഇസ്രായേലിലേക്ക് കടന്നുപോകുമ്പോഴും അവരുടെ പൈതൃകമായിട്ടുള്ള സിനഗോഗ് ഉൾപ്പെടെയുള്ളവ അവിടെയാണ് സ്ഥിതി ചെയ്യുന്നത്. ആ കേന്ദ്രം ഒരു പ്രത്യേക പാക്കേജായി പരിഗണിച്ചുകൊണ്ട് ഫണ്ട് അനുവദിക്കണമെന്നുകൂടി ഈ അവസരത്തിൽ സൂചിപ്പിച്ചുകൊണ്ട്, ഈ ബജറ്റിനെ പിന്താങ്ങികൊണ്ട് ഞാൻ എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

ശ്രീ. കെ. യു. ജനീഷ് കുമാർ: സർ, ഞാൻ ഈ ബജറ്റിനെ പിന്തുണയ്ക്കുകയാണ്. ജനാധിപത്യത്തെ അങ്ങേയറ്റം അവഹേളിക്കുന്ന സമീപനമാണ് കേരളത്തിലെ പ്രതിപക്ഷത്തിന്റെ ഭാഗത്തുനിന്നുണ്ടാകുന്നത്.

ചോദ്യോത്തര വേളയിൽ ലക്ഷക്കണക്കിന് തൊഴിലുറപ്പ് തൊഴിലാളികളുടെ പ്രശ്നങ്ങൾ ഈ സഭയിൽ അവതരിപ്പിക്കുന്നതിനെ തടസ്സപ്പെടുത്തുന്ന രീതിയിലുള്ള മോശപ്പെട്ട സമീപനമാണ് കേരളത്തിലെ പ്രതിപക്ഷത്തിന്റെ ഭാഗത്തുനിന്നുണ്ടാകുന്നത്. ഇവർ ആരെ സഹായിക്കാനാണ് ഇങ്ങനെ ചെയ്യുന്നതെന്നുള്ള സംശയം നിലനിൽക്കുകയാണ്. കേന്ദ്ര ബജറ്റും സംസ്ഥാന ബജറ്റുമൊക്കെ താരതമ്യം ചെയ്യുന്ന സമയമാണിത്. കേരളത്തിലെ റബ്ബർ കർഷകരെ ചേർത്തുപിടിക്കുന്ന ബജറ്റാണ് കേരള സർക്കാരിന്റേത്. എന്നാൽ റബ്ബർ കർഷകരെയും നെൽകർഷകരെയും ആശാവർക്കർമാരെയും കാണാതെ പോകുന്ന കേന്ദ്ര സർക്കാരിന്റെ ബജറ്റിനെ വിമർശിക്കാനെങ്കിലും പ്രതിപക്ഷത്തിന് ഈ സമയം ഉപയോഗിക്കാമായിരുന്നു. എന്നാൽ ബി.ജെ.പി.-യെ സഹായിക്കുന്നതിനുവേണ്ടിയുള്ള സമീപനമാണ് കേരളത്തിലെ പ്രതിപക്ഷം സ്വീകരിച്ചുവരുന്നത്.

ശബരിമലയുടെ പേരിൽ പുകമറ സൃഷ്ടിക്കാനാണ് പ്രതിപക്ഷം ശ്രമിക്കുന്നത്. പോറ്റിയെ ശബരിമലയിൽ കയറ്റിയത് ആരാണെന്ന് എല്ലാവരും മനസ്സിലാക്കികഴിഞ്ഞു. ബാംഗ്ളൂരിലെ ഒരു അമ്പലത്തിലെ

പൂജാരിയായിരുന്ന ശ്രീ. ഉണ്ണിക്കൃഷ്ണൻ പോറ്റിയെ ശബരിമലയിൽ കൊണ്ടുവന്നത് 2004-ലാണ്. ആരാണ് ഉണ്ണിക്കൃഷ്ണൻ പോറ്റിയെ കൊണ്ടുവന്നത്? ഇന്ത്യയിലെ കോൺഗ്രസിന്റെ പ്രമുഖനായ നേതാവ് ശ്രീ. കെ. സി. വേണുഗോപാൽ ഇവിടെ ദേവസ്വം വകുപ്പുമന്ത്രിയും ദേവസ്വം ബോർഡിൽ ശ്രീ. രാമൻ നായരുടെ നേതൃത്വത്തിലുള്ള ഭരണസമിതി അധികാരത്തിലിരിക്കെയാണ് ശബരിമലയിൽ പോറ്റിയെ കൊണ്ടുവന്നത്. അതിനുശേഷം 2014-ൽ ശബരിമലയിലെ കീഴ്ശാന്തിയായി നിയമിക്കപ്പെട്ടപ്പോഴും യു.ഡി.എഫ്.-ന്റെ ഗോവിന്ദൻ നായരുടെ ബോർഡായിരുന്നു അവിടത്തെ ഭരണസമിതി. ശബരിമലയുടെ പേരിൽ ഇടതുപക്ഷത്തിന് ഒന്നും മറയ്ക്കാനില്ല. ഓരോ ദിവസവും പുറത്തുവരുന്ന ചിത്രങ്ങൾ കണ്ടിട്ട് ഇവർക്ക് എന്തെങ്കിലും മറുപടി പറയാനുണ്ടോ? നമ്മൾ രാവിലെ ഉയർത്തിക്കാട്ടിയ ചിത്രത്തിൽ സി.പി.ഐ.(എം.)-ന്റെ ഏതെങ്കിലും ബ്രാഞ്ച് സെക്രട്ടറിയുടെ വീട്ടിൽ പോറ്റിയെത്തിയതല്ല. പോറ്റി മാത്രമല്ല, ഇത് വാങ്ങിയ ആളായ ശ്രീ. ബെല്ലാരി ഗോവർദ്ധനുമുണ്ട്. ഇത് ശ്രീമതി സോണിയ ഗാന്ധിയുടെ വസതിയാണ്. (ചിത്രം ഉയർത്തിക്കാട്ടി) എന്താണ് മറുപടി? നിരവധി ചിത്രങ്ങൾ വന്നു. ബ്രേസ്‌ലെറ്റുൾപ്പെടെ കെട്ടികൊടുക്കുന്ന

ചിത്രങ്ങൾ വരുന്നു. ഇതുസംബന്ധിച്ച് ഇവർക്ക് എന്തെങ്കിലും പറയാനുണ്ടോ? ഇവർക്ക് യാതൊരു മറുപടിയും പറയാനില്ല. കോന്നിയിലെ മുൻ എം.എൽ.എ.-യും യു.ഡി.എഫ്. കൺവീനറുമായിരുന്ന വ്യക്തി പലയിടത്തും പോകുന്ന നിരവധി ചിത്രങ്ങളും വാർത്തകളുമൊക്കെ വരുന്നു. ഓരോ ദിവസവും വ്യത്യസ്തമായ രീതിയിലാണ് പ്രതിപക്ഷം മറുപടി പറയുന്നത്. ഞാൻ എല്ലാ ചിത്രത്തെയുംക്കുറിച്ച് പറയുന്നില്ല. ബാംഗ്ലൂരിൽ പോകുന്നതും ഡൽഹിയിൽ പോകുന്നതുമായ നിരവധി ചിത്രങ്ങളുണ്ട്. അദ്ദേഹം ഉപഹാരം വാങ്ങുന്നൊരു ചിത്രത്തെക്കുറിച്ച് ചോദിച്ചപ്പോൾ അത് ഈന്തപ്പഴമാണെന്നാണ് പറഞ്ഞത്. അത് ഈന്തപ്പഴമായിക്കോട്ടേ. നമുക്ക് സംശയമില്ല. ഈന്തപ്പഴത്തെക്കാളും മധുരമുള്ള ധാരാളം പഴങ്ങളുള്ള നാടാണ് കോന്നി. അദ്ദേഹം പറഞ്ഞിരുന്നുവെങ്കിൽ ഇതിലും മധുരമുള്ള പല പഴങ്ങളും കോന്നിയിൽനിന്നും കൊണ്ടുകൊടുക്കുമായിരുന്നു. ഇതിനെക്കുറിച്ച് യു.ഡി.എഫ്. കൺവീനർക്ക് എന്ത് മറുപടിയാണ് പറയാനുള്ളത്? ഈ കവറിൽ ഈ കാട്ടുകള്ളനോട് വാങ്ങിയതിന് എന്താണ് മറുപടി പറയാനുള്ളത്? (ചിത്രം ഉയർത്തിക്കാട്ടി). അദ്ദേഹത്തിന് ഇന്നുവരെ അക്കാര്യത്തിൽ മറുപടി പറയാൻ കഴിഞ്ഞിട്ടില്ല. നമുക്കൊന്നും മറയ്ക്കാനില്ല.

അയ്യപ്പന്റെ വാഹനമായ വാജിവാഹനം ആരാണ് എടുത്തു കൊടുത്തത്? ആ വാജിവാഹനം ദേവസ്വത്തിന്റെ സ്വത്താണെന്ന ഉത്തരവുണ്ട്. ആ ഉത്തരവ് നിലനിൽക്കുമ്പോൾ ആ വാജിവാഹനം എടുത്തുകൊടുക്കുകയാണ്. ആർക്കാണ് കൊടുത്തത്? ശ്രീ. അജയ് തറയിൽ കൊടുക്കുകയാണ്. എന്താണ് ഇവർക്ക് മറുപടി പറയാനുള്ളത്? ഇവർ പുകമറ സൃഷ്ടിക്കാൻ വേണ്ടി ശ്രമിക്കുകയാണ്. പക്ഷേ അയ്യപ്പൻ ഇതെല്ലാം മനസ്സിലാക്കുന്നുണ്ട്. അയ്യപ്പൻ അയ്യപ്പന്റെ നാട്ടിൽനിന്നും കോൺഗ്രസിനെ തൂത്തെറിഞ്ഞു. ക്ഷേത്രം സ്ഥിതിചെയ്യുന്ന ശബരിമല വാർഡിൽ കഴിഞ്ഞ കുറെക്കാലം ബി.ജെ.പി.-യും അതിനുമുമ്പ് കോൺഗ്രസുമായിരുന്നു ഭരിച്ചിരുന്നത്. ഇത്തവണ അവിടെ വാർഡ് മെമ്പറെ തിരഞ്ഞെടുത്തത് അയ്യപ്പനാണ്. സി.പി.ഐ.(എം.)-ഉം ബി.ജെ.പി.-യും തുല്യമായി വന്നപ്പോൾ നറുക്കിട്ടു. നറുക്കിട്ടപ്പോൾ അയ്യപ്പന്റെ ഇടപെടൽ ഇല്ലായിരുന്നെങ്കിൽ അവിടത്തെ സി.പി.ഐ.(എം).-ന്റെ ലോക്കൽ കമ്മിറ്റി അംഗം സഖാവ് ഉത്തമൻ വാർഡ് മെമ്പറായി തിരഞ്ഞെടുക്കില്ലായിരുന്നു. പൊന്നമ്പലമേട്ടിൽ തിരഞ്ഞെടുക്കപ്പെട്ടത് അയ്യപ്പന്റെ നാമധാരികൂടിയായിട്ടുള്ള സി.പി.ഐ.(എം.)-ന്റെ ബ്രാഞ്ച് സെക്രട്ടറി സഖാവ് മണികണ്ഠൻ ആണ്. സീതത്തോട്,

പെരിനാട് എന്നീ പഞ്ചായത്തുകളിൽ ബി.ജെ.പി.-യെയും കോൺഗ്രസിനെയും തുത്തെറിഞ്ഞുകൊണ്ട് ഇടതുപക്ഷം ഭരിക്കുകയാണ്. സീതതോട് എന്റെ പഞ്ചായത്താണ്. അയ്യപ്പന്റെ വളർത്തുനാട്, പന്തളം കൊട്ടാരം സ്ഥിതിചെയ്യുന്ന പന്തളം മുനിസിപ്പാലിറ്റിയെ ബി.ജെ.പി.-യിൽ നിന്ന് പിടിച്ചെടുത്ത് ഇന്നവിടെ ഇടതുപക്ഷം ഭരിക്കുകയാണ്. അയ്യപ്പൻ ഇതെല്ലാം കണ്ടുകൊണ്ടിരിക്കുകയാണ്. നിയമസഭ തിരഞ്ഞെടുപ്പിൽ അയ്യപ്പന്റെ സ്വർണ്ണം കട്ട കോൺഗ്രസിനെ അതിന് ഒത്താശ പാടിയ കോൺഗ്രസിനെ കേരളത്തിൽ നിന്ന് തുത്തെറിയാൻ അയ്യപ്പൻ ഇടപെടും എന്ന കാര്യത്തിൽ എനിക്ക് സംശയമില്ല.

ഞാൻ ഈ ബജറ്റിനെ പിന്തുണയ്ക്കുന്നതിനോടൊപ്പംതന്നെ അടുത്ത സമയത്ത് കേരളത്തിൽ നടത്തിയിട്ടുള്ള ഡെവലപ്പ്മെന്റുകളെക്കുറിച്ച് പറയാൻ ആഗ്രഹിക്കുകയാണ്. കോന്നി മണ്ഡലത്തിൽ പതിനഞ്ചാം നിയമസഭയുടെ ഒന്നാം സമ്മേളനത്തിൽ ഞാൻ തിരുവനന്തപുരത്തേക്കെത്താൻ എനിക്ക് മൂന്നര മണിക്കൂർ വേണമായിരുന്നു. കാരണമെന്താണ്? കോന്നിയിൽനിന്നും പത്തനംതിട്ട-അടൂർ-കൊട്ടാരക്കര വഴി വേണമായിരുന്നു തിരുവനന്തപുരത്തെത്താൻ. പക്ഷേ ഈ പതിനാറാം

സമ്മേളനത്തിൽ ഞാൻ കോന്നിയിൽനിന്നും തിരുവനന്തപുരത്ത് എത്തുന്നത് രണ്ടര മണിക്കൂർ യാത്രചെയ്താണ്. കാരണമെന്താണ്? അമ്പതാണ്ടുകളായി ഞങ്ങളുടെ നാട് ആവശ്യപ്പെട്ടുന്ന മലയോര ഹൈവേ 750 കോടി രൂപ മുടക്കി കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ യാഥാർഥ്യമാക്കി. ഒന്നാം സമ്മേളനത്തിൽ വരുമ്പോൾ അവിടെ എം.എൽ.എ.-യുടെ വാഹനമെന്ന് പറഞ്ഞാൽ എന്റെ വാഹനം മാത്രമായിരുന്നു ആ പ്രദേശത്തുണ്ടായിരുന്നതെങ്കിൽ ഇന്ന് ഈ കേരളത്തിലെ മിക്കവാറും എല്ലാ എം.എൽ.എ.-മാരും മന്ത്രിമാരും യാത്ര ചെയ്യുന്ന മലയോര നാടിന്റെ തലസ്ഥാനമായി എന്റെ കോന്നിയെ മാറ്റിയതിന് ഈ സർക്കാരിനോട് ഞാൻ നന്ദി അറിയിക്കുകയാണ്. അത്ഭുതകരമായ വികസനമാണ് നാടാകെ നടന്നുകൊണ്ടിരിക്കുന്നത്. ഞാൻ ജനപ്രതിനിധിയായി തിരഞ്ഞെടുക്കുമ്പോൾ വലിയ പ്രതിസന്ധിയായിരുന്ന കോന്നിയിലെ റോഡുകൾ. വളരെ മോശപ്പെട്ട റോഡുകളായിരുന്നു. ആ മണ്ഡലത്തെ ചേർത്തുപിടിച്ച ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ 500 കോടിയിലധികം രൂപയാണ് ആ മണ്ഡലത്തിലെ റോഡ് വികസനത്തിന് മാത്രമായി അനുവദിച്ചത്. അവിടത്തെ റോഡുകൾ എല്ലാം ഇന്ന് ആധുനിക

നിലവാരത്തിലേക്ക് മാറിക്കൊണ്ടിരിക്കുകയാണ്. അച്ചൻകോവിലാറിന് കുറുകെ രണ്ട് പാലങ്ങൾ മാത്രമായിരുന്നു മുമ്പുണ്ടായിരുന്നത്. ഈ സർക്കാർ വന്നതിനുശേഷം മൂന്ന് പാലങ്ങൾ യാഥാർത്ഥ്യത്തിലേക്ക് കടക്കുകയാണ്. അയിരവൺ പാലവും ചിറ്റൂർകടവ് പാലവും ആവണിപ്പാറ പാലവുമാണ്. അയിരവൺ പാലത്തിന്റെ നിർമ്മാണം പകുതിയായി. ചിറ്റൂർകടവും ആവണിപ്പാറ പാലവും ടെൻഡർ കഴിഞ്ഞ് ഈ മാസം നിർമ്മാണം ആരംഭിക്കുകയാണ്. പത്തനംതിട്ട ജില്ലയുടെ അഭിമാനമായി മാറിയ കോന്നി മെഡിക്കൽ കോളേജ് പതിറ്റാണ്ടുകളായി നടക്കില്ലെന്ന് പലരും വിധിയെഴുതിയ നാളുകളുണ്ടായിരുന്നു. അവിടെനിന്നാണ് ഈ സർക്കാർ മാസ്റ്റർ പ്ലാൻ തയ്യാറാക്കി അത് യാഥാർത്ഥ്യത്തിൽ എത്തിക്കാൻ കിഫ്ബി പദ്ധതിയിൽ നിന്ന് 352 കോടി രൂപ അനുവദിച്ചത്. ഇന്ന് ആ മലയോര നാടിന്റെ തിലകക്കുറിയായി ആ മെഡിക്കൽ കോളേജ് മാറുകയാണ്. ശബരിമലയുടെ ചരിത്രത്തിലാദ്യമായി ഇത്തവണ ടാങ്കറിലല്ലാതെ കുടിവെള്ളമെത്തിച്ചു. നിലയ്ക്കൽ കുടിവെള്ള പദ്ധതി യാഥാർത്ഥ്യമാക്കുന്നത് വഴി കോടിക്കണക്കിന് രൂപയുടെ ലാഭമാണ് ഇക്കാലത്ത് ശബരിമല സീസണിൽ നമ്മുടെ സർക്കാരിന് ഉണ്ടാക്കിയെടുക്കാൻ കഴിഞ്ഞത്.

അങ്ങനെ ആ നാടിനെ ചേർത്തുപിടിച്ച്, അമ്പതാണ്ടുകളായി ആ നാട് ആഗ്രഹിച്ച എല്ലാ വികസന പദ്ധതികളും യാഥാർത്ഥ്യമാക്കിയ കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരിനെയും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെയും പ്രിയപ്പെട്ട കേരളത്തിലെ ധനകാര്യ വകുപ്പുമന്ത്രിയെയും കോന്നിയിലെ ജനങ്ങൾക്കുവേണ്ടി ഹൃദയത്തിൽനിന്ന് നന്ദി രേഖപ്പെടുത്തികൊണ്ട് ഈ ബജറ്റിനെ ഒരിക്കൽക്കൂടി പിന്തുണച്ചുകൊണ്ട് എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

ചെയർപേഴ്സൺ: ഓർഡർ...ഓർഡർ.... സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2026 ഫെബ്രുവരി മാസം 4-ാം തീയതി ബുധനാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിലേക്കായി സഭ ഉച്ചയ്ക്കുശേഷം 01.09-ന് പിരിഞ്ഞു.)

* * * * *